# സിഐടിയു സന്ദേശം


സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2018 ജനുവരി വോള്യം: 6. ലക്കം: 6



6 ഇന്ത്യ 2017






14 ഒക്ടോബർ വിപ്ലവത്തിന്റെ പ്രസക്തി ഇന്ന്
സീതാറാം യെച്ചൂരി




17 ഇന്ത്യൻ സമ്പദ്ഘടന 2017-ൽ
ജയതി ഘോഷ്

റെയിൽവേ സ്വകാര്യവൽക്കരണം 21
കെ. ഹേമലത

കേന്ദ്ര പൊതുമേഖല ഓഹരി വിറ്റഴിക്കൽ 24
ഡോ. എം.പി. സുകുമാരൻനായർ

മൂലധനത്തിലെ വൈരുദ്ധ്യാത്മകത 28
ഡോ. ടി. ജയരാമൻ

വിലക്കയറ്റം: സർക്കാർ കണക്കും ചന്തകണക്കും 36

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് 38
ടി.പി. രാമകൃഷ്ണൻ

ഇതോ മോഡിയുടെ തിളങ്ങുന്ന നിമിഷം 42
രഘുവീർ ശ്രീനിവാസൻ

കാർഷികമേഖലയും അടിയറ വയ്ക്കുന്നു 45
എൻ. പത്മലോചനൻ

ഭീമ-കൊറേഗാവ് യുദ്ധം 50
ശിവ വിശ്വനാഥൻ

ഗ്രാറ്റുവിറ്റി നിയമഭേദഗതി 52
എസ്.എസ്. അനിൽ



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം



എഡിറ്റോറിയൽ

# ഇന്ത്യ സാമ്രാജ്യത്തത്തിന് കീഴടങ്ങുന്നു

'ജറുസലേം' നഗരം ഇസ്രായേലിന്റെ തലസ്ഥാനമായി പ്രഖ്യാപിച്ച അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ നടപടി പ്രകോപനപരവും പശ്ചിമേഷ്യയെ യുദ്ധക്കളമാക്കാൻ അവസരമൊരുക്കുന്നതുമാണ്. ലോകമനസാക്ഷി ഈ നടപടിക്കെതിരെ പ്രതികരിച്ചു. അമേരിക്കയുടെ സഖ്യശക്തികളായ യൂറോപ്യൻ രാജ്യങ്ങൾ പോലും, ട്രമ്പിന്റെ നടപടിക്കെതിരെ പരസ്യമായി രംഗത്ത് വന്നു. അമേരിക്കൻ ജനത ട്രമ്പിനെതിരെ പ്രതിഷേധവുമായി തെരുവിലിറങ്ങി. എക്കാലത്തും പലസ്തീൻ ജനതയോടൊപ്പമായിരുന്ന ഇന്ത്യ ഈ ഘട്ടത്തിൽ വിസ്മയകരമായ മൗനത്തിലായിരുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തോടുള്ള വിധേയത്വം തെളിയിക്കുന്ന വിധമായിരുന്നു മോഡി സർക്കാരിന്റെ നിലപാട്.

ട്രമ്പിന്റെ നിലപാടിനെതിരെ ഐക്യരാഷ്ട്രസഭ ഉറച്ച നിലപാടാണ് സ്വീകരിച്ചത്. യമൻ, തുർക്കി എന്നീ രാജ്യങ്ങൾ മുൻകൈ എടുത്ത് കൊണ്ടുവന്ന അമേരിക്കൻ നിലപാടിനെ എതിർകൊണ്ടുള്ള പ്രമേയം ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി 9 നെതിരെ 128 വോട്ടുകൾക്ക് അംഗീകാരം നൽകി. 35 രാഷ്ട്രങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ടു നിന്നു. 21 രാജ്യങ്ങൾ വോട്ടെടുപ്പിന് ഹാജരായില്ല. അമേരിക്കക്ക് തൊട്ടടുത്തുള്ളതും ദീർഘകാലമായി അടുത്ത ബന്ധം പുലർത്തുന്നവരുമായ കാനഡ, മെക്സിക്കോ എന്നീ രാഷ്ട്രങ്ങൾ, അമേരിക്കക്കനുകൂലമായി വോട്ട് ചെയ്യാതിരുന്നത് എല്ലാവരെയും അത്ഭുതപ്പെടുത്തി. നോർത്ത് അമേരിക്കൻ ഫ്രീ ട്രേഡ് എഗ്രിമെന്റ് (NAFTA) എന്ന സഖ്യത്തിലുള്ളവരാണ് ഈ രാജ്യങ്ങൾ. അമേരിക്കന്റെ ഭീഷണിയെ വകവെക്കാത്ത നിലപാടാണ് ഈ രാജ്യങ്ങൾ സ്വീകരിച്ചത്.

യുഎൻ ജനറൽ അസംബ്ലിയിൽ ജറുസലേം പ്രശ്നത്തിൽ വോട്ടെടുപ്പ് നടക്കുന്നതിന് മുമ്പ് അമേരിക്ക പല രാഷ്ട്രങ്ങളെയും ഭീഷണിപ്പെടുത്തിയിരുന്നു. അമേരിക്കൻ നിലപാടിനെ എതിർത്താൽ ഭാവിയിൽ ഒരു സഹായവും നൽകില്ല എന്നായിരുന്നു ഭീഷണി. ഐക്യരാഷ്ട്ര സഭക്കുള്ള സഹായങ്ങൾ നിർത്തലാക്കുമെന്നും ഭീഷണി ഉയർത്തി. 8 രാഷ്ട്രങ്ങൾ പ്രമേയത്തെ എതിർത്തതും ഏതാനും രാഷ്ട്രങ്ങൾ വോട്ടെടുപ്പിൽ വിട്ടുനിന്നതും അമേരിക്കൻ ഭീഷണി കാരണമാണ്.

ഇന്ത്യ കുറച്ച് കാലമായി പാലസ്തീൻ പ്രശ്നത്തിൽ പഴയ നിലപാടിൽ നിന്ന് മാറാൻ ആരംഭിച്ചിരുന്നു. നവ- ഉദാരവൽക്കരണ നയങ്ങളുടെ കാലത്താണ് ഇന്ത്യ ഈ മാറ്റം തുടങ്ങിയത്. 2-ാം യുപിഎ സർക്കാർ കാലത്താരംഭിച്ച നയം മാറ്റം ബിജെപി ഭരണത്തിൽ ഏകദേശം പൂർത്തിയായി. ആദ്യമായി ഇന്ത്യൻ പ്രധാനമന്ത്രി ഇസ്രായേൽ സന്ദർശിച്ചു. ഇസ്രായേലുമായി നയതന്ത്രബന്ധം ഉറപ്പിച്ചു. ആയുധ കരാറുകളിൽ ഒപ്പ് വെച്ചു. ഈ പശ്ചാത്തലത്തിൽ വേണം ജറൂസലേം പ്രശ്നത്തിൽ ഇന്ത്യ കൈക്കൊണ്ട നിലപാടിനെ കാണേണ്ടത്.

സ്വതന്ത്ര ഭാരതം, തുടക്കം മുതലേ ഇസ്രായേലിനെ എതിർക്കുന്ന നിലപാടാണ് സ്വീകരിച്ച് പോന്നത്. 1949 ൽ ഇസ്രായേലിന് യുഎൻ അംഗത്വം നൽകുന്നതിനെ ഇന്ത്യ എതിർത്തു. 1956 ൽ ഇന്ത്യ ഇസ്രായേലിനെ അംഗീകരിച്ചുവെങ്കിലും, നയതന്ത്രബന്ധം സ്ഥാപിച്ചില്ല.

"പലസ്തീൻ അറബികൾക്ക്, ഇംഗ്ലണ്ട് ഇംഗ്ലീഷുകാർക്ക്, ഫ്രാൻസ് ഫ്രഞ്ചുകാർക്ക്, ജൂതന്മാരെ അറബികൾക്ക് മേൽ കുടിയിരുത്തുന്നത് തെറ്റാണ്" ഇതായിരുന്നു ഗാന്ധിജി പറഞ്ഞത്.

എന്നാൽ 1950 ൽ ഇന്ത്യ ഇസ്രായേലിനായി ഒരു വാതിൽ ഭാഗികമായി തുറന്നു. ഇസ്രായേലിന് ബോംബെയിൽ ഒരു ട്രേഡ് ഓഫീസ് തുറക്കാൻ അനുമതി നൽകി. ഇത് പിന്നീട് 1953 ൽ ഇസ്രായേൽ കോൺസുലേറ്റായി. അതേസമയം, അറബ് ലോകത്തിന് പുറത്ത്, പിഎൽഒയെ അംഗീകരിച്ച ആദ്യ രാജ്യം ഇന്ത്യയായിരുന്നു. "പലസ്തീൻ ജനതയുടെ യഥാർത്ഥ പ്രതിനിധികൾ" എന്നായിരുന്നു പിഎൽഒ യെ ഇന്ത്യ വിശേഷിപ്പിച്ചത്. 1974 ൽ ഐക്യരാഷ്ട്ര സഭയിൽ പിഎൽഒ (പാലസ്തീൻ

വിമോചന മുന്നണി) ക്ക് പ്രവേശനം ലഭിച്ചു. 1975 ൽ ഡൽഹിയിൽ പിഎൽഒക്ക് ഓഫീസ് തുറക്കാൻ അനുമതി നൽകി. 1975 ൽ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യ സിയോണിസത്തിനെതിരെ വോട്ട് ചെയ്തു. 1980 ൽ പിഎൽഒക്ക് പൂർണ നയതന്ത്ര പദവി നൽകുകയും ചെയ്തു. 1988 ൽ പിഎൽഒ എംബസി ഡൽഹിയിൽ ആരംഭിച്ചു. 1996 ൽ ഇന്ത്യൻ ഫോറിൻ സർവീസസ് പാലസ്തീന്റെ ഗാസയിൽ ഓഫീസ് തുറന്നു.

1991 മുതലാണ് മുകളിൽ പറഞ്ഞ വിധത്തിലുള്ള ബന്ധത്തിൽ മാറ്റം വന്നു തുടങ്ങിയത്. ഇന്ത്യ ആഗോളവൽക്കരണ നയം സ്വീകരിച്ചതോട, അമേരിക്കയുമായുള്ള ബന്ധം ശക്തിപ്പെടാൻ തുടങ്ങി. സോവിയറ്റ് യൂണിയന്റെ തകർച്ച പുതിയ സാഹചര്യത്തിന് സഹായകരമായിരുന്നു. ഇസ്രായേലുമായി ഇന്ത്യ പതുക്കെ അടുക്കാൻ തുടങ്ങി. 1998 ൽ ബിജെപി സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ നടപടിക്ക് വേഗത കൂടി. വാഷിംഗ്ടൺ– ടെൽഅവീവ്– ഡൽഹി അച്ചുതണ്ട് രൂപം കൊണ്ടു. കമ്യൂണിസത്തിനും ഇസ്ലാമിനും എതിരെ ആയിരുന്നു ഈ അച്ചുതണ്ട്. സാമുവൽ ഹണ്ടിംഗ്ടൺ എന്ന സാമ്രാജ്യത്വ സാമ്പത്തിക ശാസ്ത്രജ്ഞൻ വിശേഷിപ്പിച്ച "യാഥാസ്ഥിതിക രാഷ്ട്രീയ" ത്തിനെതിരായ കൂട്ടുകെട്ടായിരുന്നു മുകളിൽ പറഞ്ഞത്.

2000 ൽ അന്നത്തെ രാജ്യരക്ഷാ മന്ത്രി ജസ്വന്ത് സിംഗ് ഇസ്രായേൽ സന്ദർശിച്ചു. തദവസരത്തിൽ ജസ്വന്ത് സിംഗ് പറഞ്ഞത്:– "മുസ്ലീം വോട്ട് ബാങ്കിന് വേണ്ടിയാണ് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള ബന്ധം ഊഷ്മളമാവാതിരുന്നത്" എന്നാണ്. ഹിന്ദുത്വ– സയണിസ്റ്റ് കൂട്ടുകെട്ടിന് കളമൊരുങ്ങിയത് ഈ സാഹചര്യത്തിലാണ്. ആർഎസ്എസിന് ഹിറ്റ്ലറുടെ ഫാസിസ്റ്റ് സിദ്ധാന്തങ്ങളോട് അടുപ്പമുള്ളതിനാൽ ജൂതപക്ഷത്തേക്ക് മാറുന്നതിന് പ്രയാസമുണ്ടാക്കിയിരുന്നു. 1939 ൽ വി ഡി സവർക്കർ പറഞ്ഞത് – "ജർമൻകാരും, ജൂതരും ഒരു രാഷ്ട്രമാവില്ല" എന്നായിരുന്നു. "ഇന്ത്യയിലെ മുസ്ലീംകൾക്ക് തൊട്ടടുത്തുള്ള ഹിന്ദുവിനേടുള്ളതിനേക്കാൾ താല്പര്യം, രാജ്യത്തിന് പുറത്തുള്ള മുസ്ലീംകളോടാണ് (സവർക്കർ). നാസികൾ ജൂതന്മാരെ കൈകാര്യം ചെയ്തത് പോലെ, ഹിന്ദുക്കൾ മുസ്ലീംകളെ കൈകാര്യം ചെയ്യണമെന്നായിരുന്നു സവർക്കരുടെ വാദം. സവർക്കറുടെ എഴുത്തുകളിലോ പ്രസംഗങ്ങളിലോ ഒരിടത്തും സാമ്രാജ്യത്വത്തിനെതിരെ ഒരു പരാമർശവുമുണ്ടായിരുന്നില്ല. മുസ്ലീംകളോടുള്ള വെറുപ്പും വിദ്വേഷവും മാത്രമാണ് സവർക്കറുടെ വാദങ്ങളിൽ നിറഞ്ഞ് നിന്നത്.

1956 ൽ ഫെബ്രുവരിയിൽ ജോധ്പൂരിൽ ചേർന്ന ഹിന്ദു മഹാസമ്മേളനത്തിൽ സവർക്കർ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. "ഭാവിയിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു യുദ്ധമുണ്ടായാൽ മുസ്ലീംകളെല്ലാം പാകിസ്ഥാനെ പിന്തുണക്കും. ഇസ്രായേൽ മാത്രമായിരിക്കും നമ്മുടെ മിത്രം. ആയതിനാൽ ഇസ്രായേലിന് അതിവേഗം അംഗീകാരം നൽകണം."

ഏറിയ ഷാരോൺ പ്രധാനമന്ത്രിയാവുന്ന കാലത്ത് പലസ്തീനിൽ ഇസ്രായേൽ ആക്രമണത്തിന് മൂർച്ച കൂടി. കൊലപാതകങ്ങൾ വർധിച്ചു. ഇതേ മാതൃകയാണ് ആർഎസ്എസ് ഇന്ത്യയിൽ ആവർത്തിക്കാൻ ശ്രമിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ പുതിയ ഇസ്രായേൽ നയം.

അറബ് രാജ്യങ്ങളുമായി ദീർഘകാലമായി ഇന്ത്യക്ക് അടുത്ത ബന്ധമാണുള്ളത്. ഇന്ത്യയിൽ നിന്ന് ലക്ഷക്കണക്കിനാളുകൾ അറേബ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. കേരളത്തിൽ നിന്ന് 30 ലക്ഷത്തോളം പേരാണ് ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. അവരുടെ വരുമാനം കേരളത്തിന്റെ സമ്പദ് ഘടനയിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇസ്രായേലിനെ പരസ്യമായി പിന്തുണക്കുന്ന മോഡി സർക്കാരിന്റെ നിലപാട് രാജ്യത്തിന് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും.

സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങൾ സ്വീകരിച്ച ഇന്ത്യ അടുത്ത കാലത്തായി അമേരിക്കൻ സാമ്രാജ്യത്വവുമായി തന്ത്രപരമായ സഖ്യത്തിലേർപ്പെട്ടിരിക്കുകയാണ്. ചൈനയെ വളയുക എന്ന അമേരിക്കൻ തന്ത്രത്തിന്റെ ഭാഗമായ കരാറിൽ ഇന്ത്യ ചേർന്നിരിക്കുകയാണ്. ഇന്ത്യയുടെ അയൽ രാഷ്ട്രമായ ചൈനയുമായുള്ള സൗഹാർദ്ദ ബന്ധത്തെ കണക്കിലെടുക്കാത്ത ബിജെപി സർക്കാരിന്റെ നിലപാടുകൾ രാഷ്ട്ര താല്പര്യത്തിനെതിരാണ്. ചേരിചേരാ നയത്തിൽ നിന്നുള്ള ഇന്ത്യയുടെ പിന്മാറ്റം, ലോക രാഷ്ട്രീയത്തിൽ ഇന്ത്യക്കുള്ള സ്ഥാനം ദുർബലമാക്കും. സാമ്രാജ്യത്വത്തിന് കീഴടങ്ങുന്ന മോഡി സർക്കാർ നയത്തിനെതിരെ അധ്വാനിക്കുന്ന വർഗം ഒറ്റക്കെട്ടായണി നിരക്കണം.




# ഇന്ത്യ 2017

**കറൻസി പിൻവലിക്കൽ, തിരക്കിട്ടുള്ള ജിഎസ്ടി നടപ്പാക്കൽ എന്നിവ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതമാണ് 2017ലെ പ്രധാന വാർത്ത. തീവ്ര ഹിന്ദുത്വ രാഷ്ട്രീയമെന്ന തനതുഗുണം മറയില്ലാതെ പുറത്തെടുക്കുകയാണ് 2017 -ൽ മോദി സർക്കാരും സംഘപരിവാറും ചെയ്തത്. ഭരണഘടനയിൽനിന്ന് 'മത നിരപേക്ഷത' എന്ന വാക്ക് നീക്കം ചെയ്യുമെന്നാണ് കേന്ദ്രമന്ത്രി തന്നെ പറയുന്നത്. പശുവിന്റെ പേരിലുള്ള ആക്രമണങ്ങളും ജെഎൻയുവിലെ വിദ്യാർഥി വേട്ടയും രാജ്യത്തിന്റെ ജനാധിപത്യത്തെ വെല്ലുവിളിക്കുന്നതാണ്. കേരള മുഖ്യമന്ത്രി പിണറായി വിജയന് നേരെ നടന്ന ആർഎസ്എസിന്റെ കൊലവിളിയും മതനിരപേക്ഷ സമൂഹത്തെ അസ്വസ്ഥതപ്പെടുത്തുന്നതാണ്. ജുഡീഷ്യറിക്കെതിരെ ഉയർന്നുവരുന്ന ആക്ഷേപങ്ങൾ രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയിലെ അപചയങ്ങൾ തുറന്നുകാണിക്കുന്നതാണ്.**

കറൻസി പിൻവലിക്കലും തിരക്കിട്ടുള്ള ജിഎസ്ടി നടപ്പാക്കലും ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതമാണ് 2017ലെ സാമ്പത്തിക അവലോകനചർച്ചയിൽ മുഖ്യമായും ഉയർന്നത്. ലോകത്തിൽ ഏറ്റവും വേഗത്തിൽ വളർന്നുകൊണ്ടിരുന്ന ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഇരട്ടപ്രഹരം വലിയ ആഘാതമായി.

2017 ഏപ്രിൽജൂൺ കാലയളവിൽ ജിഡിപി വളർച്ചനിരക്ക് 5.7 ശതമാനത്തിലേക്ക് ഇടിഞ്ഞു. മൂന്നരവർഷ കാലയളവിലെ ഏറ്റവും കുറഞ്ഞ വളർച്ചനിരക്കായിരുന്നു ഇത്. ജൂലൈ സെപ്തംബർ കാലയളവിൽ വളർച്ചനിരക്ക് 6.3ലേക്ക് ഉയർന്നെങ്കിലും സമ്പദ്വ്യവസ്ഥ പ്രതിസന്ധിയിൽതന്നെ. ഉൽപ്പന്നനിർമാണത്തിലും കയറ്റുമതിയിലുമെല്ലാം വലിയ ഇടിവ് 2017ൽ സംഭവിച്ചു. വ്യാപാരകമ്മി ഒക്ടോബറിൽ 35 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തി. കയറ്റുമതിയിലെ ഇടിവാണ് ഈയൊരു സാഹചര്യം സൃഷ്ടിച്ചത്. വേണ്ടത്ര ഒരുക്കങ്ങളില്ലാതെയുള്ള ജിഎസ്ടി നടപ്പാക്കലാണ് കയറ്റുമതിയിലെ ഇടിവിന് കാരണമായത്. ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി സാധ്യതകളെയാണ് ജിഎസ്ടി സൃഷ്ടിച്ച അവ്യക്തതകൾ ദോഷമായി ബാധിച്ചത്. അതേസമയം, ഇറക്കുമതിയിലെ വർധന തുടരുകയും ചെയ്തു. ഇതോടെ വ്യാപാരകമ്മി 896 ശതകോടി രൂപയായി ഉയർന്നു.

തൊഴിൽരംഗത്തുണ്ടായ മാന്ദ്യം കറൻസി പിൻവലിക്കലിന്റെ ബാക്കിപത്രമാണ്. സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമിയുടെ കണക്കുപ്രകാരം 2017 ജനുവരി ഏപ്രിൽ കാലയളവിൽ മാത്രമായി 15 ലക്ഷം തൊഴിൽനഷ്ടം രാജ്യത്ത് സംഭവിച്ചു. ആകെ തൊഴിലുകളുടെ എണ്ണം 40.65 കോടിയിൽനിന്ന് 40.5 കോടിയിലേക്ക് ഇടിഞ്ഞു. ലേബർ ബ്യൂറോയുടെ കണക്കുകളും രാജ്യത്തെ പ്രധാനപ്പെട്ട തൊഴിൽമേഖലകളിലെല്ലാം വ്യാപകമായ തൊഴിൽ നഷ്ടത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അർധരാത്രി പാർലമെന്റ് സമ്മേളനം വിളിച്ചുചേർത്താണ് മോഡിസർക്കാർ ജിഎസ്ടി പ്രഖ്യാപനം നടത്തിയത്. രാജ്യം ഇതേവരെ കണ്ടിട്ടുള്ള ഏറ്റവും വലിയ നികുതിപരിഷ്കാരമായി സർക്കാർ ജിഎസ്ടിയെ വിശേഷിപ്പിച്ചെങ്കിലും വ്യാപാരമേഖലയിൽ വലിയ ആശയക്കുഴപ്പമാണ് പിന്നീട് കണ്ടത്. വ്യത്യസ്ത നികുതിനിരക്കുകളും നിരക്കുകളിൽ തുടർച്ചയായി വരുത്തിയ മാറ്റങ്ങളും ഓൺലൈൻ സംവിധാനത്തിൽ വന്ന പാകപ്പിഴകളും റീഫണ്ടിങ്ങിലെ കാലതാമസവുമെല്ലാം വ്യാപാരസമൂഹത്തെ അസ്വസ്ഥമാക്കി. പല പ്രധാന തൊഴിൽമേഖലകളും സ്തംഭിച്ചു. കറൻസി പിൻവലിക്കലിന് തൊട്ടുപിന്നാലെ വന്ന പരിഷ്കാരമായതിനാൽതന്നെ ജിഎസ്ടി സാമ്പത്തികമേഖലയിലെ പ്രശ്നങ്ങളെ രൂക്ഷമാക്കി. കറൻസി പിൻവലിക്കലിലൂടെ മൂന്നുലക്ഷം കോടിയുടെയെങ്കിലും കള്ളപ്പണം ഇല്ലാതാകുമെന്നായിരുന്നു സർക്കാരിന്റെ അവകാശവാദം.

എന്നാൽ, പ്രചാരത്തിലുണ്ടായിരുന്ന 15.44 ലക്ഷം കോടി 500, 1000 രൂപ നോട്ടുകളിൽ 99 ശതമാനവും തിരിച്ചെത്തിയതായി റിസർവ് ബാങ്ക് അറിയിച്ചതോടെ അവകാശവാദങ്ങൾ പൊള്ളയായി. കള്ളപ്പണവും കള്ളനോട്ടും ഇല്ലാതാക്കൽ, തീവ്രവാദം തുടച്ചുനീക്കൽ, അതിർത്തിസംഘർഷങ്ങൾ അവസാനിപ്പിക്കൽ തുടങ്ങി കറൻസി പിൻവലിക്കലിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളൊന്നുംതന്നെ നിറവേറ്റപ്പെട്ടില്ല.

പെട്രോളിയംവില ബാരലിന് 50 ഡോളറിൽ താഴെയായി നിലനിന്ന ഘട്ടമായിട്ടുകൂടി 2017നെ പ്രയോജനപ്പെടുത്താൻ മോഡി സർക്കാരിനായില്ല. അന്താരാഷ്ട്രവിപണിയിൽ പെട്രോളിയംവില വീണ്ടും ഉയരുന്ന സാഹചര്യത്തിൽ 2018ഉം സർക്കാരിന് വലിയ വെല്ലുവിളിയാകും.

### വിദ്വേഷം അസഹിഷ്ണുത

ലോക്സഭാ തെരഞ്ഞെടുപ്പിന് ഒന്നരവർഷം മാത്രം ശേഷിക്കെ തീവ്രഹിന്ദുത്വ രാഷ്ട്രീയമെന്ന തനതുഗുണം മറയില്ലാതെ പുറത്തെടുക്കുകയാണ് സംഘപരിവാർ. എൻഡിഎ സർക്കാർ മുന്നോട്ടുവച്ച വികസനവാഗ്ദാനങ്ങളെല്ലാം പാളിയ സാഹചര്യത്തിലാണിത്. അയോധ്യപ്രശ്നമടക്കം സജീവമാക്കിയും വർഗീയധ്രുവീകരണം തീവ്രമാക്കിയും കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലെ നേട്ടം ആവർത്തിക്കുകയാണ് ലക്ഷ്യം. ധ്രുവീകരണനീക്കങ്ങൾ രാജ്യത്തെ ന്യൂനപക്ഷ മതവിഭാഗങ്ങളെ കടുത്ത അരക്ഷിതാവസ്ഥയിലേക്കാണ് തള്ളിവിടുന്നത്. ന്യൂനപക്ഷ മതസ്ഥനെന്ന് തിരിച്ചറിയപ്പെട്ടാൽ വർഗീയവാദികൾ കടന്നാക്രമിക്കുന്ന ഒട്ടനവധി സംഭവങ്ങൾ ഉത്തരേന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.

രാജസ്ഥാനിലെ രാജ്സമന്ദിൽ ന്യൂനപക്ഷ മതക്കാരനായ ഒരു  മധ്യവയസ്കനെ ജീവനോടെ ചുട്ടുകൊല്ലുന്ന ദൃശ്യങ്ങൾ രാജ്യം അടുത്തയിടെ നടുക്കത്തോടെ കണ്ടു. ബംഗാളിൽനിന്നുള്ള തൊഴിലാളിയായ മുഹമദ് അഫ്രസുളാണ് ഡിസംബർ ആറിന് മൃഗീയമായി കൊല്ലപ്പെട്ടത്. ശംഭുലാൽ റീഗറെന്ന വർഗീയവാദിയാണ് അഫ്രസുൾ ഒരു പ്രത്യേക മതവിഭാഗക്കാരനെന്ന ഒറ്റക്കാരണത്താൽ മറ്റ് ഒരു






മുൻവൈരാഗ്യവും കൂടാതെ നീചമായ കൊലപാതകം നടത്തിയത്. റീഗറിന്റെ പതിനാലുകാരനായ അനന്തരവൻ ഈ ക്രൂരകൃത്യം മൊബൈലിൽ പകർത്തി സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചു. ജിഹാദ്, ലൗ ജിഹാദ്, പാകിസ്ഥാൻ തുടങ്ങി തന്നെ കൊലപാതകത്തിന് പ്രേരിപ്പിച്ച ഘടകങ്ങൾ റീഗർ വളരെ 'ആത്മാഭിമാനത്തോടെ' വിവരിക്കുന്നു.

റീഗറിനെ പിന്തുണച്ച് സംഘപരിവാർ സംഘടനകൾ സജീവമായി രംഗത്തുവന്നുവെന്നത് സ്ഥിതിഗതികളുടെ ഗുരുതരാവസ്ഥ വെളിപ്പെടുത്തുന്നു. രാജ്സമന്ദിലും സംസ്ഥാനത്തെ മറ്റു പട്ടണങ്ങളിലും റീഗറിനെ പിന്തുണച്ച് പരിവാർ പ്രവർത്തകർ പ്രകടനം നടത്തി. റീഗറിനെ വിട്ടയക്കണമെന്ന് ആവശ്യപ്പെട്ട് വ്യാപകമായ കലാപത്തിനും പരിവാർ സംഘടനകൾ മുതിർന്നു.

ഡൽഹിക്കടുത്ത് ഹരിയാനയിലെ ബല്ലഭ്ഗഡിൽ ജുനൈദ് എന്ന പതിനഞ്ചുകാരൻ കൊല്ലപ്പെട്ടതും ന്യൂനപക്ഷ മതക്കാരനെന്ന ഒറ്റക്കാരണത്താലാണ്. പെരുന്നാൾ തലേന്ന് ഡൽഹിയിലെത്തി വസ്ത്രങ്ങളും മറ്റും വാങ്ങി ട്രെയിനിൽ ബല്ലഭ്ഗഡിലേക്ക് മടങ്ങവെയാണ് ജുനൈദും സഹോദരനും സുഹൃത്തുക്കളും ആക്രമിക്കപ്പെട്ടത്. ഒരു പ്രകോപനവും കൂടാതെയായിരുന്നു ഇവിടെയും ആക്രമണം. ട്രെയിനിൽവച്ച് ഒരു സംഘം വർഗീയവാദികൾ വളഞ്ഞിട്ട് ആക്രമിക്കുകയായിരുന്നു. പശുസംരക്ഷകരെന്ന് അവകാശപ്പെട്ട അക്രമിസംഘമാണ് രാജസ്ഥാനിലെ അൽവാറിൽ പെഹ്ലുഖാൻ, ഉമർഖാൻ എന്നീ ക്ഷീരകർഷകരെ കൊലപ്പെടുത്തിയത്. പശുക്കളെ വാങ്ങി മടങ്ങുംവഴിയാണ് കഴിഞ്ഞ ഏപ്രിൽ ഒന്നിന് പെഹ്ലുഖാൻ കൊല്ലപ്പെട്ടത്.

നവംബർ 11നാണ് മുപ്പത്തഞ്ചുകാരനായ ഉമൻ ഖാൻ കൊല്ലപ്പെട്ടത്. റെയിൽ ട്രാക്കിൽ വെടിയേറ്റ നിലയിൽ കാണപ്പെടുകയായിരുന്നു. അൽവാറിലും സമീപപ്രദേശങ്ങളിലും ന്യൂനപക്ഷ മതസ്ഥർ ആക്രമിക്കപ്പെടുന്ന ഒട്ടനവധി സംഭവങ്ങൾ 2017ൽ ഉണ്ടായി.

ക്രൈസ്തവർക്കുനേരെയും ആക്രമണം വ്യാപകമായിട്ടുണ്ട്. മധ്യപ്രദേശിലും ഉത്തർപ്രദേശിലുമെല്ലാം പള്ളികളിലെ ക്രിസ്മസ് ആഘോഷങ്ങൾക്കുനേരെ ആക്രമണങ്ങളും ഭീഷണിയുമുണ്ടായി. പലയിടത്തും കരോൾസംഘങ്ങൾ ആക്രമിക്കപ്പെട്ടു.

മൂന്നുവർഷ കാലയളവിൽ 2098 വർഗീയസംഘർഷ സംഭവങ്ങളിലായി 278 പേർ കൊല്ലപ്പെട്ടതായാണ് സർക്കാർകണക്ക്. 450 സംഭവങ്ങളിലായി 77 പേർ കൊല്ലപ്പെട്ട യുപിയാണ് വർഗീയകലാപങ്ങളിൽ മുന്നിൽ. മഹാരാഷ്ട്ര, ബിഹാർ, കർണാടക, രാജസ്ഥാൻ, ഗുജറാത്ത് സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. ഭരണഘടനയിൽനിന്ന് 'മതനിരപേക്ഷത' എന്ന വാക്ക് നീക്കം ചെയ്യുമെന്ന് കഴിഞ്ഞദിവസം കേന്ദ്രമന്ത്രി അനന്ത്കുമാർ ഹെഗ്ഡെ പരസ്യമായി പറഞ്ഞു. സംഘപരിവാർ ലക്ഷ്യമിടുന്നത് എന്തെന്ന് മന്ത്രിയുടെ വാക്കുകളിൽനിന്ന് വ്യക്തം.

## നിർഭയം ഗൗരി

ആർഎസ്എസിന്റെയും സംഘപരിവാറിന്റെയും രൂക്ഷവിമർശകയായ മാധ്യമപ്രവർത്തക ഗൗരി ല




ങ്കേഷിനെ സെപ്തംബർ അഞ്ചിന് ബംഗളൂരുവിലെ വീടിനുമുന്നിൽ വെടിവച്ചുകൊന്നു. കൊലയാളികളുടെ ദൃശ്യം സിസി ടിവിയിൽ പതിഞ്ഞെങ്കിലും ഇതുവരെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടില്ല. രാജ്യത്തെങ്ങും വൻപ്രതിഷേധ പ്രകടനങ്ങൾ അരങ്ങേറി. സംഘപരിവാറിനെ അസ്വസ്ഥമാക്കിയതിന്റെ പേരിൽ കൊലചെയ്യപ്പെട്ട ഗോവിന്ദ് പൻസാരെ, നരേന്ദ്ര ധാബോൽക്കർ, എം എം കലബുർഗി എന്നിവരുടെ നിരയിലെ ഏറ്റവും ഒടുവിലത്തെ ജ്വലിക്കുന്ന പ്രതീകമായി ഗൌരി ലങ്കേഷ്.

## സ്വകാര്യത സ്വകാര്യം തന്നെ

ചരിത്രം സൃഷ്ടിക്കുന്ന വിധികളും രാഷ്ട്രീയ, സാമൂഹ്യ മേഖലകളിൽ ചലനമുണ്ടാക്കിയ ഉത്തരവുകളും നിരവധി വിവാദങ്ങളും സൃഷ്ടിച്ച വർഷമായിരുന്നു 2017. സ്വകാര്യത ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൌലികാവകാശംതന്നെയെന്ന് സുപ്രീംകോടതിയുടെ ചരിത്രവിധി. ആധാറിന്റെ ഭരണഘടനാപരമായ സാധുത ചോദ്യംചെയ്തുള്ള ഹർജികൾ പരിഗണിക്കവെയാണ് സ്വകാര്യത മൌലികാവകാശമാണോ എന്ന വിഷയം കോടതി പരിഗണിച്ചത്. സ്വകാര്യതയേക്കാൾ പരിഗണന നൽകേണ്ടത് ആധാർ പോലുള്ള പദ്ധതികൾക്കാണെന്നുള്ള കേന്ദ്ര സർക്കാർ വാദം കോടതി തള്ളി.വ്യക്തികൾക്കും പൌരാവകാശങ്ങൾക്കുമാണ് ഭരണഘടനയുടെ പ്രഥമ പരിഗണനയെന്ന് ഒമ്പതംഗ ഭരണഘടനാബെഞ്ച് പ്രസ്താവിച്ചു.




## ആധാർ ഉത്തരവ്

ബാങ്ക് അക്കൌണ്ടുകളും സർക്കാർ ക്ഷേമപദ്ധതികളും മൊബൈൽഫോണും ഉൾപ്പെടെയുള്ള സേവനങ്ങൾ ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള സമയപരിധി 2018 മാർച്ച് 31ലേക്ക് നീട്ടിയ സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവ് സാധാരണക്കാരുടെ ആശയക്കുഴപ്പം മാറ്റാൻ സഹായമായി.

## മുത്തലാഖ്

മുത്തലാഖ് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതിയുടെ ഭരണഘടനാബെഞ്ച് ഉത്തരവിട്ടത് ദേശീയ, അന്തർദേശീയ തലത്തിൽ ചർച്ചയായി. മുത്തലാഖിന്റെ ഭരണഘടനാസാധുത ചോദ്യം



ചെയ്ത ഹർജികളിൽ ചീഫ് ജസ്റ്റിസ് ജെ എസ് ഖെഹർ അധ്യക്ഷനായ ബെഞ്ചാണ് ചരിത്രവിധി പുറപ്പെടുവിച്ചത്. മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്ന മുസ്ലിംവനിത വിവാഹസംരക്ഷണബില്ലിൽ ലോക്സഭയിൽ പ്രതിപക്ഷ എതിർപ്പ് അവഗണിച്ച് ഈവർഷം അവസാനം പാസാക്കി.

## ഹാദിയക്ക് പഠിക്കാം

രാജ്യവ്യാപകമായി ചർച്ചചെയ്ത ഹാദിയ കേസിൽ സുപ്രീംകോടതിയുടെ നിർണായക ഉത്തരവുണ്ടായി. ഹാദിയയുടെ പഠനം പൂർത്തിയാക്കാൻ അവസരം ഒരുക്കണമെന്ന് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് ഉത്തരവിട്ടു.

## ഗാർഹിക ബലാത്സംഗം

പ്രായപൂർത്തിയാകാത്ത ഭാര്യമാരുമായുള്ള ശാരീരികബന്ധം ബലാത്സംഗമായി കണക്കാക്കണമെന്നും പരാതി ലഭിക്കുന്ന സാഹചര്യത്തിൽ ഭർത്താക്കന്മാർക്കെതിരെ ബലാത്സംഗക്കുറ്റത്തിന് കേസെടുക്കണമെന്നുമുള്ള ജസ്റ്റിസുമാരായ മദൻ ബി ലോക്കൂർ അധ്യക്ഷനായ ബെഞ്ചിന്റെ ഉത്തരവും ശ്രദ്ധേയമായി.



## ജഡ്ജിമാർക്കെതിരെ ചോദ്യങ്ങൾ

മെഡിക്കൽ കോളേജുകളുടെ അംഗീകാരവുമായി ബന്ധപ്പെട്ട കേസിൽ ജഡ്ജിമാർക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിക്കുന്ന ഹർജികൾ പരമോന്നത നീതിപീഠത്തിന്റെ പ്രതിച്ഛായയെ ബാധിച്ചു. ആരോപണമുന്നയിച്ച എൻജിഒയായ സിജെഎആറിന് കോടതി 25 ലക്ഷം രൂപ പിഴ ചുമത്തി.

## സുപ്രധാന വിധികൾ

അയോധ്യഭൂമി കേസിൽ അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം വാദംകേൾക്കണമെന്ന ഹർജിയും സുപ്രീംകോടതി തള്ളി. ഡൽഹി സർക്കാരും കേന്ദ്ര സർക്കാരും തമ്മിലുള്ള അധികാര വടംവലിസംബന്ധിച്ച കേസിൽ വാദങ്ങൾ അവതരിപ്പിക്കാൻ അനുവദിച്ചില്ലെന്ന് ആരോപിച്ച് മുതിർന്ന അഭിഭാഷകൻ രാജീവ്ധവാൻ രാജിവച്ചത് വിവാദമായി. രോഹിൻഗ്യൻ അഭയാർഥികളുടെ വിഷയത്തിൽ മനുഷ്യത്വപരമായ നിലപാട് സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെട്ട സുപ്രീംകോടതി ഗോരക്ഷയുടെ പേരിലുള്ള ആക്രമണങ്ങൾ തടയാൻ കർശനവ്യവസ്ഥകളും പുറപ്പെടുവിച്ചു. ആരുഷി തൽവാർ വധക്കേസിൽ മാതാപിതാക്കളെ അലഹബാദ് ഹൈക്കോടതി വെറുതെ വിട്ടു. 1993 മുംബൈ സ്ഫോടനക്കേസിൽ അബുസലിം ഉൾപ്പെടെയുള്ള പ്രതികളെ മുംബൈ ടാഡ കോടതി ശിക്ഷിച്ചു.

## രാജസ്ഥാനിൽ കർഷകവിജയം

മധ്യപ്രദേശിനും മഹാരാഷ്ട്രയ്ക്കും ഹരിയാന



യ്ക്കും പിന്നാലെ രാജസ്ഥാനിലുണ്ടായ കർഷകപ്രക്ഷോഭം ഐതിഹാസികവിജയം നേടി. അഖിലേന്ത്യാ കിസാൻ സഭയുടെ നേതൃത്വത്തിൽ 13 ദിവസം സംസ്ഥാനത്തെ സമരം നിശ്ചലമാക്കി. ഒടുവിൽ വസുന്ധര രാജെയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ ആവശ്യങ്ങൾ അംഗീകരിച്ചു.

സിക്കറിൽ ആരംഭിച്ച സമരം 20 ജില്ലയിലേക്ക് വ്യാപിച്ചു. 144 പ്രഖ്യാപിച്ചും നേതാക്കളെ അറസ്റ്റ് ചെയ്തും സമരത്തെ അടിച്ചമർത്താനുള്ള ബിജെപി സർക്കാരിന്റെ ശ്രമങ്ങളെ അതിജീവിച്ച് നേടിയ വിജയം രാജ്യത്താകെയുള്ള കർഷകസമരങ്ങൾക്ക് ഊർജം പകരുന്നതാണ്.

മഹാരാഷ്ട്രയിൽ കാർഷികോൽപ്പനങ്ങൾക്ക് ന്യായവില ആവശ്യപ്പെട്ട് പാൽപച്ചക്കറിനെൽക്കർഷകർ നടത്തിയ സംയുക്തകർഷകപ്രക്ഷോഭം മുംബൈ മെട്രോ നഗരത്തെ ദിവസങ്ങളോളം പിടിച്ചുലച്ചു. കാർഷകസംഘടനയായ ഷെത്കാരി സംഘടൻ എൻഡിഎയിൽനിന്ന് പിന്മാറി.

## മധ്യപ്രദേശിൽ 5 കർഷകരെ വെടിവച്ചുകൊന്നു



മധ്യപ്രദേശിൽ ജൂൺ ഏഴിന് നടന്ന കർഷകപ്രക്ഷോഭത്തിനു നേരെ പൊലീസ് നടത്തിയ വെടിവയ്പിൽ 5 പേർ കൊല്ലപ്പെട്ടു.വായ്പ ഇളവും ഉൽപ്പന്നങ്ങൾക്ക് ന്യായവിലയും ആവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭത്തിനുനേരെ പടിഞ്ഞാറാൻ മധ്യപ്രദേശിലെ മന്ദസോർ ജില്ലയിലാണ് വെടിവയ്പുണ്ടായത്

## തമിഴ് കർഷകപ്രക്ഷോഭം

തമിഴ്നാട്ടിൽനിന്നുള്ള കർഷകർ ഡൽഹി ജന്തർ മന്ദറിൽ നടത്തിയ പ്രക്ഷോഭം രാജ്യത്തെ കർഷകരുടെ നീറുന്ന പ്രതിസന്ധികളിലേക്ക് ദേശീയഅന്തർ ദേശീയ ശ്രദ്ധയാകർഷിച്ചു. ആത്മഹത്യചെയ്ത കർഷകരുടെ തലയോട്ടിയേന്തി മൂത്രംകുടിച്ചും മലംഭക്ഷിച്ചും തല മുണ്ഡനംചെയ്തും അവർ കർഷകരുടെ വേദന ലോകത്തോട് വിളിച്ചുപറഞ്ഞു.

## യെച്ചൂരിക്കുനേരെ കാവിഭീകരത

രാജ്യത്താകെ നടമാടുന്ന സംഘപരിവാർ ഭീകരത എ കെ ജി ഭവനിൽ അതിക്രമിച്ചുകയറി ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയെ ആക്രമിക്കും



വരെയെത്തി. ജൂൺ ഏഴിന് പൊളിറ്റ്ബ്യൂറോ യോഗത്തിനുശേഷം വാർത്താസമ്മേളനം നടത്താനെത്തിയ യെച്ചൂരിയെ ഭാരതീയ ഹിന്ദുസേനാ പ്രവർത്തകരാണ് ആക്രമിച്ചത്.

ഉപേന്ദ്രകുമാർ, പവൻ കൗൾ എന്നിവരാണ് ആക്രമണം നടത്തിയത്. മോഡിഭരണത്തിൽ എ കെ ജി ഭവനു നേരെയുണ്ടാകുന്ന മൂന്നാമത്തെ ആക്രമണമാണിത്.

പശുവിന്റെ പേരിലുള്ള ആക്രമണങ്ങളെയും ജെഎൻയുവിലെ വിദ്യാർഥി വേട്ടയെയും ചോദ്യംചെയ്തതാണ് സംഘപരിവാറിനെ പ്രകോപിപ്പിച്ചത്. 2016ൽ എ കെ ജി ഭവനിലേക്ക് തുടർച്ചയായി മാർച്ച് നടത്തുകയും 'പാകിസ്ഥാൻ ഓഫീസ്' എന്നെഴുതിവയ്ക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ആർഎസ്എസുകാരെ കൊല്ലുന്നെന്ന വ്യാജപ്രചാരണം അഴിച്ചുവിട്ട് കേന്ദ്രമന്ത്രിമാരുടെ നേതൃത്വത്തിൽ തുടർച്ചയായി എ കെ ജി ഭവനിലേക്ക് മാർച്ച് നടത്തി.

## പിണറായിക്കുനേരെ കൊലവിളി

മാർച്ച് മൂന്നിന് മധ്യപ്രദേശിലെ ആർഎസ്എസ് നേതാവ് കുന്ദൻ ചന്ദ്രാവത്ത് പിണറായി വിജയനെ കൊലപ്പെടുത്തുമെന്ന് പ്രസംഗിച്ചു. കേരളത്തിലെ ആർഎസ്എസുകാരെ കൊലപ്പെടുത്തുന്നെന്ന് ആരോപിച്ചായിരുന്നു കൊലവിളി പ്രസംഗം. വലിയ പ്രതിഷേധം ഉയർന്നതിനെത്തുടർന്ന് പിന്നിട് ചന്ദ്രാവത്തിനെതിരെ കേസ് എടുത്തു. സംഘപരിവാർ ഭീഷണിയുമായി രംഗത്ത് വന്നെങ്കിലും പിണറായി വിജയൻ ഫെബ്രുവരി 25ന് മംഗളൂരുവിലും മാർച്ച് 19ന് ഹൈദരാബാദിലും പൊതുയോഗത്തിൽ പങ്കെടുത്തു. മംഗളൂരുവിൽ സിപിഐ എം സംഘടിപ്പിച്ച ഐക്യതാറാലിയിലാണ് പ്രസംഗിച്ചത്. തെലങ്കാന സിപിഐ എം സംസ്ഥാന സെക്രട്ടറി വീരഭദ്ര നയിച്ച മഹാജനപദ റാലിയുടെ സമാപനം കുറിച്ച് ഹൈദരാബാദ് സരൂർ നഗർ ഗ്രൗണ്ടിൽ സംഘടിപ്പിച്ച പൊതുയോഗത്തിലാണ് പിണറായി സംസാരിച്ചത്. ഭയപ്പെടുത്തി നിശ്ശബ്ദനാക്കാമെന്ന മോഹം സംഘപരിവാറിന് ഉപേക്ഷിക്കേണ്ടിവന്നു.

## കണ്ണ്ചൂഴ്ന്നെടുക്കാൻ വരുന്നവർ

ഒക്ടോബർ പതിനേഴിന് ബിജെപി ജനറൽ സെക്രട്ടറി സരോജ് പാണ്ഡെ സിപിഐ എമ്മുകാരുടെ കണ്ണ് ചൂഴ്ന്നെടുക്കുമെന്ന് പ്രസംഗിച്ചത് സാമൂഹ്യമാധ്യമങ്ങളിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കി. ആയിരക്കണക്കിനാളുകൾ തങ്ങളുടെ കണ്ണിന്റെ ചിത്രം സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്താണ് പ്രതിഷേധിച്ചത്.



# കണ്ണൂർ ടൗൺ സർവ്വീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ സി-844, ഹെഡ് ഓഫീസ്- കണ്ണൂർ**
**ഫോൺ 0497-2704254, 2704253**
ഇ മെയിൽ- kannurtownscb@yahoo.co.in, Web site- Kannurtownscb.com

## ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബേങ്ക്

- നിക്ഷേപങ്ങൾക്ക് പൂർണ്ണ പരിരക്ഷ, ഉയർന്ന പലിശ നിരക്ക്
- ഉദാര വ്യവസ്ഥയിൽ വായ്പകൾ
- കാർഷികാവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക വായ്പാ പദ്ധതികൾ
- സ്വർണ്ണ പണയ വായ്പ 25 ലക്ഷം രൂപ വരെ. കാർഷികാവശ്യങ്ങൾക്കെങ്കിൽ കുറഞ്ഞ പലിശ.
- സ്വത്തു പണയത്തിന്മേൽ എ, ബി ക്ലാസ് അംഗങ്ങൾക്ക് 50 ലക്ഷം രൂപ വരെ വായ്പ.
- വ്യാപാരികൾക്ക് പരസ്പര ജാമ്യത്തിന്മേൽ 2 ലക്ഷം രൂപ വരെ വായ്പ.
- കുറഞ്ഞ വാടക നിരക്കിൽ എസി, നോൺ എസി കോൺഫറൻസ് ഹാൾ.
- സേഫ് ഡെപോസിറ്റ് ലോക്കർ സൗകര്യം.
- നീതി സ്റ്റോറിൽ 15% വരെ വിലക്കുറവ്
- എൻഇഎഫ്ടി/ആർടിജിഎസ് സൗകര്യം.

**ഇന്ത്യയിൽ എവിടെ നിന്നും ബാങ്കിലേക്ക്**
**നേരിട്ട് പണം അയക്കാവുന്നതാണ്.**

**ബ്രാഞ്ചുകൾ**

| | | |
|---|---|---|
| കണ്ണൂർ മെയിൻ ബ്രാഞ്ച് | - | 2704253 |
| കുഴിക്കുന്ന് | - | 2705076 |
| തയ്യിൽ ബ്രാഞ്ച് | - | 2731339 |
| സിറ്റി ബ്രാഞ്ച് | - | 2731247 |
| കാമ്പസാർ ബ്രാഞ്ച് | - | 2704257 |
| താണ ബ്രാഞ്ച് | - | 2704716 |
| ബർണശേരി ബ്രാഞ്ച് | - | 2707275 |
| തെക്കി ബസാർ സായാഹ്ന ശാഖ | - | 2705926 |
| തയ്യിൽ സായാഹ്ന ശാഖ | - | 2732603 |

**സുഹാസ് ടി**
പ്രസിഡന്റ് (9633456756)

**ബാബുരാജ് സി കെ**
സെക്രട്ടറി (9446655448)

## കേരളം മാതൃക

സംഘപരിവാർ ഭീകരതയെ പ്രതിരോധിക്കാൻ ചങ്കൂറ്റത്തോടെയുള്ള നിലപാടെടുക്കുന്നതിൽ കേരളം രാജ്യത്തിന് മാതൃകയായി മാറി. അതുകൊണ്ടുതന്നെ സിപിഐ എമ്മിനും മുഖ്യമന്ത്രി പിണറായി വിജയനുമെതിരെ കൊലവിളിയുമായി ആർഎസ്എസുകാർ രംഗത്തുവന്നു.

## വെള്ളിത്തിരയിലും വേട്ടയാടൽ




സംഘപരിവാറും ബിജെപിയും ആവിഷ്കാര സ്വാതന്ത്ര്യത്തിനുനേരെ വലിയ ഭീഷണി ഉയർത്തിയ വർഷമാണ് കടന്നുപോയത്. സഞ്ജയ് ലീല ബൻസാലി സംവിധാനം ചെയ്ത 'പത്മാവതി'യിൽ രജപുത്രരെ അപമാനിക്കുന്നെന്ന് ആരോപിച്ച് സിനിമയ്ക്കെതിരെ കർണിസേന എന്ന സംഘടന രംഗത്തെത്തി. സിനിമയുടെ പിന്നണിപ്രവർത്തകർക്കെതിരെയും നായിക ദീപിക പദുകോണിനെതിരെയും വധഭീഷണി ഉയർന്നു. ജിഎസ്ടിയെ വിമർശിച്ചെന്ന് ആരോപിച്ച് വിജയ് ചിത്രം മെർസലിനും ഭിഷണി നേരിട്ടു. സനൽകുമാർ ശശിധരന്റെ സെക്സി ദുർഗയുടെ പേര് എസ് ദുർഗ എന്നു മാറ്റിയിട്ടും സെൻസർ സർട്ടിഫിക്കറ്റ് റദ്ദാക്കി. നൂഡ് എന്ന മറാത്തി ചിത്രവും പ്രദർശനപ്രതിസന്ധി നേരിടുകയാണ്. ഇരുചിത്രങ്ങളും ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ചില്ല.

## യുപിയിലെ ശിശുരോദനം

യോഗി ആദിത്യനാഥ് ഭരിക്കുന്ന ഉത്തർപ്രദേശിലെ സർക്കാർ ആശുപത്രിയിൽ 290 കുട്ടികൾ ജീവവായു കിട്ടാതെ മരിച്ച വാർത്ത സംസ്ഥാനത്തിന്റെ ആരോഗ്യപരിചരണമേഖലയുടെ ദാരുണചിത്രം തുറന്നുകാട്ടി. ഗോരഖ്പുരിലെ ബാബ രാഘവ്ദാസ് മെഡിക്കൽ കോളേജിലെ ഞെട്ടിപ്പിക്കുന്ന സംഭവം ആഗസ്ത് അവസാനമാണ് പുറത്തുവന്നത്.



## ജാർഖണ്ഡിന് വിശക്കുന്നു

ആധാർ ബന്ധിപ്പിക്കാത്തതുമൂലം റേഷൻ കിട്ടാതെ പട്ടിണികിടന്നു മരിച്ച പെൺകുട്ടിയുടെ വാർത്ത ജാർഖണ്ഡിലെ ദാരുണ യാഥാർഥ്യം തുറന്നുകാട്ടി. ജീവൻ നഷ്ടമാകുന്നതിന് തൊട്ടുമുമ്പുപോലും ഒരിറ്റ് ചോറുകിട്ടുമോയെന്ന് പതിനൊന്നുകാരിയായ സന്തോഷികുമാരി ചോദിച്ചെന്ന മാതാപിതാക്കളുടെ വെളിപ്പെടുത്തൽ കരളലിയിക്കുന്നതായി. സംസ്ഥാന തലസ്ഥാനമായ റാഞ്ചിയിൽ നിന്ന് 150 കിലോമീറ്റർ അകലെയാണ് സംഭവം.

## നൊമ്പരമായി കുൽഭൂഷൺ

ചാരവൃത്തി അരോപിച്ച് നാവികസേനാ മുൻ ഉദ്യോഗസ്ഥൻ കുൽഭൂഷൺ ജാദവിനെ പാകിസ്ഥാൻ സേന അറസ്റ്റ് ചെയ്തതും വധശിക്ഷ വിധിച്ചതും ഇന്ത്യക്കും പാകിസ്ഥാനുമടിയിൽ പുതിയതർക്കത്തിന് വഴിയൊരുക്കി. അന്താരാഷ്ട്ര നീതിന്യായ കോടതിയെ സമീപിച്ച ഇന്ത്യക്ക് വധശിക്ഷ തൽക്കാലത്തേക്ക് റദ്ദാക്കാനായി. എന്നാൽ, ഇസ്ലാമാബാദിലെത്തി കുൽഭൂഷണെ സന്ദർശിച്ച അമ്മയ്ക്കും ഭാര്യക്കും നേരിട്ട ദുരനുഭവം പാർലമെന്റിൽ ചർച്ചയായി.

## ജെല്ലിക്കട്ടിനായി തമിഴകം

സുപ്രീംകോടതിയുടെ ജെല്ലിക്കട്ട് നിരോധനത്തോട് തമിഴ് യുവജനതയുടെ പ്രതികരണം ദേശീയ അന്തർദേശീയ ശ്രദ്ധയാകർഷിച്ചു. ജെല്ലിക്കട്ട് അനുകൂല മുദ്രാവാക്യം മുഴക്കി ചെന്നൈ മറീന ബീച്ചിൽ യുവജനങ്ങൾ തമ്പടിച്ചത് വൻ ജനകീയ മുന്നേറ്റമായി മാറി. പ്രക്ഷോഭം ചിലപ്പോഴെല്ലാം കലാപത്തിലേക്ക് വഴിമാറിയെങ്കിലും തമിഴ്പോരാട്ടവീര്യത്തിന്റെ പ്രതീകമായി പ്രക്ഷോഭം വിലയിരുത്തപ്പെട്ടു. എല്ലാ വിഭാഗം ജനങ്ങളും സാമൂഹ്യമാധ്യമങ്ങളും തമിഴ് സിനിമാപ്രവർത്തകരും പ്രക്ഷോഭത്തിൽ അണിചേർന്നു. സംസ്ഥാന സർക്കാർ ജെല്ലിക്കട്ടിന് അനുകൂലമായി ഓർഡിനൻസ് ഇറക്കിയതോടെയാണ് പ്രക്ഷോഭം അവസാനിച്ചത്. ആഗോളവൽക്കരണവിരുദ്ധ മുദ്രാവാക്യങ്ങളും ജെല്ലിക്കട്ടു പ്രക്ഷോഭത്തിൽ മുഴങ്ങി.

## മി ടു ക്യാമ്പയിൻ

ഹോളിവുഡ് നടിമാരെ പിൻപറ്റി ഇന്ത്യയിലും മി ടു ക്യാമ്പയിൻ കരുത്താർജിച്ചു. ഫെയ്സ്ബുക്കും ടിറ്ററുംവഴി നൂറുകണക്കിന് സ്ത്രീകൾ അവർക്ക് അനുഭവിക്കേണ്ടിവന്ന ലൈംഗിക കൈയേറ്റങ്ങളെക്കുറിച്ച് തുറന്നുപറയാൻ തയ്യാറായി.■

# ഒക്ടോബർ വിപ്ലവത്തിന്റെ പ്രസക്തി ഇന്ന്




**ഒക്ടോബർ വിപ്ലവത്തിന്റെ ഉല്പന്നമായ സോവിയറ്റ് യൂണിയൻ ഇന്ന് നിലവിലില്ല. ചരിത്രരേഖകളിലേക്കാണ്ടുപോയ ഒരു സംഭവത്തിന്റെ ശതാബ്ദി എന്തിനാണ് ആചരിക്കുന്നതെന്ന് കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളോട് പലരും ചോദിക്കുന്നുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ മനുഷ്യ സംസ്കാരത്തിന്റെ രൂപമാകെ തിരിച്ചുപോകാനാവാത്ത വിധം മാറ്റുന്നതിൽ സോവിയറ്റ് യൂണിയൻ ഒരു നിർണായക പങ്ക് വഹിച്ചിട്ടുണ്ടാകാം. അതിന്റെ സംഭാവനകളെന്തെന്ന് ഈ ലോകത്തിനാകെ അറിയാം. നാമിന്ന് 21-ാം നൂറ്റാണ്ടിലാണ്. ഇന്ന് ജൈവമല്ലാത്ത ഒരു സംഭവത്തിൽ നിന്ന് എന്താണ് പഠിക്കാനുള്ളത്?**



## സീതാറാം യെച്ചൂരി

**സോ**വിയറ്റ് യൂണിയന്റെ നിലനിൽപ്പ് ഉണ്ടോ ഇല്ലയോ എന്നതിലുപരി ഒക്ടോബർ വിപ്ലവത്തിന് ലോകത്ത് മാനുഷിക കുലത്തിന്റെ മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിലെ നാലു ഘടകങ്ങളിൽ അതീവ പ്രാധാന്യമുണ്ട്. ജനകീയ വിമോചനത്തിനായുള്ള സമരത്തിൽ ഈ നാലുഘടകങ്ങൾ ഇന്നും പ്രസക്തമാണ്.

a) മുതലാളിത്ത വികസനത്തിന്റെ നിയമങ്ങളെ അടിസ്ഥാനപ്പെടുത്തി മാർക്സിന്റെ തത്വങ്ങളിലൂന്നി മാർക്സിസ്റ്റ് ധാരണ പ്രകാരം ലെനിൻ മുതലാളിത്തത്തിന്റെ സാന്ദ്രതയും കേന്ദ്രീകരണവും കുത്തക മുതലാളിത്തത്തിന്റെ സൃഷ്ടിയിലേക്കും അതൊടുവിൽ സാമ്രാജ്യത്തത്തിലേക്കും എത്തുമെന്ന് ചൂണ്ടിക്കാട്ടി. എല്ലാ ഉൾപിരിവുകളുടെയും മധ്യത്തിലും സാമ്രാജ്യത്വം ലോകത്തെയാകെ മുതലാളിത്തചൂഷണത്തിന്റെ അച്ചാണിയിൽ തളച്ചിട്ടിരിക്കയാണെന്നും അതൊടൊപ്പം ലോകത്തിലെ വിഭവങ്ങളുടെ നിയന്ത്രണത്തിനുമേൽ അതി ഭീകരമായ വൈരുദ്ധ്യം സാമ്രാജ്യത്ത ശക്തികൾക്കിടയിൽ നിലനിൽക്കുന്നുവെന്നും കാണാം. സാമ്രാജ്യത്ത ശക്തികൾക്കിടയിലെ ഏറ്റവും ദുർബലമായ കണ്ണി പൊട്ടിക്കാനുള്ള സാധ്യതയെപ്പറ്റിയുള്ള സൈദ്ധാന്തിക സ്ഥിതി ലെനിൻ മുന്നോട്ടു വച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തെ രണ്ടു ദശകങ്ങളിൽ, ഒന്നാം ലോക മഹായുദ്ധം കൊടുമ്പിരികൊണ്ട ഘട്ടത്തിൽ സാധ്യതയുള്ള ഏറ്റവും ദുർബലമായ കണ്ണി റഷ്യയായിരുന്നു. റഷ്യൻ തൊഴിലാളി വർഗത്തിന് സാമ്രാജ്യത്തങ്ങൾ തമ്മിലുള്ള യുദ്ധം നടന്ന ഈ അവസരം മോചനത്തിനുള്ള സാമൂഹ്യയുദ്ധമാക്കാൻ ഉപയുക്തമായി. ഇന്നും ഏതൊരു രാജ്യത്തും വിപ്ലവകരമായ മുന്നേറ്റം സാധ്യമാകണമെങ്കിൽ സാമ്രാജ്യത്തത്തിനെതിരെ അതിശക്തമായ ചെറുത്തു നിൽപ്പ് അനിവാര്യമാണ്.

അന്താരാഷ്ട്ര ധനമൂലധനത്തിന്റെ നേതൃത്വത്തിൽ ഇന്ന് ലോകത്ത് നടക്കുന്ന സാമ്രാജ്യത്ത ആഗോളവൽക്കരണത്തിൽ സാമ്രാജ്യത്ത ശക്തികൾക്കിടയിലുള്ള വൈരുദ്ധ്യം വലിയ അളവിൽ ശബ്ദരഹിതമാണെന്ന് തോന്നാം. അപ്പോഴും മൂലധനത്തിന്റെ വർഗാധിപത്യത്തിനെതിരെയുള്ള രാഷ്ട്രീയ ആക്രമണം സാമ്രാജ്യത്തത്തിനെതിരെയുള്ള വർഗത്തിന്റെ കടന്നാക്രമണത്തിലൂടെയല്ലാതെ മുന്നോട്ടുകൊണ്ടുപോകാനാവില്ല. സാമ്രാജ്യത്ത ആഗോളവൽക്കരണത്തിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ ഏറ്റവും ദുർബലമായ കണ്ണികളിൽ അത്തരം ആക്രമണം ശക്തിപ്പെടുത്തേണ്ടതുണ്ട്.

b) മുതലാളിത്ത വ്യവസ്ഥയിലെ താരതമ്യേന അവികസിത രാജ്യമായ റഷ്യയിൽ ഒക്ടോബർ വിപ്ലവത്തോടെ സാമ്രാജ്യത്ത ചങ്ങല തകർത്തു. സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം വികസിത മുതലാളിത്ത കേന്ദ്രങ്ങളിൽ നിന്നാണ് തുടങ്ങുക എന്ന ധാരണ ജർമൻ വിപ്ലവം പരാജയപ്പെടുകയും കാൾ ലിബ്ക്നെറ്റും, റോസാലക്സംബർഗും, കൊല്ലപ്പെടുകയും ചെയ്തതോടെ അപ്രസക്തമായി. മുൻപന്തിയിലുള്ള ജർമൻ തൊഴിലാളി വർഗം പിന്നണിയിലുള്ള റഷ്യൻ തൊഴിലാളി വർഗ്ഗത്തെ സാമൂഹ്യ പരിവർത്തനത്തിലേക്കു നയിക്കുമെന്നാണ്ലെനിൻ പ്രതീക്ഷിച്ചത്. ഈ പരാജയത്തോടെ റഷ്യയിൽ സോഷ്യലിസത്തിന്റെ നിലനിൽപ്പ് ദുഷ്കരമായ വെല്ലുവിളിയായി മാറി. ഒരു രാജ്യത്തെ സോഷ്യലിസം എന്ന സങ്കൽപ്പത്തിനൊപ്പം പിൻനിര സമ്പദ്ഘടനയുടെ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ വിപ്ലവഘട്ടങ്ങൾ എന്ന സിദ്ധാന്തം ലെനിൻ മുന്നോട്ടുവച്ചു. ഒക്ടോബർ വിപ്ലവാനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിപ്ലവത്തിന്റെ ജനാധിപത്യ ഘട്ടവും വിപ്ലവത്തെ തുടർന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന ഘട്ടവും ഇന്നും പ്രസക്തമായി നിലനിൽക്കുന്നു.

ഇന്ത്യയിൽ സിപിഐ (എം) വിപ്ലവത്തിന്റെ ജനാധിപത്യഘട്ടം പൂർത്തീകരിക്കാനുള്ള തന്ത്രപരമായ ലക്ഷ്യം നിർവചിച്ചിട്ടുണ്ട്. അത് സാമ്രാജ്യത്ത വിരുദ്ധ, ഫ്യൂഡൽ വിരുദ്ധ കുത്തകമുതലാളിത്ത വിരുദ്ധ സമീപനമാണ്.

c) തൊഴിലാളി വർഗ ഐക്യം ഊട്ടിയുറപ്പിച്ചു കൊണ്ടുമാത്രമെ പിന്നോക്ക നിരയിലുള്ള ഒരു രാജ്യത്ത് വിപ്ലവം വിജയിപ്പിക്കാൻ കഴിയൂ. കമ്മ്യൂണാർഡുകൾക്കെതിരെ ഭരണവർഗം കർഷകരെ സംഘടിപ്പിച്ച് പാരീസ് കമ്മ്യൂണിന്റെ അനുഭവ പശ്ചാത്തലത്തിൽ കാർഷിക മേഖലയിലെ ചൂഷണം ചെയ്യപ്പെടുന്ന വിഭാഗങ്ങളെ വിപ്ലവത്തിന്റെ സഖ്യകക്ഷികളാക്കേണ്ടതിന്റെ അനിവാര്യത ലെനിൻ അടിവരയിട്ടു പറഞ്ഞു. ഇന്നത്തെ വിപ്ലകാരികൾക്കു മുന്നിൽ സാമൂഹ്യ പരിവർത്തനത്തിന് തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിലുള്ള തൊഴിലാളി കർഷക ഐക്യം ഏറ്റവും ശക്തമായ ആയുധമാണ്.

d) ലെനിന്റെ 'ദേശീയ കൊളോണിയൽ പ്രസംഗങ്ങൾ സംബന്ധിച്ച സിദ്ധാന്തങ്ങൾ' സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള കൊളോണിയൽ രാജ്യങ്ങളി

**ഇന്നത്തെ ലോകസാഹചര്യങ്ങളിൽ സാമ്രാജ്യത്തതിനെതിരെയുള്ള ആഗോള പ്രക്ഷോഭം വിപ്ലവകാരികളുടെ മുന്നിലുള്ള അതിപ്രധാന ദൗത്യമാണ്. വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ചും ലാറ്റിനമേരിക്കയിൽ ഒരു ഭാഗത്ത് സാമ്രാജ്യത്ത ആഗോളവൽക്കരണം സൃഷ്ടിക്കുന്ന ദുരിതങ്ങളും മറുഭാഗത്ത് സാമ്രാജ്യത്ത പട്ടാള ശക്തികളുടെ തേരോട്ടവും നേരിടാൻ ആഭ്യന്തരമായും ആഗോളതലത്തിലും ഐക്യസമരം വളർത്തിക്കൊണ്ടുവരണം. ആഗോള പ്രതിരോധത്തിന്റെ ശക്തിയാണ് സമാധാനവും സംതൃപ്തിയും മോചനവും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനവും തീരുമാനിക്കുന്നത്.**

ലെ സമരവും സാമ്രാജ്യത്തത്തിൽ നിന്നുള്ള മോചന സമരങ്ങളും കൂട്ടിയിണക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി പറഞ്ഞിട്ടുണ്ട്. ലോകമാകെ ഈ ധാരണ ശക്തമായി നിലനിന്നു എന്നതിനു നിദാനമാണ് ഫ്രാൻസിൽ താമസിച്ചിരുന്ന ഹോചിമിൻ വിയറ്റ്നാമിലെ ഫ്രഞ്ച് ആധിപത്യത്തിനെതിരെ പ്രതിഷേധം സംഘടിപ്പിച്ച സംഭവം. അത് ചെലുത്തിയ സ്വാധീനമെന്തെന്ന് ഒന്നു തിരിഞ്ഞു നോക്കാം.

"ഒരു സഖാവ് എനിക്ക് വായിക്കാനായി ഹ്യൂമാനിറ്റെ എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലെനിന്റെ 'തീസിസ് ഓൺ നാഷണൽ ആന്റ് കൊളോണിയൽ ക്വസ്റ്റ്യൻസ് ' എന്ന കൃതി തന്നു. ഗ്രഹിക്കാൻ പ്രയാസമുള്ള ധാരാളം രാഷ്ട്രീയ പ്രയോഗങ്ങൾ അതിലുണ്ടായിരുന്നു. പലയാവർത്തി വായിച്ചപ്പോൾ അതിന്റെ സാരാംശം എനിക്ക് പിടികിട്ടി. വലിയ വികാരം, ആവേശം, വ്യക്തത, ആത്മവിശ്വാസം ഒക്കെയാണ് എനിക്കു ലഭിച്ചത്. എന്റെ കണ്ണിൽ നിന്ന് ആനന്ദാശ്രുക്കൾ പൊഴിഞ്ഞു വീണു. എന്റെ മുറിയിലിരുന്ന് ഒരു വൻജനക്കൂട്ടത്തെ അഭിസംബോധന ചെയ്യുംപോലെ ഞാൻ ഉച്ചത്തിൽ വിളിച്ചുകൂവി എന്റെ പ്രിയ രക്തസാക്ഷി സഖാക്കളെ, ഇതാണ് നമുക്ക് വേണ്ടത്. നമ്മുടെ മോചനത്തിന്റെ പാത ഇതാണ്" (എന്നെ ലെനിനിസത്തിലേക്ക് നയിച്ച പാത: ഹോചിമിന്റെ തെരഞ്ഞെടുത്ത കൃതികൾ വോള്യം IV)

ഇന്നത്തെ ലോകസാഹചര്യങ്ങളിൽ സാമ്രാജ്യത്തതിനെതിരെയുള്ള ആഗോള പ്രക്ഷോഭം വിപ്ലവകാരികളുടെ മുന്നിലുള്ള അതിപ്രധാന ദൗത്യമാണ്. വിവിധ രാജ്യങ്ങളിൽ, പ്രത്യേകിച്ചും ലാറ്റിനമേരിക്കയിൽ ഒരു ഭാഗത്ത് സാമ്രാജ്യത്ത ആഗോളവൽക്കരണം സൃഷ്ടിക്കുന്ന ദുരിതങ്ങളും മറുഭാഗത്ത് സാമ്രാജ്യത്ത പട്ടാള ശക്തികളുടെ തേരോട്ടവും നേരിടാൻ ആഭ്യന്തരമായും ആഗോളതലത്തിലും ഐക്യസമരം വളർത്തിക്കൊണ്ടുവരണം. ആഗോള പ്രതിരോധത്തിന്റെ ശക്തിയാണ് സമാധാനവും സംതൃപ്തിയും മോചനവും സോഷ്യലിസത്തിലേക്കുള്ള പരിവർത്തനവും തീരുമാനിക്കുന്നത്.

അന്താരാഷ്ട്രതലത്തിൽ വർഗബന്ധങ്ങളിൽ പ്രകടമായ സാമ്രാജ്യത്ത അനുകൂല ചായ്‌വ് അവസരമാക്കി അമേരിക്ക പ്രഖ്യാപിതമായ മൂന്നു ലക്ഷ്യങ്ങളുമായി അവരുടെ അധീശത്വം സ്ഥാപിച്ചെടുക്കാനുള്ള പരിശ്രമത്തിലാണ്. ബാക്കിയുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങൾകൂടി തകർക്കലാണ് ഒന്നാമത്തെ അജണ്ട. തോൽപ്പിച്ചോ, തങ്ങൾക്കൊപ്പം നിർത്തിയോ, കോളനി വിരുദ്ധ സമരങ്ങളുടെ ഭാഗമായി മൂന്നാം ലോക രാജ്യങ്ങളിൽ രൂപപ്പെട്ടുവന്ന ദേശീയതയും അതിന്റെ തുടർച്ചയായ ചേരി ചേരാ പ്രസ്ഥാനവും അപ്രസക്തമാക്കുക എന്നതാണ് രണ്ടാമത്തെ ഉന്നം. ചോദ്യം ചെയ്യാനാവാത്തവിധം മിലിട്ടറി, സാമ്പത്തിക ആധിപത്യം സ്ഥാപിച്ച് ലോകമാകെയും അതിൽതന്നെ തങ്ങൾക്ക് ഇക്കാര്യത്തിൽ അടിയന്തിര ഭീഷണി ആയേക്കാമെന്നു തോന്നുന്ന മത്സരാർത്ഥികളെയും അടക്കി നിർത്തുക എന്നതാണ് മൂന്നാമത്തെ ലക്ഷ്യം. ഈ ലോകക്രമം എല്ലാ മേഖലകളിലും നടപ്പാക്കാൻ അവർ ശ്രമിക്കയാണ്. ഏകപക്ഷീയമായ യുദ്ധങ്ങളും, പിടിച്ചെടുക്കലും അമേരിക്കൻ മിലിട്ടറി പടയുടെ ശക്തിപ്പെടുത്തലും അതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. അതിനൊപ്പം സാമ്പത്തിക ആധിപത്യം ഈ കീഴടക്കൽ നടപടിക്കായി ഉപയോഗപ്പെടുത്തുന്നു.

സാമ്രാജ്യത്ത ഘട്ടത്തിലെ ഈ ആഗോളവൽക്കരണം കഴിഞ്ഞ രണ്ടു ദശകമായി സമ്പത്തിന്റെ ഭീമാകാരമായ കേന്ദ്രീകരണത്തിനും അന്താരാഷ്ട്ര ധനമൂലധന സഞ്ചയത്തിനും വഴിതുറന്നിരിക്കുന്നു. ലാഭത്തിനായുള്ള പരക്കംപാച്ചിലിൽ മൂലധനം നിർവിഘ്നം ലോകമാകെ പടർന്ന് ലോകക്രമം തന്നെ മാറ്റിമറിക്കയാണ്. ഇതിന്റെ ഭാഗമായി മൂലധന ഒഴുക്കിന് ഉണ്ടാകുന്ന തടസങ്ങൾ മാറ്റാൻ വ്യവസ്ഥകൾ അടിച്ചേൽപ്പിക്കുന്നു. അത് രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിരതക്കും പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളുടെ രാഷ്ട്രീയപരമാധികാരത്തിനും ഭീഷണിയായി മാറിയിരിക്കുന്നു.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഈ നാലു മുന്നണികളിലെ ഏറ്റുമുട്ടലിൽ നേടുന്ന വിജയത്തിലാണ് ജനങ്ങളുടെ മോചനവും സോഷ്യലിസം സ്ഥാപിക്കാനുള്ള ലക്ഷ്യവും പൂർത്തീകരിക്കപ്പെടുക. ■

(2017 സെപ്തംബർ 23 ന് കൊച്ചിയിൽ സൗത്ത് ഏഷ്യൻ കമ്യൂണിസ്റ്റ് പാർടികളുടെ സമ്മേളനത്തിൽ നടത്തിയ ഉത്ഘാടന പ്രസംഗത്തിൽ നിന്ന്)



ജയതി ഘോഷ്

# ഇന്ത്യൻ സമ്പദ്ഘടന 2017ൽ

**ഇന്ത്യൻ** സമ്പദ്ഘടന സമ്പൂർണമായ തകർച്ചയെ നേരിട്ട വർഷമായിരുന്നു 2017. വളർച്ചയുമായി ബന്ധപ്പെട്ട് ഔദ്യോഗികമായി പുറത്തുവന്നിട്ടുള്ള കണക്കുകൾ ഇത് അംഗീകരിക്കുന്നില്ല എന്നത് മറ്റൊരു വിഷയം. central statistical Organisation (CSO) പറയുന്നത് വളർച്ചക്ക് ചെറിയ ഇടിവ് മാത്രമേ തട്ടീട്ടുള്ളൂ എന്നാണ്. കേന്ദ്ര ധനകാര്യമന്ത്രിയാകട്ടെ നടപ്പ് സാമ്പത്തിക വർഷത്തിൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ (ജിഡിപി) 7.1% വളർച്ച നേടിക്കൊണ്ട് അതിവേഗം വളരുന്ന ആഗോള സമ്പദ്ഘടനകളിൽ ഒന്നായി ഇന്ത്യ തുടരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. സാമ്പത്തിക മേഖലയിൽ നിക്ഷേപം നടത്തുന്നവർ ഇതിനോട് വിയോജിപ്പ് പ്രകടിപ്പിക്കുമെന്ന് കരുതാനാകില്ല. വൻകുതിപ്പാണല്ലോ ഓഹരി കമ്പോളത്തിൽ ഈ കലണ്ടർ വർഷത്തിൽ ഉണ്ടായിരിക്കുന്നത്. സെൻസെക്സ് 25 ഉം നിഫ്റ്റി 28 ഉം ശതമാനത്തോളം വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.





**തൊഴിൽ തേടി യാതൊരു ഗതിയുമി ല്ലാതെ അലഞ്ഞുനടക്കുന്ന യുവതലമുറ ഒന്നും തന്നെ മെച്ചപ്പെടുവാൻ പോകു ന്നില്ല എന്ന യാഥാർത്ഥ്യത്തെയാണ് അഭി മുഖീകരിച്ചത്. അല്ലെങ്കിൽ തൊഴിലവസര ങ്ങൾ മുൻപത്തെക്കാളും വിരളമായിരി ക്കുന്നു എന്ന ദുഃഖസത്യത്തെ ചഞ്ച ലവും അസ്ഥിരവുമായ സാഹചര്യങ്ങ ളാണ് കുടിയേറ്റ തൊഴിലാളികളെ സ്വാഗതം ചെയ്തത്. പ്രതീക്ഷിച്ച തുച്ഛമായ തുകപോലും വീടുകളിലേക്ക് അയക്കു വാൻ നിർവാഹമില്ലാതായപ്പോൾ തൊഴിൽ തേടി ദരിദ്ര സംസ്ഥാനങ്ങളിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറിയ തൊഴി ലാളികൾ നിരാശരായി പഴയ ദുരവസ്ഥയി ലേക്ക് മടങ്ങുവാൻ നിർബന്ധിതരായി.**

എന്നാൽ സ്ഥിരം തൊഴിലും നിശ്ചിത വരുമാനവും പ്രദാനം ചെയ്യുന്ന ഔപചാരിക മേഖലയെ (formal sector) ആശ്രയിച്ച് ജീവിക്കുന്ന നമ്മുടെ ജനസംഖ്യയുടെ മുകൾ തട്ടിലുള്ള 20 കോടി ജനങ്ങളെ മാറ്റി നിർത്തുകയാണെങ്കിൽ ബാക്കിവരുന്ന 100 കോടിയിലധികം ഇന്ത്യാക്കാരുടെ ജീവിത അനുഭവങ്ങളുമായി മുകളിൽ സൂചിപ്പിച്ച ഔദ്യോഗിക കണക്കുകൾക്ക് യാതൊരു പൊരുത്തവുമില്ല എന്ന് കാണാനാകും. മുൻ വർഷങ്ങളിലെ വരൾച്ച ഏല്പിച്ച ആഘാതങ്ങളിൽ നിന്ന് കുറച്ചെങ്കിലും ആശ്വാസം ലഭിക്കുമെന്ന് 2017 ൽ കാലവർഷം കനിഞ്ഞപ്പോൾ കർഷകർ പ്രത്യാശിക്കുകയുണ്ടായി. എന്നാൽ സമീപകാലങ്ങളിലെ ഏറ്റവും വലിയ ദുരന്തമായിരുന്നു കർഷകരെ കാത്തിരുന്നത്. കാർഷികേതര അനൗപചാരിക മേഖലയിലെ (internal sector) സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല. ചോദനത്തിൽ (demand)ആദ്യം തകർച്ചയും തുടർന്ന് മന്ദതയും സംഭവിച്ചതും, വിതരണ ശൃംഖലകളിൽ തടസങ്ങൾ ഉണ്ടായതും, വായ്പാലഭ്യത കുറഞ്ഞതും, ചിലവുകളെല്ലാം തന്നെ വർധിച്ചതും ഇവരെ വലിയ ബുദ്ധിമുട്ടിലാക്കി. സമ്പദ്ഘടനയുടെ കുതിപ്പിന്റെ കാലഘട്ടത്തിൽ ഏറ്റവും അധികം തൊഴിലുകൾ സൃഷ്ടിക്കപ്പെട്ട നിർമാണ മേഖല (construction sector) ചേതനയറ്റ് തകർച്ചയുടെ വഴിയിലാണ്. ഇതുകാരണം തൊഴിൽ രംഗത്ത് സംഭവിച്ചിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് മറ്റു മേഖലകൾക്ക് കഴിഞ്ഞതുമില്ല. തൊഴിലു തേടി യാതൊരു ഗതിയുമില്ലാതെ അലഞ്ഞുനടക്കുന്ന യുവതലമുറ ഒന്നും തന്നെ മെച്ചപ്പെടുവാൻ പോകുന്നില്ല എന്ന യാഥാർത്ഥ്യത്തെയാണ് അഭിമുഖീകരിച്ചത്. അല്ലെങ്കിൽ തൊഴിലവസരങ്ങൾ മുൻപത്തെക്കാളും വിരളമായിരിക്കുന്നു എന്ന ദുഃഖസത്യത്തെ ചഞ്ചലവും അസ്ഥിരവുമായ സാഹചര്യങ്ങളാണ് കുടിയേറ്റ (migrant) തൊഴിലാളികളെ സ്വാഗതം ചെയ്തത്. പ്രതീക്ഷിച്ച തുച്ഛമായ തുകപോലും വീടുകളിലേക്ക് അയക്കുവാൻ നിർവാഹമില്ലാതായപ്പോൾ തൊഴിൽ തേടി ദരിദ്ര സംസ്ഥാനങ്ങളിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറിയ തൊഴിലാളികൾ നിരാശരായി പഴയ ദുരവസ്ഥയിലേക്ക് മടങ്ങുവാൻ നിർബന്ധിതരായി.

ഇവിടെ ശ്രദ്ധേയമാകുന്ന ഒരു കാര്യം ഈ സാമ്പത്തിക ദുരിതങ്ങളെല്ലാം തന്നെ സ്വയം ക്ഷണിച്ചുവരുത്തപ്പെട്ടവയായിരുന്നു എന്നതാണ്. സമ്മർദ്ദമൊന്നും ഇല്ലാതിരുന്നിട്ടും കേന്ദ്രസർക്കാർ അടിച്ചേല്പിച്ച ദുർനടപടികളായിരുന്നു ഇതിന് കാരണമായിത്തീർന്നത്. എണ്ണവില താഴ്ന്നിരുന്ന സമയത്ത് വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്ന കാര്യത്തിലും എണ്ണ ഉത്പന്നങ്ങൾക്ക് ഉയർന്ന പരോക്ഷ നികുതികൾ ചുമത്തി ഖജനാവിലേക്ക് അധിക വരുമാനം കണ്ടെത്തുന്ന കാര്യത്തിലും ലഭ്യമായിരുന്ന വലിയ അവസരം എണ്ണ വില വർധിച്ചു വരുന്ന ഇന്ന് പഴയതുപോലെ സർക്കാരിന്റെ മുന്നിലില്ല എന്നതൊഴിച്ചാൽ ഇന്ത്യൻ സമ്പദ്ഘടന ഇപ്പോൾ നേരിടുന്ന കുഴപ്പങ്ങൾക്ക് കാരണമായി ചൂണ്ടിക്കാണിക്കുവാൻ തക്കവണ്ണം പ്രതികൂലമായ സാഹചര്യമൊന്നും ആഗോളതലത്തിൽ ഉയർന്നുവന്നിട്ടില്ല. ആഗോള സമ്പദ്ഘടനയെ സംബന്ധിച്ചിടത്തോളം മുൻവർഷങ്ങളിൽ അനുഭവപ്പെട്ടുവന്നിരുന്ന മുരടിപ്പിനെ അപേക്ഷിച്ച് ഭാഗികവും സാവധാനത്തിലുള്ളതും ആയിരുന്നു എങ്കിൽകൂടിയും ഒരു തിരിച്ചുവരവിന്റെ വർഷമായിരുന്നു 2017. എന്നാൽ ഇതിന് വിപരീതമായ പ്രവണത ദൃശ്യമായ ചുരുക്കം ചില രാജ്യങ്ങളിലൊന്നായിരുന്നു ഇന്ത്യ.

ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ച മെല്ലെയാകുന്നതിന് രണ്ട് നയങ്ങളുടെ തുടർച്ചയായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങളാണ് മുഖ്യ കാരണമെന്ന് ഇപ്പോൾ പരക്കെ അംഗീകരി

ക്കപ്പെട്ടിരിക്കുന്നു. ആദ്യത്തേത് തെറ്റായ കാഴ്ചപ്പാടുകളോടുകൂടിയും വളരെ അലംഭാവത്തോടെയും നടപ്പിലാക്കിയ 2016 നവംബർ 8 ലെ നോട്ടു നിരോധനമാണ്. ഇത് അനുകൂല ഫലങ്ങൾ ഒന്നും തന്നെ സൃഷ്ടിച്ചില്ല (അഴിമതി നിയന്ത്രിക്കുന്ന കാര്യത്തിൽ അല്പം പോലും വിജയിച്ചില്ല എന്നു മാത്രമല്ല നിരവധി വിപരീത ഫലങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തു. രണ്ടാമത്തേത് അമിതമായ ആത്മവിശ്വാസത്തോടെ വളരെ അശ്രദ്ധമായി പരക്കെ ആശയക്കുഴപ്പമുണ്ടാകുന്ന രീതിയിൽ ജനങ്ങൾക്കുമേൽ അടിച്ചേല്പിക്കപ്പെട്ട ചരക്കു സേവന നികുതി (ജിഎസ്ടി) ആയിരുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റെ മാനദണ്ഡം ഉപയോഗിച്ച് പരിശോധിക്കുകയാണെങ്കിൽ ഇവ രണ്ടും നടപ്പിലാക്കിയ രീതി സർക്കാർ സ്വയം കുഴിതോണ്ടുന്നതിന് സമാനമായിരുന്നു എന്ന് കാണാനാകും. എന്നാൽ ഇവ ഏല്പിക്കുമായിരുന്ന രാഷ്ട്രീയമായ തിരിച്ചടികളെ വാസ്തവ വിരുദ്ധമായ പ്രചരണങ്ങളിലൂടെ ജനങ്ങളുടെ കാഴ്ചപ്പാടിൽ സമർത്ഥമായി തെറ്റിദ്ധാരണ പരത്തിക്കൊണ്ട് അതിജീവിക്കാൻ സർക്കാരിനായി.

നോട്ടു നിരോധനം ഏറെ ചർച്ചകൾക്ക് വിധേയമായിക്കഴിഞ്ഞു. അക്കാര്യങ്ങൾ വീണ്ടും ആവർത്തിക്കേണ്ട ആവശ്യമില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഓർമയിൽ സൂചിപ്പിക്കുന്നത് നല്ലതാണ്. ചോദനത്തിൽ ഇടിവ് സംഭവിക്കുന്നതിനും തൊഴിലും ജീവനോപാധികളും നഷ്ടപ്പെടുവാൻ ഇടയാക്കുന്നതിനും വഴിയൊരുക്കിയ നോട്ടു നിരോധനത്തിന്റെ പ്രത്യാഘാതങ്ങൾ ഇപ്പോഴും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. ചോദനത്തിൽ വന്ന തകർച്ച കാർഷിക വിളകളുടെ വിലയിടിച്ചതാണ് കർഷകരുടെ വരുമാനം മെച്ചപ്പെടാതിരിക്കുന്നതിനുള്ള മുഖ്യകാരണം. വിതരണ ശൃംഖലകളുടെ പ്രവർത്തനത്തിൽ- പ്രത്യേകിച്ച് പ്രധാന കേന്ദ്രങ്ങളിൽ ചെറുകിട സംരംഭങ്ങളെ ആശ്രയിച്ച് ഏറെക്കാലമായ പ്രവർത്തിച്ചുവരികയായിരുന്ന ഉത്പാദന വിതരണ ശൃംഖലകളെ തകർച്ചയിലേക്ക് തള്ളിവിടുന്ന രീതിയിൽ – രൂക്ഷമായ തടസങ്ങളാണ് ഉണ്ടായത്. അവ ഇപ്പോഴും തുടരുകയാണ്. ഇത് കയറ്റുമതിക്കായുള്ള ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ഏറ്റവും അധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ചെറുകിട സംരംഭങ്ങളെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി നമ്മുടെ രാജ്യത്ത് അസമത്വം വലിയതോതിൽ വർധിച്ചിരിക്കുകയാണ്. ഔപചാരിക അനൗപചാരിക മേഖലകൾ തമ്മിലും ചെറുകിട വൻകിട സംരംഭങ്ങൾ തമ്മിലും ഗ്രാമീണ നഗര പ്രദേശങ്ങൾ തമ്മിലും ഉള്ള അസമത്വങ്ങൾ മാത്രമല്ല സാമ്പത്തിക മേഖലയിൽ മേധാവിത്വമുള്ളവരും സമ്പദ്ഘടനയിലെ മറ്റ് ഉത്പാദകരും തമ്മിലുള്ള അസമത്വവും ഗണ്യമായി വർധിക്കുകയാണ്. യഥാർത്ഥ സമ്പദ്ഘടന (Real economy) മന്ദ




**ചോദനത്തിൽ ഇടിവ് സംഭവിക്കുന്നതിനും തൊഴിലും ജീവനോപാധികളും നഷ്ടപ്പെടുവാൻ ഇടയാക്കുന്നതിനും വഴിയൊരുക്കിയ നോട്ടു നിരോധനത്തിന്റെ പ്രത്യാഘാതങ്ങൾ ഇപ്പോഴും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. ചോദനത്തിൽ വന്ന തകർച്ച കാർഷിക വിളകളുടെ വിലയിടിച്ചു.**

തയെ നേരിടുമ്പോഴും ഓഹരി വിപണികൾ കണ്ണഞ്ചിപ്പിക്കുന്ന കയറ്റങ്ങളാണ് കൈവരിക്കുന്നത്. ഇത് നോട്ടുനിരോധനത്തിനു ശേഷം ബാങ്കുകളിൽ കുന്നുകൂടിയ പണത്തിന്റെ സിംഹഭാഗവും ഇന്ന് നമുക്ക് ചുറ്റും നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയിൽ താരതമ്യേന സുരക്ഷിതം എന്ന് തോന്നിപ്പിക്കുന്ന ഓഹരികളിലും അല്ലെങ്കിൽ bitcoins പോലുള്ള അപകടകരമായ ആസ്തികളിലുമാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഇതിനെ നിഷേധിക്കുന്ന വാദങ്ങളുമായി മുന്നോട്ടുവരാതെ നിരാകരിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. നയങ്ങളിലെ യുക്തിയില്ലായ്മ കാരണം ദുരിതമനുഭവിക്കുന്ന നിരപരാധികളായ ജനങ്ങളുടെ ജീവിതത്തിന് ആശ്വാസമെത്തിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും തന്നെ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. നയങ്ങൾ നടപ്പാക്കുന്നതിലെ സർക്കാരിന്റെ പാപ്പരത്തത്തെ ഒന്നുകൂടി തുറന്നു കാട്ടുന്നതാണ് വേണ്ടത്ര ആസൂത്രണമോ തയാറെടുപ്പോ ഇല്ലാതെ ധൃതിപിടിച്ച് ജിഎസ്ടി നടപ്പിലാക്കാൻ എടുത്ത തീരുമാനം. ജിഎസ്ടി ഫെഡറൽ സംവിധാനത്തിന് വിരുദ്ധമാണെന്ന് ആശങ്കപ്പെടുന്നതിന് തീർച്ചയായും കാരണങ്ങൾ ഏറെയുണ്ട്. എന്നാൽ ജിഎസ്ടിയുടെ സാമാന്യ ബുദ്ധിക്ക് നിരക്കാത്ത രീതിയിലുള്ള നടപ്പാക്കൽ ഈ ന്യായമായ ആശങ്കകൾ പോലും താരതമ്യേന ഗൗരവതരമല്ല എന്ന പ്രതീതിയാണ് സൃഷ്ടിച്ചത്. 1 മുതൽ 3 വരെ വർഷങ്ങൾ നീണ്ടു നിൽക്കുന്ന തയാറെടുപ്പുകൾക്കു ശേഷമാണ് മിക്ക രാജ്യങ്ങളും ഇത്തരത്തിലു

ള്ളൊരു നികുതി സംവിധാനത്തിലേക്ക് പ്രവേശിച്ചത്. കേന്ദ്ര സർക്കാരാകട്ടെ കേവലം മൂന്നു മാസം കൊണ്ട് ഇത് അടിച്ചേല്പിക്കാമെന്നാണ് വിശ്വസിച്ചത് അതും നിരക്കുകളും നിയമങ്ങളും നിശ്ചയിക്കാതെയും ജനങ്ങളെ വേണ്ടത്ര ബോധവത്കരിക്കാതെയും.

"ഒരു ദേശം ഒരു നികുതി" എന്നതാണല്ലോ ജിഎസ്ടിയുടെ വക്താക്കൾ ഉയർത്തുന്ന മുദ്രാവാക്യം. ഇത് നികുതി സമ്പ്രദായത്തിന്റെ പ്രവർത്തനം എളുപ്പമാക്കുമെന്നാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ വിചിത്രമായ സങ്കീർണതകൾ നിറഞ്ഞതും യുക്തിക്ക് നിരക്കാത്തതുമായ 8 നിരക്കുകളാണ് ജിഎസ്ടിയിലുള്ളത്. നികുതി വകുപ്പിലെ അധികാരികൾ ഉൾപ്പെടെ ആർക്കും തന്നെ ഇതിനെ ശരിക്ക് മനസിലാക്കാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. ഇത് പരക്കെ ആശയക്കുഴപ്പവും ക്രമമില്ലായ്മകളും സൃഷ്ടിച്ചിരിക്കുന്നു. നിരവധി ചരക്കുകൾക്ക് 28% നികുതി നിശ്ചയിച്ചതിനെതിരെ വ്യാപകമായ എതിർപ്പുകൾ ഉയർന്നു വന്നപ്പോൾ (ഇങ്ങനെ ഉയർന്ന നികുതിനിരക്ക് നിശ്ചയിക്കപ്പെട്ട ചരക്കുകളിൽ കാർഷിക യന്ത്രങ്ങളും ഉണ്ടായിരുന്നു എന്നത് സർക്കാരിന്റെ കർഷക വിരുദ്ധ സമീപനം എത്ര ആവർത്തിച്ചുള്ളതാണെന്നതിനെ വെളിപ്പെടുത്തുകയാണ്) അവയിൽ ചിലതിനെ താഴ്ന്ന നികുതി നിരക്കിന്റെ സ്ലാബുകളിലേക്ക് മാറ്റാൻ സർക്കാർ നിർബന്ധിതമായി. ഇത് നികുതി വരുമാനത്തിൽ ഇടിവുണ്ടാക്കി. ജിഎസ്ടി നടപ്പിലാക്കി തുടങ്ങിയ 2017 ജൂലൈ മാസം ലഭിച്ച 92,283 കോടി) രൂപയിൽ നിന്ന് ക്രമേണ കുറഞ്ഞു വന്ന് 2017 നവംബർ ആയപ്പോൾ 80,808 രൂപയായി. ജിഎസ്ടി സംവിധാനത്തിൽ അടച്ച നികുതിയുടെ റീഫണ്ട് വാങ്ങുന്നതും വളരെ സങ്കീർമമായ പ്രക്രിയയാണ്. റീഫണ്ട് ലഭിക്കുന്നതിന് ഏറെ കാലതാമസമുണ്ടാകുന്നു. റീഫണ്ട് എത്രകാലം കഴിഞ്ഞായിരിക്കും ലഭിക്കുക അല്ലെങ്കിൽ നീണ്ട കാത്തിരിപ്പിനു ശേഷമെങ്കിലും അത് ലഭിക്കുമോ എന്നീ ആശങ്കകൾ കച്ചവടക്കാരെ അലട്ടുന്നുണ്ട്. അതുകൊണ്ട് പല കച്ചവടക്കാരും ലഭിക്കുമോ എന്ന് സംശയമുള്ള റീഫണ്ട് തുക കൂടി ചരക്കുകളുടെ വിലയിൽ ചേർത്ത് വിൽപന നടത്തുകയാണ്. ചുരുക്കിപറയുകയാണെങ്കിൽ ജിഎസ്ടി നടപ്പിലാക്കിയ ശേഷം ഒരു ഭാഗത്ത് ഉപഭോക്താക്കൾക്ക് ചരക്കുകൾക്കും സേവനങ്ങൾക്കും അമിത വില നൽകേണ്ടി വരുന്നു. മറു ഭാഗത്ത് സർക്കാർ വരുമാനം ശോഷിക്കുകയും ചെയ്യുന്നു.

ജിഎസ്ടി ചെറുകിട സംരംഭകരുടെ ചിലവുകളും ബുദ്ധിമുട്ടുകളും ഒന്നുകൂടി വർധിപ്പിച്ചിരിക്കുകയാണ്. എല്ലാ ഇടപാടുകളുടെയും വിശദമായ കണക്കുകൾ സൂക്ഷിക്കണം. വ്യത്യസ്തങ്ങളായ ചരക്കുകൾക്കും സേവനങ്ങൾക്കും പ്രത്യേകം പ്രത്യേകം നികുതിയുമായി കണക്കാക്കണം. തുടർച്ചയായി റിട്ടേണുകൾ സമർപ്പിക്കണം. ഇതെല്ലാം ഇടത്തരം ചെറുകിട സൂക്ഷ്മ സംരംഭകരെ സംബന്ധിച്ചിടത്തോളം ക്ലേശകരമാണ്. വിതരണ ശൃംഖലയുടെ അവിഭാജ്യഘടകങ്ങളായ ചെറുകിട- സൂക്ഷ്മ സംരംഭകർ പോലും ഇപ്പോൾ ജിഎസ്ടി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കണക്കെഴുത്തുകാരുടേയും നികുതി ഉപദേശകരുടേയും സേവനങ്ങളെആശ്രയിക്കുന്നതിന് നിർബന്ധിതരായിരിക്കുകയാണ്. ഇത് അവരുടെ പ്രവർത്തന ചിലവിൽ വൻ വർധനവ് ഉണ്ടാക്കുന്നു. നാമമാത്രമായ ലാഭത്തിൽ പിടിച്ചു നിൽക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുന്നതിനു പോലും ഇത് വഴിയൊരുക്കിയേക്കാം. സർക്കാരിന്റെ മറ്റു നടപടികളെപോലെ തന്നെ ജിഎസ്ടിയും നിലനിൽപിനായി പാടുപെടുന്ന ചെറുകിട സംരംഭകരുടെ ചിലവിൽ സംഘടിത മേഖലയിലെ കുത്തകൾക്ക് സൗകര്യങ്ങളും ആനുകൂല്യങ്ങളും കൈമാറുന്ന ഏർപ്പാടായി മാറുകയാണ്.

സാമ്പത്തിക മേഖലയിലെ മറ്റ് കുഴപ്പങ്ങളും നിലനിൽക്കുകയാണ്. നിക്ഷേപകരുടെ പണമെടുത്ത് എഴുതിതള്ളുവാൻ സർക്കാർ വിഭാവന ചെയ്യുന്ന പൊതുമേഖലാ ബാങ്കുകളിലെ കുത്തകകൾ വരുത്തിവെച്ച കിട്ടാക്കടങ്ങൾ പെരുകുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമായ പോഷകാഹാരം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ചിലവ് സർക്കാർ വെട്ടിക്കുറക്കുകയാണ്. ഈ സാമൂഹ്യ ആനുകൂല്യങ്ങൾക്കുള്ള സഹായം പദാർത്ഥമായും സേവനമായും ലഭ്യമാക്കിക്കൊണ്ടിരുന്ന രീതിക്ക് പകരം ആധാറുമായി ബന്ധപ്പെടുത്തിയ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ ജൈവ അടയാളങ്ങൾ ഉപയോഗിച്ചുള്ള തിരിച്ചറിയൽ നിർബന്ധമാക്കിക്കൊണ്ട് പണമായ ഇപ്പോൾ നിക്ഷേപിക്കുകയാണ്. ഇത് ആവശ്യത്തിനുള്ള പണം ചിലവഴിക്കാൻ താത്പര്യം കാട്ടാതെ ജനങ്ങളുടെ സാമൂഹ്യ- സാമ്പത്തിക അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയിൽ നിന്ന് സർക്കാർ പിന്നോട്ടു പോകുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഇതിന്റെ ഭയാനകങ്ങളായ അനന്തര ഫലങ്ങളെ ഇപ്പോൾ തന്നെ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻ നിഷേധം പട്ടിണി മരണത്തിലേക്ക് നയിക്കുന്ന നിരവധി സംഭവങ്ങൾ നമ്മുടെ കൺമുന്നിൽ നടക്കുകയാണ്.

ഒരു പട്ടിണിമരണം സംഭവിക്കുന്നതു തന്നെ ഭയാനകമാണ്. വിശപ്പ് കാരണം ഇത്രയധികം ജീവിതങ്ങൾ നഷ്ടമാകുന്നത് അവിശ്വസനീയവും. തീർച്ചയായും ഇതുതന്നെയായിരിക്കും സാമ്പത്തിക മേഖലയിൽ നിന്ന് കഴിഞ്ഞ വർഷം വന്ന ഏറ്റവും ഞെട്ടിപ്പിക്കുന്ന വാർത്ത. നമ്മൾ ഇത് തുടരുവാൻ അനുവദിക്കുകയായിരുന്നു എന്നത് നമ്മുടെ സമൂഹ മനസാക്ഷി 2017 ൽ എത്രകണ്ട് മരവിച്ചുപോയിരുന്നു എന്ന ദുരവസ്ഥയെ തുറന്നു കാട്ടുകയാണ്. 2018 ൽ ഇക്കാര്യത്തിലെങ്കിലും മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ■

## റെയിൽവേയുടെ സ്വകാര്യവത്കരണം

# വിനാശകരമായ നീക്കം



**കെ. ഹേമലത**

**(കഴിഞ്ഞ ലക്കം തുടർച്ച)**

**പൊതു സമ്പത്ത് സ്വകാര്യമുതലാളിമാരുടെ കൈയിൽ ഏല്പിച്ചു കൊടുക്കുകയെന്നത് നവ-ഉദാരീകരണ നയത്തിന്റെ ഭാഗമാണ് റെയിൽവേയുടെ സ്വകാര്യവത്കരണം. ലോകമെമ്പാടും ഈ നയങ്ങൾ നടപ്പാക്കപ്പെടുന്നു. ജനങ്ങളുടെ വോട്ട് കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്നവർ തദ്ദേശീയ-വിദേശീയ കോർപറേറ്റുകളുടെ താല്പര്യത്തിനു വേണ്ടി പ്രവർത്തിക്കുന്നു. രാജ്യം തുടർച്ചയായി ഭരിച്ചുകൊണ്ടിരിക്കുന്ന യുപിഎ, എൻഡിഎ സർക്കാരുകൾ കഴിഞ്ഞ ഇരുപത്തഞ്ച് വർഷമായി ഈ നയങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.**

**ബ്രി**ട്ടൺ 1996 ലാണ് റെയിൽവേ സ്വകാര്യവത്കരിച്ചത്. തുടക്കത്തിൽ ഇതിനെ 'റെയിൽട്രാക്കയെന്നും', 'ബ്രിട്ടീഷ് റെയിൽ ഓപ്പറേറ്റിംഗ് കമ്പനിയെന്നും വിഭജിച്ചു. 1996 ലാണ് റെയിൽട്രാക്കിനെ സ്വകാര്യമേഖലക്കു വില്ക്കുന്നത്. ബ്രിട്ടീഷ് റെയിലിനെ 25 ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളായി വിഭജിച്ചു. ഇവ സ്വകാര്യമേഖലക്ക് വില്ക്കുകയോ, അല്ലാത്തവ അടച്ചുപൂട്ടുകയോ ചെയ്തു. റെയിൽട്രാക്കിന്റെ സ്വകാര്യവത്കരണത്തിന് ശേഷമാണ് പ്രശ്നങ്ങൾ ആരംഭിക്കുന്നത്. 1999 ൽ നടന്ന രണ്ട് പ്രധാനപ്പെട്ട ട്രെയിൻ അപകടങ്ങളിൽ 35 പേർ കൊല്ലപ്പെട്ടു. അറുനൂറിലേറെ പേർക്ക് പരിക്കേറ്റു. 2000 ത്തിൽ നടന്ന മറ്റൊരു അപകടത്തിൽ 4 ലധികം പേർ മരണപ്പെട്ടു. ബ്രിട്ടീഷ് സർക്കാരിന് ഇതിൽ ഇടപെടാൻ സമ്മർദ്ദമുണ്ടായി. 2003 ൽ 'നെറ്റ് വർക്ക് റെയിൽ' എന്ന പൊതുമേഖലാ കമ്പനി രൂപീകരിച്ച് റെയിൽ ട്രാക്ക് ഇൻഫ്രാസ്ട്രക്ചറിനെ ഏറ്റെടുത്തു. ബ്രിട്ടീഷ് റെയിൽവേയുടെ സ്വകാര്യവത്കരണം സമ്പൂർണ പരാജയമാണെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. റെയിൽവേ സ്വകാര്യവത്കരണത്തിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധം കഴിഞ്ഞ ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചിരുന്നു.

ബ്രിട്ടണിലെയും, ആസ്ട്രേലിയയിലേയും ട്രെയിൻ അപകടങ്ങളെക്കുറിച്ച് പഠിച്ച കമ്മിറ്റി

**റെയിൽവേയുടെ സ്വകാര്യവൽക്കരണം റെയിൽവെ ജീവനക്കാരെ മാത്രം ബാധിക്കുന്ന കാര്യമല്ല. ജനങ്ങൾക്ക് വിശേഷിച്ച് പാവപ്പെട്ടവർക്ക് ന്യായമായ നിരക്കിൽ യാത്ര ചെയ്യണം. രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതു സ്വത്തെന്ന നിലയിൽ റെയിൽവെ സംരക്ഷിക്കപ്പെടണം. കോർപ്പറേറ്റുകളെ തൃപ്തിപ്പെടുത്താൻ വേണ്ടി ജനങ്ങളുടെ പൊതുസ്വത്തായ റെയിൽവെയെ വില്പന നടത്തരുത്. ജനങ്ങളുടെ താല്പര്യങ്ങൾ സർക്കാർ ബലികഴിക്കാൻ പാടില്ല. റെയിൽവെയെ വിഴുങ്ങാനുള്ള സ്വകാര്യ കമ്പനികളുടെ നീക്കത്തിനെതിരായ പോരാട്ടത്തിൽ റെയിൽവെ ജീവനക്കാർ മാത്രമല്ല മുഴുവൻ തൊഴിലാളി സമൂഹവും, പൊതു ജനങ്ങളും ഒന്നിച്ച് അണിനിരക്കണം.**

ചൂണ്ടിക്കാണിച്ചത്, വിവിധ സ്വകാര്യ കമ്പനികൾ തമ്മിൽ ഭൗതിക സൗകര്യങ്ങളുടെയും പാതകളുടെയും ഓപ്പറേഷനുകളുടെയും കാര്യത്തിൽ ഏകോപനമില്ലാത്തതാണ് അപകടങ്ങൾക്ക് പ്രധാന കാരണം എന്നാണ്. സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകാതെ ലാഭം വർധിപ്പിക്കാനാണ് സ്വകാര്യ കമ്പനികൾ ശ്രമിക്കുന്നത്. കമ്പനികളുടെ നഷ്ടം പരിഹരിക്കുന്നതിനു വേണ്ടി യാത്രാ കൂലിയിൽ വർധനവ് വരുത്തുകയാണ് ചെയ്യുന്നത്. സ്വകാര്യ കമ്പനികൾ പ്രവർത്തിക്കുന്നത് ജനങ്ങളോട് യാതൊരു പ്രതിബദ്ധതയുമില്ലാതെയാണ്.

ബ്രിട്ടണിലെ റെയിൽവേയുടെ സ്വകാര്യവത്കരണം പരാജയമാണെന്ന് കണ്ട ഇതര യൂറോപ്യൻ രാജ്യങ്ങൾ നടപടികളിൽ കാത്തിരുന്ന് കാണാമെന്ന നയമാണ് സ്വീകരിക്കുന്നത്. ന്യൂസിലണ്ടിലെ റെയിൽവേയിൽ 1982 ൽ 21000 തൊഴിലാളികൾ ഉണ്ടായിരുന്നു. സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും നടപ്പാക്കി കഴിഞ്ഞപ്പോൾ തൊഴിലാളികളുടെ എണ്ണത്തിൽ വൻ കുറവ് ഉണ്ടായി. 2002 ൽ ട്രാൻസ് റെയിലിൽ ഉണ്ടായിരുന്നത് 3757 തൊഴിലാളികളാണ്. 2004 ൽ സർക്കാർ വീണ്ടും നാഷണൽ നെറ്റ് വർക്കിന്റെ ഉടമസ്ഥത ഏറ്റെടുത്തു.

അർജന്റീനയിൽ 1978 ൽ ബ്രിട്ടീഷ്കാർ ദേശസാൽക്കരിച്ച റെയിൽവേ 40 വർഷങ്ങൾക്കു ശേഷം 1989 ൽ സ്വകാര്യവൽക്കരിച്ചു. സർക്കാരിന്റെ ഉടമസ്ഥതയിലായിരിക്കുമ്പോൾ 35000 കിലോമീറ്റർ റെയിൽ ശൃംഖലയും 92000 ജീവനക്കാരുമുണ്ടായിരുന്നു. സ്വകാര്യവത്കരണത്തിനു ശേഷം റെയിൽ ശൃംഖലയുടെ 1/4 ദൂരം വെട്ടിക്കുറച്ചു. ദീർഘദൂര ട്രെയിനുകളിൽ ഭൂരിഭാഗവും നിർത്തലാക്കപ്പെട്ടു. പല റെയിൽവേ ലൈനുകളും ഉപേക്ഷിക്കുകയോ, നിർത്തലാക്കുകയോ ചെയ്തു. റെയിൽവേയുടെ ശേഷി വർധിപ്പിക്കുന്നതിന് നിക്ഷേപം നടത്താൻ സ്വകാര്യ കമ്പനികൾക്ക് വിമുഖതയാണ്. യാത്രക്കാരുടെ എണ്ണവും സേവനത്തിന്റെ ഗുണനിലവാരവും ഗണ്യമായി കുറഞ്ഞു. സ്വകാര്യവത്കരണത്തിനു ശേഷം 70,000 തൊഴിലവസരങ്ങൾ ഇല്ലാതായി. 1998 ൽ ഏകദേശം 793 റെയിൽവേ സ്റ്റേഷനുകൾ അടച്ചുപൂട്ടി. ഗ്രാമങ്ങളെയും ചെറു പട്ടണങ്ങളെയും റെയിൽവേ അവഗണിച്ചതോടെ അവയുടെ വികസനം വഴിമുട്ടി. കാർഷികോല്പന്നങ്ങൾ റോഡ് മാർഗം കൊണ്ടു പേകേണ്ടി വന്നതു മൂലം കർഷകരുടെ ചെലവ് 73 ശതമാനം വർധിച്ചത് കാർഷിക മേഖലയിൽ തിരിച്ചടി ഉണ്ടാക്കി. സുരക്ഷയുമായി ബന്ധപ്പെട്ട് പരിശോധകർ നൽകുന്ന മുന്നറിയിപ്പുകൾ നിരന്തരം അവഗണിക്കപ്പെട്ടു. കരാർ പ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കമ്പനികൾ തയ്യാറായില്ല. പ്രൈവറ്റ് കമ്പനികളുടെ നഷ്ടം നികത്താൻ വേണ്ടി സർക്കാർ നൽകുന്ന സബ്സിഡി തുകയുടെ അത്രയും മതി സർക്കാരിന് സ്വന്തം ഉടമസ്ഥതയിൽ റെയിൽവേ നിലനിർത്താൻ. സ്വകാര്യ മേഖലയെ ഏല്പിച്ചതുമൂലം റെയിൽവേ നൽകുന്ന സേവനങ്ങളുടെയും ഭൗതിക സാചര്യങ്ങളുടെയും ഗുണനിലവാരം ഇടിഞ്ഞുവെന്നല്ലാതെ വേറെ മെച്ചം ഒന്നും ഇല്ല. 2015 ൽ അർജന്റീനിയൻ സർക്കാർ പല റെയിൽവെ ലൈനുകളും കമ്പനികളും ദേശസാൽക്കരിച്ച് ഉത്തരവ് ഇറക്കി. രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർടികളും ഇതിനെ പിന്തുണച്ചു.

### പൊതു സ്വകാര്യ പങ്കാളിത്തം (PPP) ഇന്ത്യൻ അനുഭവം

നമ്മുടെ രാജ്യത്ത് പൊതു സ്വകാര്യ പങ്കാളിത്ത മാതൃക നടപ്പാക്കാൻ ശ്രമിച്ചത് മുംബൈ, ഹൈദരാബാദ്, ഡൽഹി എയർപോർട്ട് ലൈൻ എന്നിവയാണ്. ഈ പദ്ധതികൾ എല്ലാം പരാജയമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഡൽഹി മെട്രോയുടെ എയർപോർട്ട് ലൈൻ വൈദ്യുതീകരിക്കുന്നതിനും സിഗ്നലിംഗിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കും പണം നിക്ഷേപിച്ചത് റിലയൻസ് ആണ്. ലാഭകരമല്ലാത്തതിനാൽ റിലയൻസ് ഈ പദ്ധതി ഉപേക്ഷിച്ചു. ഡൽഹി മെട്രോ കോർപറേഷനാണ് ഇപ്പോൾ ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. മുംബൈയിൽ 11 കിലോമീറ്റർ വരുന്ന മേൽ പാല ലൈൻ മെട്രോ ലൈൻ-1 റിലയൻസ് ഇൻഫ്രാസ്ട്രക്ടചർ പൂർത്തിയാക്കിയത് 7 വർഷങ്ങൾ കൊണ്ടാണ്. ഇവർ ഉയർന്ന യാത്രാ കൂലിയാണ് ഈടാക്കുന്നതെങ്കിലും ഒരു ദിവസം 50 ലക്ഷം രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

ഹൈദരാബാദിൽ ആസ്തി വികസനത്തിന് 300 ഏക്കർ ഭൂമി എൽ& ടിക്ക് നൽകി. പ്രോജക്ട് ആരംഭിച്ച് ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും അതിന്റെ

ഒരു ഭാഗം പോലും ഇതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടെന്നാൽ പ്രവർത്തനം ആരംഭിച്ചാൽ എൽ& ടിക്ക് ബാങ്ക് ലോൺ തിരിച്ചടവ് തുടങ്ങണം. ഇതുവരെയുണ്ടായ വരുമാന നഷ്ടത്തിന് എൽ& ടി നഷ്ട പരിഹാരത്തിന് സർക്കാരിന്റെ മുമ്പിൽ അവകാശ വാദം ഉന്നയിച്ചിരിക്കുകയാണ്.

ഡൽഹി മെട്രോ കോർപറേഷൻ മാനേജിംഗ് ഡയറക്ടറും മെട്രോമാൻ എന്നറിയപ്പെടുന്ന ശ്രീധരൻ പറയുന്നത് ലോകത്തിലൊരിടത്തും പൊതു സ്വകാര്യ പങ്കാളിത്തത്തിൽ നിർമ്മിച്ച് പ്രവർത്തിക്കുന്ന മെട്രോ റെയിലൊന്നും പൂർണമായും വിജയിച്ചിട്ടില്ലെന്നാണ്. എല്ലാ നിർമാണ പ്രവർത്തനങ്ങൾക്കും സർക്കാർ പണം മുടക്കിയ ശേഷം സ്വകാര്യ മേഖല അതിന്റെ നടത്തിപ്പ് ഏറ്റെടുത്ത് വരുമാനം കൊണ്ടു പോകുന്നത് എത്ര വിഡ്ഢിത്തരമാണ്.

സബർബൻ റെയിൽവേ സർവീസ് ഇല്ലാതെ മുംബൈ നഗരത്തിന് നിലനിൽക്കാൻ കഴിയുമോ? സർക്കാരാണ് ഇതിന്റെ നൂറ് ശതമാനം മുതൽമുടക്ക്. ഇത്തരം സംരംഭങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നത് വലിയ കാര്യമല്ല. സർക്കാർ പണം നിക്ഷേപിച്ചില്ലെങ്കിൽ പിന്നെ ആരാണ് ഇത് ചെയ്യേണ്ടതെന്ന് ഇ ശ്രീധരൻ ചോദിക്കുന്നു. പൊതു ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിന് നിക്ഷേപവും നടത്തേണ്ടി വരും. കുറ്റമറ്റ സുരക്ഷാ പിഴവുകൾ ഇല്ലാത്ത ഗതാഗത സൗകര്യം ഒരു നഗരത്തെ ചലനാത്മകം ആക്കുകയും സാമ്പത്തിക വളർച്ചയിലേക്ക് നയിക്കുകയും ചെയ്യുമെന്നും അദ്ദേഹം പറയുന്നു.

### സംഗ്രഹം

പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ് റെയിൽവേയുടെ സ്വകാര്യവത്കരണം. പൊതു സമ്പത്ത് സ്വകാര്യമുതലാളിമാരുടെ കൈയിൽ ഏല്പിച്ചു കൊടുക്കുകയെന്നത് നവ-ഉദാരീകരണ നയത്തിന്റെ ഭാഗമാണ്. ലോകമെമ്പാടും ഈ നയങ്ങൾ നടപ്പാക്കപ്പെടുന്നു. ജനങ്ങളുടെ വോട്ട് കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്നവർ തദ്ദേശീയ- വിദേശീയ കോർപറേറ്റുകളുടെ താല്പര്യത്തിനു വേണ്ടി പ്രവർത്തിക്കുന്നു.

രാജ്യം തുടർച്ചയായി ഭരിച്ചുകൊണ്ടിരിക്കുന്ന യുപിഎ, എൻഡിഎ സർക്കാരുകൾ കഴിഞ്ഞ ഇരുപത്തഞ്ച് വർഷമായി ഈ നയങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റെയിൽവേയുടെ സ്വകാര്യവൽക്കരണം റെയിൽവെ ജീവനക്കാരെ മാത്രം ബാധിക്കുന്ന കാര്യമല്ല. ജനങ്ങൾക്ക് വിശേഷിച്ച് പാവപ്പെട്ടവർക്ക് ന്യായമായ നിരക്കിൽ യാത്ര ചെയ്യണം. രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതു സ്വത്തെന്ന നിലയിൽ റെയിൽവെ സംരക്ഷിക്കപ്പെടണം. പൊതു മേഖലാ സ്ഥാപനങ്ങൾ രാജ്യത്തെ

**തൊഴിലാളികളുടെ കൂട്ടായ ശബ്ദത്തെ അവഗണിച്ചുകൊണ്ട് വെല്ലുവിളിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അധ്വാനിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും അണിനിരത്തി രാജ്യത്താകമാനം തൊഴിലാളി വർഗത്തിന്റെ അനിശ്ചിതകാല സമരം നടത്താനാണ് ഡൽഹിയിൽ ചേർന്ന സംയുക്ത തൊഴിലാളി സംഘടനകളുടെ കൺവെൻഷൻ തീരുമാനിച്ചിരിക്കുന്നത്.**

ജനങ്ങളുടെ സ്വത്താണ്. കോർപ്പറേറ്റുകളെ തൃപ്തിപ്പെടുത്താൻ വേണ്ടി ജനങ്ങളുടെ പൊതുസ്വത്തായ റെയിൽവെയെ വില്പന നടത്തരുത്. ജനങ്ങളുടെ താല്പര്യങ്ങൾ സർക്കാർ ബലികഴിക്കാൻ പാടില്ല. തദ്ദേശീയരും, വിദേശീയരുമായ കോർപറേറ്റുകൾക്ക് നേട്ടമുണ്ടാക്കുന്നതിനായി പ്രവർത്തിക്കരുത്. റെയിൽവെയെ വിഴുങ്ങാനുള്ള സ്വകാര്യ കമ്പനികളുടെ നീക്കത്തിനെതിരായ പോരാട്ടത്തിൽ റെയിൽവെ ജീവനക്കാർ മാത്രമല്ല മുഴുവൻ തൊഴിലാളി സമൂഹവും, പൊതു ജനങ്ങളും ഒന്നിച്ച് അണിനിരക്കണം.

### ദേശവിരുദ്ധതയുടെയും നശീകരണത്തിന്റെയും ഗൂഢാലോചനയുടെ ശവക്കുഴി തോണ്ടാൻ അനുവദിക്കരുത്

സംയുക്ത ട്രേഡ് യൂണിയൻ വളരെ ശക്തമായി റെയിൽവേയുടെ സ്വകാര്യവത്കരണത്തെ എതിർക്കുകയാണ്. 2017 ആഗസ്ത് 8ന് നടന്ന സംയുക്ത ട്രേഡ് യൂണിയൻ കൺവെൻഷനിൽ ഇത് ഉന്നയിക്കപ്പെട്ടു. പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം പ്രധാന പ്രശ്നമായി ഉയർത്തിയാണ്, നവംബർ 9 മുതൽ 11 വരെ ഡൽഹിയിൽ പാർലമെന്റിന് മുന്നിൽ തൊഴിലാളികളുടെ മൂന്നു ദിവസത്തെ തുടർച്ചയായ ധർണ സംഘടിപ്പിച്ചിട്ടുള്ളത്.

തൊഴിലാളി വർഗത്തോട്, റെയിൽവെയിൽ വിവിധ ഭാഗങ്ങളിൽ സ്ഥിരവും കരാർ അടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളോട് അധ്വാനിക്കുന്ന ജനവിഭാഗത്തോട് സിഐടിയു ആഹ്വാനം ചെയ്യുന്നു. ഈ അപകടകരമായ പദ്ധതിയുമായി സർക്കാർ മുമ്പോട്ട് പോവുകയാണെങ്കിൽ അതിന്റെ ഭവിഷ്യത്ത് നേരിടേണ്ടി വരും. തൊഴിലാളികളുടെ കൂട്ടായ ശബ്ദത്തെ അവഗണിച്ചുകൊണ്ട് വെല്ലുവിളിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അധ്വാനിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും അണിനിരത്തി രാജ്യത്താകമാനം തൊഴിലാളി വർഗത്തിന്റെ അനിശ്ചിതകാല സമരം നടത്താനാണ് ഡൽഹിയിൽ ചേർന്ന സംയുക്ത തൊഴിലാളി സംഘടനകളുടെ കൺവെൻഷൻ തീരുമാനിച്ചിരിക്കുന്നത്.

### കേന്ദ്ര പൊതുമേഖല

# ഓഹരി വിറ്റഴിക്കലിന് ആക്കം കൂട്ടുന്നു




ഡോ. എം. പി. സുകുമാരൻ നായർ

**സാമ്പത്തിക ഞെരുക്കത്തെ താൽക്കാലികമായി മറികടക്കുന്നതിനുള്ള ഉപായമെന്ന രീതിയിലാണ് സ്വകാര്യ വൽക്കരണ നീക്കം കൂടുതൽ ശക്തമാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 50,000 മുതൽ 55,000 കോടി രൂപ കേന്ദ്ര ഖജനാവിലേക്ക് സ്വരൂപിക്കുകയാണ് ഇതുവഴി ലക്ഷ്യമാക്കിയിട്ടുള്ളത്. കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ധനകാര്യ മന്ത്രാലയം ഇതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2017-18 ലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ വഴി 72,500 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടിരുന്നത്. ഓഹരി വിറ്റഴിക്കൽ വഴി സ്ഥാപനത്തിന്റെ നേതൃത്വം കയ്യാളാനാഗ്രഹിക്കുന്നവർ മുഖ്യമായും ലക്ഷ്യമിടുന്നത് കമ്പനികളുടെ ഭൂസ്വത്ത്, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയാണ്.**

കേന്ദ്ര സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം കൂടുതൽ ശക്തമാക്കാനുള്ള നടപടികളുമായി മുന്നേറുകയാണ്. പ്ലാനിംഗ് കമ്മീഷനു പകരമായി സ്ഥാപിതമായ 'നീതി ആയോഗി'ന്റെ നിർദ്ദേശപ്രകാരം നോട്ടുനിരോധനം, ചരക്ക് സേവന നികുതി നടപ്പാക്കൽ എന്നീ ദീർഘവീക്ഷണമില്ലാത്ത സാമ്പത്തിക നടപടികൾ മൂലമുണ്ടായിട്ടുള്ള സമ്പദ് വ്യവസ്ഥയുടെ തകർച്ചയും തന്മൂലമുളവായിട്ടുള്ള സാമ്പത്തിക ഞെരുക്കത്തേയും താൽക്കാലികമായി മറികടക്കുന്നതിനുള്ള ഉപായമെന്ന രീതിയിലാണ് മുൻപറഞ്ഞ സ്വകാര്യ വൽക്കരണ നീക്കം കൂടുതൽ ശക്തമാക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 50,000 മുതൽ 55,000 കോടി രൂപ കേന്ദ്ര ഖജനാവിലേക്ക് സ്വരൂപിക്കുകയാണ് ഇതുവഴി ലക്ഷ്യമാക്കിയിട്ടുള്ളത്. കേന്ദ്ര മന്ത്രി സഭയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ധനകാര്യ മന്ത്രാലയം ഇതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന 17 പൊതുമേഖല സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നിതി ആയോഗിന്റെ നിർദ്ദേശത്തിന് പ്രധാനമന്ത്രിയുടെ ഓഫീസ് നവംബറിൽ അനുമതി നൽകുകയുണ്ടായി. കൂടാതെ മറ്റൊരു നിർദ്ദേശ മനുസരിച്ച് 22 പൊതുമേഖല സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി വിഹിതം 51 ശതമാനത്തിൽ താഴ്ത്തുന്നതിനും പ്രധാനമന്ത്രിയുടെ ഓഫീസ് അംഗീകാരം നൽകുകയുണ്ടായി. ഈ സ്ഥാപനങ്ങളിലെ ഓഹരികൾ മുഴുവനായിത്തന്നെ വിൽക്കുന്നതിനോ സർക്കാർ ചെറിയൊരളവിൽ നിക്ഷേപകനാവുന്നതിനോ സഹായകമായ രീതിയിലാണ് വിറ്റഴിക്കൽ പ്രക്രിയ വിഭാവനം ചെയ്തിട്ടുള്ളത്. ചില സന്ദർഭങ്ങളിലെങ്കിലും സ്ഥാപനങ്ങളുടെ ഭരണനേതൃത്വം കയ്യാളുന്ന വകുപ്പുകളുടെ എതിർപ്പിനെ നിരാകരിച്ചുകൊണ്ടാണ് നടപടികൾ മുന്നോട്ട് പോകുന്നത്.

എയർ ഇന്ത്യ, ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ മെഡിസിൻസ് ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ, റെയിൽവേയുടെ അനുബന്ധ കമ്പനികളായ ഐ. ആർ. സി. ടി. സി, ഇർക്കോൺ, മിശ്ര ധാതു നിഗം, മസാഗോൺ ഡോക്ക് എന്നിവയുടെ ഓഹരികൾ താമസിയാതെ വിറ്റഴിക്കപ്പെടുമെന്ന് കരുതുന്നു. അടുത്ത വർഷം നടക്കാൻ ഇടയുള്ള തെരഞ്ഞെടുപ്പുകളിൽ തിരിച്ചടിയുണ്ടാകുമെന്ന് തീർച്ചയായ സാഹചര്യത്തിലാണ് കേന്ദ്രസർക്കാരിന്റെ തിടുക്കത്തിലുള്ള ഈ നടപടി. ഈ വരുന്ന ഫെബ്രുവരി 1 ന് പാർലമെന്റിൽ അവതരിപ്പിക്കാനിരിക്കുന്ന കേന്ദ്ര ബഡ്ജറ്റിൽ ഇക്കാര്യത്തെക്കുറിച്ചുള്ള വിശദമായ നടപടികൾ ഉണ്ടാകുമെന്ന് കരുതുന്നു.

എയർ ഇന്ത്യയുടെ സ്വകാര്യവൽക്കരണ പരിപാടി മുൻപേതന്നെ കേന്ദ്രസർക്കാർ തുടങ്ങിവച്ചതാണ്. മെച്ചപ്പെട്ട പ്രതികരണങ്ങൾ ഒന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച പാർലമെന്റ് കമ്മിറ്റി ഈ സ്ഥാപനത്തെ പൊതുമേഖലയിൽ നിലനിർത്തി നിലവിലുള്ള കടബദ്ധ്യതകൾ തീർക്കുന്നതിനായി അഞ്ച് വർഷത്തെയെങ്കിലും സാവകാശം കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുനരുദ്ധാരണ നടപടികൾക്കായി ചെറിയതോതിൽ ചില സഹായങ്ങൾ വല്ലപ്പോഴും മാത്രം ചെയ്യുന്നതുകൊണ്ട് സ്ഥാപനത്തിന് മെച്ചപ്പെട്ട പ്രവർത്തനം നടത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാവില്ലെന്ന് അവർ കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ സ്വകാര്യവൽക്കരണത്തിന് ബദലായി മറ്റു സാമ്പത്തിക നടപടികളിലൂടെ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിനാണ് മുൻഗണന കൊടുക്കേണ്ടത് എന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നീതി ആയോഗിന്റെ സ്വകാര്യവൽക്കരണത്തിനുള്ള നിർദ്ദേശം കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെയുള്ളതാണെന്നും 2012 മുതൽ 2022 വരെയുള്ള 10 വർഷക്കാലയളവിലേക്കായി സ്ഥാപനം നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുനരുദ്ധാരണ പരിപാടി വിജയകരമായി ലക്ഷ്യം കണ്ടുവരികയാണെന്നും പാർലമെന്ററികാര്യ സമിതി കണ്ടെത്തിയിട്ടുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന സഹസ്ഥാപനങ്ങളായ എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവ്വീസ്, എയർ ഇന്ത്യ സാറ്റ്സ് ട്രാൻസ്പോർട്ട് സർവ്വീസ്, അലൈയിൻസ് എയർ,

കേന്ദ്ര സർക്കാർ വരുമാനം നവംബർ 2017 വരെ (കോടി രൂപ)

| | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-18 | യഥാർത്ഥ വരുമാനം നവം. 2017 വരെ | ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നേട്ടം (%) | |
|---|---|---|---|---|
| | | | 2017-18 ഇതുവരെ | 2016-17 |
| മൊത്തം വരുമാനം | 1600203 | 866710 | 54.2 | - 57.4 |
| മൊത്തം ചിലവ് | 2146735 | 1478815 | 68.9 | - 65 |
| ധനക്കമ്മി | 546532 | 612105 | 112 | - 85.8 |
| റവന്യൂ കമ്മി | 321734 | 489839 | 152.2 | - 98.2 |

അവലംബം : കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ്, ഇന്ത്യ.




# ഇരിണാവ് സർവീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ എൽ.എൽ. 116, ഇരിണാവ്, കണ്ണൂർ ജില്ല 670301**

**ഹെഡ് ഓഫീസ്: ഇരിണാവ്, ഫോൺ: 0497 2866637**

## ബ്രാഞ്ചുകൾ

| | |
|---|---|
| ഇരിണാവ് മെയിൻ | 2866237 |
| പയ്യട്ടം | 2867017 |
| മടക്കര | 2866354 |
| പയ്യട്ടം ഈവനിങ് | 2877500 |
| തെക്കുമ്പാട് | 2860991 |

**ആംബുലൻസ് & മൊബൈൽ ഫ്രീസർ സർവീസ് : 9495996237**



**പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ച ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്**

**സേവനത്തിന്റെ പാതയിൽ എന്നും**
**നാടിനും നാട്ടാർക്കുമൊപ്പം**

**സ്വകാര്യവൽക്കരണ ശ്രമങ്ങളെല്ലാം തന്നെ ചില സ്വകാര്യ സംരംഭകരുടേയും വ്യക്തികളുടേയും താല്പര്യത്തിനനുസൃതമായാണ് എന്നതാണ് വസ്തുത. ഈ വസ്തുത വെളിവാക്കുന്നതാണ് ചില കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ കേരളത്തിലെ യൂണിറ്റുകൾ സ്വകാര്യ വൽക്കരിക്കുന്നതുമായി സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട്.**

എയർ ഇന്ത്യ എക്സ്പ്രസ് എന്നിവ സ്വകാര്യ വൽക്കരിക്കേണ്ടതില്ലെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പ്രവർത്തന നഷ്ടം എഴുതി തള്ളണമെന്നും സ്വതന്ത്ര പൊതുമേഖല സ്ഥാപനം എന്ന നിലയിൽ പ്രവർത്തിക്കാൻ അനുവദിക്കണമെന്നും തൊഴിലാളികളുടെ ജീവിത മാർഗ്ഗം നഷ്ടപ്പെടുന്നതും യുദ്ധം മുതലായ പ്രതികൂല സാഹചര്യങ്ങളിൽ സർക്കാരിന് ഏറെ തുണ നൽകുന്നതുമായ ഈ സ്ഥാപനം യാതൊരു കാരണവശാലും സ്വകാര്യ വൽക്കരിക്കരുതെന്ന് അവർ അടിവരയിട്ട് പറയുന്നു. ഇടതുപക്ഷവും ട്രേഡ് യൂണിയനുകളും പാർലമെന്റിലും ഇതരവേദികളിലും തുടർച്ചയായി സ്വീകരിച്ചുവന്ന സ്വകാര്യ വൽക്കരണവിരുദ്ധ നിലപാടും പാർലമെന്ററി കമ്മിറ്റി ഇങ്ങനെ ഒരു നിർദേശം മുന്നോട്ടുവയ്ക്കാൻ സഹായകരമായി.

2017-18 ലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ വഴി 72,500 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 52,500 കോടി രൂപ സമാഹരിക്കുകയുണ്ടായി. സാമ്പത്തിക രംഗത്ത് അനുഭവപ്പെട്ടിരുന്ന മാന്ദ്യം പൂർണ്ണമായും മാറിയിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്രയും തുക ഓഹരി വിറ്റഴിക്കലിലൂടെ നേടാനായത് വലിയ നേട്ടമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന മിക്ക സ്ഥാപനങ്ങളും അവയുടെ സ്വയാർജ്ജിത മൂലധനമുപയോഗിച്ച് വികസന വൈവിദ്ധ്യവൽക്കരണ പരിപാടികൾ നടത്തുന്നതിന് അനുവാദം നൽകാത്ത സർക്കാർ അവയുടെ അവയുടെ ഓഹരി വിറ്റഴിക്കലിന് പ്രത്യേക മുൻഗണന നൽകിവരുന്നു. നിതി ആയോഗ് ഈ സ്ഥാപനങ്ങളെല്ലാം ദേശീയ സുരക്ഷ, പരമാധികാരം, കമ്പോള ഇടപെടൽ സാധ്യത, പൊതുജന താൽപ്പര്യം എന്നിവ കണക്കിലെടുത്ത് മുൻഗണന നിശ്ചയിച്ചതിൻ പ്രകാരമാണ് ഓഹരി വിറ്റഴിക്കൽ എന്നാണ് പ്രചരിപ്പിച്ച് വരുന്നത്. എന്നാൽ ഇക്കഴിഞ്ഞ കാലയളവിൽ നടത്തിയിട്ടുള്ള സ്വകാര്യവൽക്കരണ ശ്രമങ്ങളെല്ലാം തന്നെ ചില സ്വകാര്യ സംരംഭകരുടേയും വ്യക്തികളുടേയും താല്പര്യത്തിനനുസൃതമായാണ് എന്നതാണ് വസ്തുത. ഈ വസ്തുത വെളിവാക്കുന്നതാണ് ചില കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ കേരളത്തിലെ യൂണിറ്റുകൾ സ്വകാര്യ വൽക്കരിക്കുന്നതുമായി സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ നിലപാട്.

നമ്മുടെ സംസ്ഥാനത്ത് അടുത്തകാലത്ത് കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ യൂണിറ്റുകളായി പ്രവർത്തിക്കുന്ന പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസറഗോഡുള്ള ബി.എച്ച്.ഇ.എൽ-ഇ.എം.എൽ, കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, പാലക്കാട്ടെ ബി.ഇ.എം.എൽ., കൊച്ചിയിലെ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ്, തിരുവനന്തപുരത്തെ എച്ച്.എൽ.എൽ എന്നിവയാണ് ഓഹരി വിറ്റഴിക്കലിന് ലക്ഷ്യമാക്കിയിട്ടുള്ളത്. ഇൻസ്ട്രുമെന്റേഷന്റെ മാതൃസ്ഥാപനമായ രാജസ്ഥാനിലെ യൂണിറ്റ് അടച്ചുപൂട്ടുകയും പാലക്കാട് യൂണിറ്റ് സ്വകാര്യവൽക്കരിക്കുന്നതിനും ശ്രമമുണ്ടായി. ഈയവസരത്തിൽ സംസ്ഥാന സർക്കാർ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കുന്നതിന് സന്നദ്ധമായി. ഏതാണ്ട് ഒരുകൊല്ലത്തോളമായി വിവിധ തലങ്ങളിൽ ഇതിനായുള്ള ചർച്ച പുരോഗമിച്ച് വരികയാണ്. സംസ്ഥാന സർക്കാരുമായുള്ള ഇത്തരം ചർച്ചകളിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും കടുത്ത വിലപേശൽ ഉണ്ടാകുന്നുണ്ട്. തൊഴിലാളികളുടെ വേതന കുടിശ്ശികകൾ, സ്ഥാപനത്തിന്റെ തുടർ നടത്തിപ്പ് എന്നിവയിൽ എല്ലാം യാതൊരു താല്പര്യവുമില്ലാത്ത നിലപാടാണ് അവർ സ്വീകരിച്ച് വരുന്നത്. മുൻകാല ഇടപാടുകളിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുള്ള ഇളവുകൾ ഒന്നും തന്നെ പൊതുവിൽ അംഗീകരിക്കപ്പെടുന്നില്ല. ഓഹരി വിറ്റഴിക്കൽ വഴി സ്ഥാപനത്തിന്റെ നേതൃത്വം കയ്യാളാനാഗ്രഹിക്കുന്നവർ മുഖ്യമായും ലക്ഷ്യമിടുന്നത് കമ്പനികളുടെ ഭൂസ്വത്ത്, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയാണ്.

തൊഴിലാളി സംഘടനകൾ, പ്രതിപക്ഷ രാഷ്ട്രീയ കക്ഷികൾ, പാർലമെന്റ് സാമാജികർ, പ്രശസ്ത മാനേജ്മെന്റ് വിദഗ്ധർ എന്നിവരുടെയെല്ലാം അഭിപ്രായങ്ങളെ തള്ളിക്കൊണ്ടാണ് കേന്ദ്ര സർക്കാർ തീവ്രമായ സ്വകാര്യവൽക്കരണ നടപടികളുമായി മുന്നോട്ട് പോകുന്നത്. രാജ്യത്തെ എഞ്ചിനീയറിംഗ്, സാങ്കേതിക വിദ്യ, മാനേജ്മെന്റ് എന്നീ രംഗങ്ങളിൽ അഭിമാനകരമായ നേട്ടം കൈവരിച്ച പൊതുമേഖല സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ നടപടികൾക്കെതിരെ രാജ്യത്താകമാനം ശക്തമായ ചെറുത്തുനിൽപ്പ് ഉയരുന്നുണ്ട്. പാർലമെന്റിലും മറ്റുമുണ്ടാകുന്ന അംഗങ്ങളുടെ ശക്തമായ ഇടപെടലുകളെ തുടർന്ന് സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ നടപടികൾ താൽക്കാലികമായെങ്കിലും മാറ്റിവയ്ക്കപ്പെടുന്നുമുണ്ട്.■

# ‘മൂലധന’ത്തിലെ വൈരുദ്ധ്യാത്മകത


**ഡോ.ടി. ജയരാമൻ**

(പ്രൊഫസർ, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്)





**വൈരുദ്ധ്യവാദത്തിന്റെയും മൂലധനത്തിന്റെയും പ്രാധാന്യം തിരിച്ചറിയാൻ മാർക്സും എംഗൽസും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ അടുത്തടുത്തായി വെറുതേ ചേർത്തുനിർത്തുകയല്ല ചെയ്തത്. വൈരുദ്ധ്യവാദത്തെയും ഭൗതികവാദത്തെയും പുറത്തു നിന്നുള്ള രണ്ടാശയങ്ങളെന്ന നിലയിൽ ഒന്നിപ്പിക്കയുമായിരുന്നില്ല. അവരതിനെ സമഗ്രമായ സംയുക്ത ആശയമായി വികസിപ്പിച്ചെടുക്കയാണ് ചെയ്തത്. അങ്ങനെ പറയുമ്പോൾ അവ പ്രത്യേക ധാരകളായിരുന്നില്ല എന്നർഥമില്ല. പക്ഷെ അവയെ ഒന്നിപ്പിച്ച് ഒരു പുതിയ ദാർശനിക വീക്ഷണത്തിലേക്ക് നയിക്കുകയാണ് ചെയ്തത്. അതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് മാർക്സിന്റെ മൂലധനം. വൈരുദ്ധ്യാത്മകതയിൽ ദുരൂഹതയൊന്നുമില്ലെന്ന് മാർക്സ് പറഞ്ഞു. വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാന ആശയം സാധാരണക്കാരന്റെ ബുദ്ധിക്ക് ഉൾക്കൊള്ളാനാവും വിധം ഒരു കടലാസിൽ എഴുതി ഫലിപ്പിക്കാൻ ആവണമെന്നേയുള്ളൂ.**

**ലെനിൻ,** 'ഭൗതികവാദവും സാമ്രാജ്യ വിമർശനവും' എന്ന തന്റെ കൃതിയിൽ പോസിറ്റിവിസം എന്ന ദാർശനികധാരയെപ്പറ്റി വിശദമായ വിമർശനം നടത്തിയശേഷം, താൻ ആധുനിക ശാസ്ത്രീയ വികസനത്തെ വിമർശിച്ചു കൊണ്ടാണ് തുടക്കം കുറിച്ചതെങ്കിലും ഒടുവിൽ അത് ഭൗതികവാദത്തിന്റെ വിമർശനമായി മാറി എന്ന് അഭിപ്രായപ്പെട്ടു. അതിനാൽ ആധുനിക ശാസ്ത്രം വസ്തുനിഷ്ഠ യാഥാർഥ്യം എന്ന ധാരണ കൈയൊഴിഞ്ഞു എന്ന തോന്നലുണ്ടായെങ്കിൽ ഭൗതികവാദം എന്ന ആശയത്തെ പ്രതിരോധിക്കേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും വിപ്ലവ പ്രസ്ഥാനത്തിന്റെയും പ്രധാന ഉത്തരവാദിത്തമാണെന്ന ദ്ദേഹം കരുതി. ഭൗതികവാദത്തിന്റെ വിമർശനത്തിനു ശേഷം ആ പുസ്തകം അവസാനിക്കയാണെന്ന തോന്നലുമുണ്ടായി. അതിനാൽ ആ പുസ്തകത്തിന്റെ ജോലി അവസാനിപ്പിച്ച ശേഷം ഹെഗലിന്റെ ശാസ്ത്രീയ യുക്തിയുക്തതയെപ്പറ്റി ദീർഘമായ ഒരു പഠനത്തിൽ അദ്ദേഹം ഏർപ്പെട്ടു. ലെനിന്റെ സമാഹൃതകൃതിയിലെ വോല്യം 38 ൽ പ്രസിദ്ധീകരിച്ച ഹെഗലിന്റെ യുക്തിയുടെ ശാസ്ത്രം എന്ന ഗ്രന്ഥത്തിന്റെ മാർജിനിലെ കുറിപ്പുകൾ വൈരുദ്ധ്യാത്മകത സംബന്ധിച്ച പഠനത്തിന് ഇന്നും വിലപ്പെട്ടതാണ്. മൂലധനം പ്രസിദ്ധീകരിച്ച 150-ാം വാർഷികത്തിന്റെയും ബോൾഷെവിക് വിപ്ലവത്തിന്റെ നൂറാം വർഷത്തിന്റെയും മാർക്സ് ജനിച്ചതിന്റെ 200-ാം വർഷത്തിന്റെയും പശ്ചാത്തലത്തിൽ ഇന്നതിന് ഏറെ പ്രാധാന്യമുണ്ട്.

മാർജിൻ നോട്ട് ബുക്കിൽ അദ്ദേഹം പഴമൊഴിയെപ്പറ്റി പറയുന്നു. പഴമൊഴി ഏതാനും വാക്കുകളിൽ ഒരാശയമാകെ ഉൾക്കൊള്ളുന്നതാണ്. ഹെഗൽ മുന്നോട്ടുവച്ച യുക്തി നന്നായി പഠിച്ച് ഉൾക്കൊള്ളാൻ കഴിയുന്നിടത്തോളം മാർക്സിന്റെ മൂലധനം പ്രത്യേകിച്ചും അതിന്റെ ഒന്നാം അദ്ധ്യായം മനസ്സിലാക്കാനാവില്ലെന്ന് ലെനിൻ പറയുന്നു അതിനാൽ അര ശതാബ്ദം കഴിഞ്ഞിട്ടും ഒരു മാർക്സിസ്റ്റിനും മാർക്സിനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ട്രോട്സ്കിയെക്കുറിച്ചും പ്ലെഹനോവിനെക്കുറിച്ചുമൊക്കെ പറയുന്നുണ്ട്. അന്നത്തെ ഏറ്റവും പ്രമുഖ മാർക്സിസ്റ്റ് ദാർശനികനെന്നു കരുതപ്പെടുന്ന പ്ലെഹനോവിനെ അദ്ദേഹം പ്രത്യേകം വിമർശിക്കുന്നുണ്ട്. മറ്റു കാര്യങ്ങളിലെല്ലാം പ്ലെഹനോവ് നൽകിയ സംഭാവനകൾ അദ്ദേഹം അംഗീകരിക്കുന്നു. ഹെഗലിന്റെ ശാസ്ത്രത്തിന്റെ യുക്തി വായിച്ചപ്പോൾ പ്രത്യേകിച്ചും ലെനിൻ വിമർശനമുയർത്തി. പ്ലെഹനോവ് നേരത്തെ ചെയ്തത് വഞ്ചനയായെന്ന് അദ്ദേഹം സൂചിപ്പിച്ചു. വൈരുദ്ധ്യാത്മകതയെപ്പറ്റി ശരിയായ ധാരണയില്ലാഞ്ഞതാകാം അതിനുകാരണം. പ്ലഹനോവ് തീർച്ചയായും ഒരു ഭൗതികവാദിതന്നെ. പക്ഷെ വൈരുദ്ധ്യാത്മകത എന്തെന്ന് മനസ്സിലാക്കിയില്ല എന്നതായിരുന്നു പ്രശ്നം. ഹെഗലിന്റെ ശാസ്ത്രത്തിന്റെ യുക്തി പ്ലെഹനോവിന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. പിന്നീട് സോവിയറ്റ് വിപ്ലവത്തിനു ശേഷം ഒരു പുതിയ പ്രസിദ്ധീകരണം തുടങ്ങിയ അവസരത്തിൽ മാർക്സിസ്റ്റുകൾ പ്രസ്തുത പ്രസിദ്ധീകരണത്തിൽ ഹെഗലിനെപ്പറ്റി, എഴുതണമെന്നും അ പ്രസിദ്ധീകരണം ഹെഗലിയൻ വൈരുദ്ധ്യാത്മകതയുടെ ഭൗതിക തലച്ചോറുകളുടെ ഒരു സമൂഹമായി മാറണമെന്നും ലെനിൻ കുറിച്ചു. വിപ്ലവ കാലഘട്ടത്തിലെ മുൻനിരക്കാരെ പരാമർശിച്ച് ലെനിൻ അങ്ങനെ പറഞ്ഞെങ്കിൽ ആ വിമർശനം നമുക്ക് എങ്ങനെയാണിന്ന് ബാധകമാകുക എന്ന് സങ്കൽപിക്കാവുന്നതേയുള്ളൂ. 'മെറ്റീരിയലിസവും എംപീരിയോ ക്രിറ്റിസവും' എന്ന കൃതി തുടങ്ങിയശേഷം എന്തുകൊണ്ട് ലെനിൻ ഹെഗലിന്റെ ശാസ്ത്രത്തിന്റെ യുക്തിയിലേക്കു തിരിഞ്ഞെന്ന ചോദ്യം ഇ.എം.എസ് ഉയർത്തിയിട്ടുണ്ട്. വൈരുദ്ധ്യാത്മകത എന്തെന്ന് പഠിക്കാതെ വൈരുദ്ധ്യാത്മകത തിരിച്ചറിയാൻ അറിയില്ല എന്നതാണ് അതിന്റെ ഒരു കാരണം.

വൈരുദ്ധ്യാത്മകതയിൽ ദുരൂഹതയൊന്നുമില്ലെന്ന് മാർക്സ് പറഞ്ഞു. വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാന ആശയം സാധാരണക്കാരന്റെ ബുദ്ധിക്ക് ഉൾക്കൊള്ളാനാവും വിധം ഒരു കടലാസിൽ എഴുതി ഫലിപ്പിക്കാൻ ആവണമെന്നേയുള്ളു. ഹെഗൽ നൽകിയ ആശയ പ്രതലത്തിൽ നിന്ന് മാറ്റി യുക്ത്യാധിഷ്ഠിത രൂപത്തിൽ അവതരിപ്പിക്കണം. ഹെഗൽ അതിനെ തല തിരിച്ചിട്ടു എന്നും മാർക്സ് പറഞ്ഞില്ല. ഹെഗലിന് വൈരുദ്ധ്യാത്മകത മനസ്സിലായെന്നും അത് തലതിരിഞ്ഞ രൂപത്തിലാണ് അദ്ദേഹം കണ്ടതെന്നുമാണ് എപ്പോഴും പറഞ്ഞിട്ടുള്ളത്. അതിനാൽ നമുക്കത് തിരുത്തണം വൈരുദ്ധ്യാത്മകതയെ സ്വന്തം കാലിൽ നിർത്തണം.

**രണ്ട് ദാർശനിക ധാരകൾ**

വൈരുദ്ധ്യാത്മകതയെപ്പറ്റി പറയുമ്പോൾ അത് വൈരുദ്ധ്യാത്മക ഭൗതികവാദത്തെയാണു ദ്ദേശിക്കുന്നതെന്ന് നമുക്കറിയാം. ചരിത്രപരമായി വ്യതിരിക്തമായ രണ്ടു ദാർശനിക ധാരകൾ നിലനിന്നിരുന്നെന്നും വൈരുദ്ധ്യാത്മക ഭൗതികവാദത്തിലേക്കെത്തുന്നത് ഹെഗൽ മുന്നോട്ടു വച്ച വൈരുദ്ധ്യാത്മകതയുടെയും ഫോയർബഹ് ഹെഗലിന്റെ വൈരുദ്ധ്യവാദത്തെ വിമർശിച്ചുകൊണ്ട് നിർദ്ദേശിച്ച ഭൗതികവാദത്തിന്റെയും സമ്മേളനമായിരുന്നുവെന്നും അറിയാം.

ഹെഗലിനെപ്പറ്റി ഫോയർബാഹ് ഉന്നയിച്ച വിമർശനത്തിൽ നിന്ന് മാർക്സിന് ഏറെ പഠിക്കാൻ കഴിഞ്ഞു. അതിനൊപ്പം ഭൗതിക വാദത്തിൽ നിന്ന് വേണ്ടിയിരുന്നതും, ഫോയർബാഹിന് മനസ്സിലാക്കാൻ കഴിയാതിരുന്നവയെന്തെന്നും മാർക്സ് കണ്ടു. വൈരുദ്ധ്യവാദത്തിന്റെയും മൂലധനത്തിന്റെയും പ്രാധാന്യം തിരിച്ചറിയാൻ മാർക്സും എംഗൽസും വൈരുദ്ധ്യാത്മക ഭൗതികവാദത്തെ അടുത്തടുത്തായി വെറുതേ ചേർത്തുനിർത്തുകയല്ല ചെയ്തത്. വൈരുദ്ധ്യ വാദത്തെയും ഭൗതികവാദത്തെയും പുറത്തു നിന്നുള്ള രണ്ടാശയങ്ങളെന്ന നിലയിൽ ഒന്നിപ്പിക്കയുമായിരുന്നില്ല. അവരതിനെ സമഗ്രമായ സംയുക്ത ആശയമായി വികസിപ്പിച്ചെടുക്കയാണ് ചെയ്തത്. അങ്ങനെ പറയുമ്പോൾ അവ പ്രത്യേക ധാരകളായിരുന്നില്ല എന്നർഥമില്ല. പക്ഷെ അവയെ ഒന്നിപ്പിച്ച് ഒരു പുതിയ ദാർശനിക വീക്ഷണത്തിലേക്ക് നയിക്കുകയാണ് ചെയ്തത്. അതിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് മാർക്സിന്റെ മൂലധനം. മൂലധനത്തിന്റെ രണ്ടാമത് ജർമൻ എഡിഷനിൽ മാർക്സ് അത് വ്യക്തമാക്കിയിട്ടുണ്ട്. ഏറെ പ്രാധാന്യത്തോടെ ലെനിൻ അതിന് ഇങ്ങനെ അടിവരയിട്ടു. അങ്ങുമിങ്ങും കഷണം കഷണമായിട്ടുമല്ലാതെ മുതലാളിത്തത്തെ പൂർണ അർഥത്തിൽ കണിശതയോടെ വൈരുദ്ധ്യാത്മ രൂപത്തിൽ, വൈരുദ്ധ്യ ഭൗതികഭാഗങ്ങളെ സമഗ്രമായി സംയോജിപ്പിച്ച പഠനത്തിന്റെ ഒന്നാമത്തെ ഉദാഹരണം - വൈരുദ്ധ്യവാദവും, ഭൗതികവാദവും - അതിലുണ്ട്. അവ രണ്ടും വേർതിരിച്ചറിയാനും കഴിയും. എന്നാൽ അവ കേവലം യാന്ത്രികമായി കൂട്ടിച്ചേർത്തതല്ല. അവിഭാജ്യ രീതിയിൽ പരസ്പരം സംയോജിപ്പിച്ചതാണ്. ഭൗതികവാദം സംബന്ധിച്ച അറിവിന്റെ തിയറിക്കു തുല്യമാണത്. വൈരുദ്ധ്യവാദത്തിനും യുക്തിക്കും തുല്യമാണത് എന്ന് ലെനിൻ ചൂണ്ടിക്കാണിച്ചു. എന്തിനാണ് ഇങ്ങനെ മൂന്നു വിശേഷണം? ഒന്നു പോരെ? അവയുടെ പരസ്പരബന്ധത്തിന്റെ സമഗ്രത അത്രത്തോളം ആഴത്തിലുള്ളതാണ് എന്നാണതിനുത്തരം.

ഇത് വളരെ പ്രധാനമാണ്. വൈരുദ്ധ്യാത്മക ഭൗതിക വാദത്തെ തത്വാധിഷ്ഠിതമായി അക്കദമീയമായൊക്കെ ഊർജസ്വലതയോടെ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. മുതലാളിത്തത്തെ അതിജീവിക്കാനുള്ള സാമൂഹ്യ പരിവർത്തനത്തിന്റെ ആശയാധിഷ്ഠിത ഉപകരണമാണത്. ഉപകരണമാണ് എന്നതുകൊണ്ട് ഏതാനും ബുദ്ധിജീവികളുടെ കൈവശമോ ഏതെങ്കിലും പാർട്ടികളിലോ ആയി ചുരുങ്ങുകയല്ല,

> **മൂലധനത്തിന്റെ രണ്ടാമത് ജർമൻ എഡിഷനിൽ മാർക്സ് കൂടുതൽ വൈരുദ്ധ്യാത്മക ഭൗതികവാദത്തെക്കുറിച്ച് കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്. ഏറെ പ്രാധാന്യത്തോടെ ലെനിൻ അതിന് ഇങ്ങനെ അടിവരയിട്ടു. അങ്ങുമിങ്ങും കഷണം കഷണമായിട്ടുമല്ലാതെ മുതലാളിത്തത്തെ പൂർണ അർഥത്തിൽ കണിശതയോടെ വൈരുദ്ധ്യാത്മ രൂപത്തിൽ, വൈരുദ്ധ്യ ഭൗതികഭാഗങ്ങളെ സമഗ്രമായി സംയോജിപ്പിച്ച പഠനത്തിന്റെ ഒന്നാമത്തെ ഉദാഹരണം - വൈരുദ്ധ്യവാദവും, ഭൗതികവാദവും - അതിലുണ്ട്. അവ രണ്ടും വേർതിരിച്ചറിയാനും കഴിയും. എന്നാൽ അവ കേവലം യാന്ത്രികമായി കൂട്ടിച്ചേർത്തതല്ല. അവിഭാജ്യ രീതിയിൽ പരസ്പരം സംയോജിപ്പിച്ചതാണ്. ഭൗതികവാദം സംബന്ധിച്ച അറിവിന്റെ തിയറിക്കു തുല്യമാണത്. വൈരുദ്ധ്യവാദത്തിനും യുക്തിക്കും തുല്യമാണത് എന്ന് ലെനിൻ ചൂണ്ടിക്കാണിച്ചു.**

തൊഴിലാളിവർഗ്ഗത്തിന്റെ അതിവിപുലമായ ശ്രേണികളിലെത്തിക്കുയാണുവേണ്ടത്.

നമ്മുടെ വിപ്ലവപ്രവർത്തനത്തിന്റെ ചരിത്രത്തിൽ നാമെപ്പോഴും വൈരുദ്ധ്യവാദം പഠിപ്പിക്കുന്നതിൽ നല്ലശ്രദ്ധ നൽകിയിട്ടുണ്ട്. വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം എന്ന പുസ്തകമുൾപ്പെടെ സോവിയറ്റ് പ്രോഗ്രസീവ് പബ്ലിഷേഴ്സിന്റെയും മറ്റും ധാരാളം പ്രസിദ്ധീകരണങ്ങളും വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ ദാർശനികവും തത്വശാസ്ത്രപരവുമായ വികാസം സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ കുറഞ്ഞ വിലയ്ക്ക് പ്രചരിപ്പിച്ചിട്ടുണ്ട്. ചരിത്രകാരനായ എറിക് ഹോബ്സ്ബാം പറഞ്ഞതുപോലെ ഒരു പുതിയ ആശയം അതെത്ര വ്യക്തമല്ലാത്ത രീതിയിൽ ലളിതമല്ലാതെ ഉൾക്കൊണ്ടാലും അത് ലോകത്തെ ഒരു പുതിയ രീതിയിൽ നോക്കിക്കാണാൻ, ശുദ്ധവായു ശ്വസിച്ച പ്രതീതിയുണ്ടാക്കാൻ പ്രചോദനം നൽകും. ശാസ്ത്രം വികസിച്ചു വന്നതുപോലെ. ആ നിലക്ക് താഴേക്കു പകർന്നു നൽകലിന് ഏറെ പ്രാധാന്യമുണ്ട്. ഒരിക്കൽ പഠിപ്പിക്കാൻ തുടങ്ങുകയും തുടർച്ചയായി പഠിപ്പിച്ചതു തന്നെ ആവർത്തിക്കുകയും ചെയ്യുമ്പോൾ പഴയ പഠന രീതിയിൽ തന്നെ നാം കുടുങ്ങിക്കിടക്കയും പുതിയ പ്രതലത്തിൽ കാര്യങ്ങളെ വിലയിരുത്താൻ കഴിയാതെ വരികയും ചെയ്യും. അങ്ങനെ വൈരുദ്ധ്യ വാദത്തെ വികസിപ്പിക്കുന്നതിലും മുന്നോട്ടു കൊണ്ടുപോകുന്നതിലും ഇവിടെ നമ്മുടെ പ്രസ്ഥാനം ആവശ്യത്തിനൊത്തുയരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. ഇത് ഞാൻ പറയുന്നത് വിമർശകന്റെ രീതിയിലല്ല – ഈ ശാസ്ത്രത്തിനായി പ്രവർത്തിക്കയും മാർക്സിസത്തിന്റെ പ്രധാന അംശങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും ചെയ്യുന്ന ഒരാളിന്റെ സ്വയം വിമർശനം എന്ന നിലക്കാണ്. ശാസ്ത്രീയമെന്നു പറയുമ്പോൾ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയിൽ വൈരുദ്ധ്യവാദത്തിന്റെ പഠനത്തിന് പ്രത്യേക ശ്രദ്ധ നൽകണമെന്നാണ് അർഥമാക്കുന്നത്. ഒരു വ്യക്തിക്ക് അതിന് പരിഹാരം കാണാൻ കഴിയില്ല. എന്നാൽ പരിചയവും കഴിവും ഉള്ളവർ ഇത് ഇനിയും മുന്നോട്ടു കൊണ്ടുപോകുമെന്ന പ്രതീക്ഷയിൽ നമുക്കറിയാവുന്ന കാര്യങ്ങൾ പരമാവധി പേർക്ക് പകർന്നു നൽകാൻ കഴിയും.

വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാന ഘടന സംബന്ധിച്ച് ഒരു ബ്ലൂപ്രിന്റ് മാർക്സ് തന്നിട്ടില്ല. മാർക്സിന്റെയും എംഗൽസിന്റെയും കൃതികളിൽ രണ്ടു പ്രധാന ഇടങ്ങളിൽ വൈരുദ്ധ്യാത്മകത സൂചിപ്പിക്കുന്നുണ്ട്.

**നമ്മുടെ വിപ്ലവപ്രവർത്തനത്തിന്റെ ചരിത്രത്തിൽ നാമെപ്പോഴും വൈരുദ്ധ്യവാദം പഠിപ്പിക്കുന്നതിൽ നല്ലശ്രദ്ധ നൽകിയിട്ടുണ്ട്. ഒരിക്കൽ പഠിപ്പിക്കാൻ തുടങ്ങുകയും തുടർച്ചയായി പഠിപ്പിച്ചതു തന്നെ ആവർത്തിക്കുകയും ചെയ്യുമ്പോൾ പഴയ പഠന രീതിയിൽ തന്നെ നാം കുടുങ്ങിക്കിടക്കയും പുതിയ പ്രതലത്തിൽ കാര്യങ്ങളെ വിലയിരുത്താൻ കഴിയാതെ വരികയും ചെയ്യും. അങ്ങനെ വൈരുദ്ധ്യ വാദത്തെ വികസിപ്പിക്കുന്നതിലും മുന്നോട്ടു കൊണ്ടുപോകുന്നതിലും ഇവിടെ നമ്മുടെ പ്രസ്ഥാനം ആവശ്യത്തിനൊത്തുയരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്.**

അതിലൊന്ന് എംഗൽസിന്റെ പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയാണ്. അതിൽ വൈരുദ്ധ്യാത്മകതയന്തെന്ന് തികച്ചും പഠനാർഹ രീതിയിൽ അദ്ദേഹം വിവരിച്ചിട്ടുണ്ട്. പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയിൽ എംഗൽസ് അതിനെ അതിലളിതവൽക്കരിച്ചുവെന്നും അതിനെ അസംസ്കൃത രൂപത്തിലാക്കിയെന്നും ചിലർ അലസമായി പ്രതികരിക്കുന്നുണ്ട്. എന്നാൽ അനേകം ഉദാഹരണങ്ങൾ വരച്ചിട്ടുകൊണ്ട് ഹെഗലിയൻ വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാന ആശയങ്ങൾ വിശദമാക്കുകയാണ് അദ്ദേഹം ചെയ്തത്. വൈരുദ്ധ്യാത്മകതയുടെ ഏറ്റവും സങ്കീർണമായ പല ഘടകങ്ങളും വിശദമായും ലളിതമായും വിശദീകരിച്ചിട്ടുള്ളത്. അതിൽ നമുക്ക് കാണാൻ കഴിയും.

രണ്ടാമത്തേത് 'ഗ്രുണ്ടിസ്സേ' എന്ന ഗ്രന്ഥമാണ് .ഏകദേശം രണ്ടുവർഷക്കാലം മാർക്സ് മുതലാളിത്തഘടനയുടെ ആകെ രൂപം ഉൾക്കൊള്ളിക്കും വിധം കുറിച്ചിട്ട നോട്ടുകളുടെ സമാഹാരമാണ് ഗ്രുണ്ടിസ്സേ എന്ന ഗ്രന്ഥം. മൂലധനത്തിന്റെ മൂന്നാം വോള്യത്തിൽ ലാഭനിരക്കിന്റെ താഴ്ച തുടങ്ങി മുതലാളിത്തത്തിന്റെ ഘടനയാകെ ഒറ്റ ചിമിഴിൽ മാർക്സ് ഉൾക്കൊള്ളിച്ച വിവരങ്ങളാണ് എംഗൽസ് സമാഹരിച്ചു പ്രസിദ്ധീകരിച്ചത്. ഇവയൊക്കെ നോട്ടുബുക്കിലെ കുറിപ്പുകളാണ്. അവയെല്ലാം ചേർത്ത് മുതലാളിത്തത്തിന്റെ മൊത്തം ഘടനയായി വികസിക്കുന്നു. ഗ്രുണ്ടിസ്സേയുടെ തുടക്കത്തിലും അർഥശാസ്ത്ര വിമർശനത്തിന്റെ പ്രവേശികയിലും മാർക്സ് സാമ്പത്തികശാസ്ത്രത്തെപ്പറ്റി വിവരിക്കുന്നു. മൂലധനത്തിന്റെ മൊത്തം പഠനത്തിൽ ഈ ഭാഗമാകെ വൈരുദ്ധ്യാത്മകതയിൽ അധിഷ്ഠിതമായ ഘടനയുടെ വിവരണമാണ്. എല്ലാ ശാസ്ത്രവും ആരംഭിക്കുന്നത് നിരീക്ഷണ രീതിയിലൂടെയാണെന്ന് അതിൽ വ്യക്തമായി പറയുന്നു. അതിനാൽ നിങ്ങൾ മൂലധനത്തെപ്പറ്റിയാണ് പഠിക്കാൻ പോകുന്നതെങ്കിൽ സാമ്പത്തിക പ്രവർത്തനത്തിനു പുറത്തുള്ള ലോകത്തെപ്പറ്റിയാണ് നിങ്ങൾ പഠിക്കേണ്ടത്. എല്ലാ ശാസ്ത്രപഠനത്തിന്റെയും തുടക്കം അങ്ങിനെയാണ്. സോളാർ സിസ്റ്റത്തെപ്പറ്റി പഠിക്കണമെങ്കിൽ ആകാശത്തെ പറ്റിയുള്ള പഠനത്തിൽ നിന്ന് തുടങ്ങണം. ശാസ്ത്രം സംബന്ധിച്ച എല്ലാ പഠനങ്ങളും അങ്ങനെ തന്നെയാണ്. ഇങ്ങനെ ആരംഭിച്ച് സാവകാശം പരിശ്രമങ്ങളിലൂടെ, യാഥാർഥ്യത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഇഴപിരിച്ച് തീരുമാനങ്ങളിലെത്തുന്നു. തനിക്കു മുൻപു കടന്നുപോയ എല്ലാ ശാസ്ത്രകാരന്മാരെയും മാർക്സ് പുകഴ്ത്തുന്നു. അതുകൊണ്ടാണദ്ദേഹം ആഡംസ്മിത്തിനെ ഉപേക്ഷിക്കാത്തത്. റിക്കാർഡോയെയും ഉപേക്ഷിച്ചില്ല. മാൽത്തൂസിനെയും. എന്നാൽ അവർക്കൊക്കെ അദ്ദേഹം മറുപടി പറഞ്ഞു. ശാസ്ത്രരംഗത്തെ പ്രവർത്തനം അതിന്റെ വിശാലതയിൽ തൊട്ടാകണം.

**പൊതു അമൂർത്തത**

മാർക്സ് അതിനെ വിശേഷിപ്പിക്കുന്നത് നിശ്ചിതമായ പൊതു അമൂർത്തത എന്നാണ്. എന്താണ് ഈ ചില അടിസ്ഥാന പൊതു അമൂർത്തതകൾ? അവ മൂർത്തമല്ല മൂല്യമാണ്. നിങ്ങളതീ ലോകത്ത് കാണന്നുതല്ല. മൂല്യമെന്നൊന്നില്ല. സൂര്യനുചുറ്റും ഭൂമി കറങ്ങുന്നു എന്നു നാം പറയുമ്പോൾ ഗുരുത്വാകർഷണം നിങ്ങൾ കാണുന്നുണ്ടോ? ഗുരുത്വാകർഷണം അമൂർത്തതയാണ്. എന്നാൽ അത് യാഥാർഥ്യവുമാണ്. അതിനാൽ നാം ഇപ്രകാരമുള്ള ചില അടിസ്ഥാനപൊതു അമൂർത്തതകളിലേക്കെത്തുന്നു. ആ ചിലതിൽ നിന്നും ചില പ്രത്യേകതകൾ വികസിപ്പിക്കുന്നു. അങ്ങനെ സാമ്പത്തിക ഘടനയെപ്പറ്റി മൊത്തത്തിൽ പഠിച്ച് അതിന്റെ അവാന്തര വിഭാഗങ്ങളായ ഭരണകൂടം, അന്താരാഷ്ട്ര എക്സ്ചേഞ്ച്, കമ്പോളം, ലോകകമ്പോളം എന്നിവയെപ്പറ്റി പഠിക്കുന്നു. ഏതു ശാസ്ത്രത്തിനും ഇത് ബാധകമാണ്. സോളാർ സിസ്റ്റത്തെക്കുറിച്ചുള്ള അറിവിലെത്തിച്ച ശാസ്ത്രീയ വിപ്ലവത്തിന്റെ കാര്യമെടുക്കുക. ലോകത്തെ കുറിച്ചുള്ള പഠനത്തിൽ നിന്നാണതിന്റെ തുടക്കം. ക്രമേണ അതിൽ നിന്ന് കോപ്പർനിക്കസ്, ഗലീലിയോ പോലെയുള്ളവർ ചില പൊതു അമൂർത്തതകളിലേക്കെത്തിച്ചേർന്നു. പിന്നീട് അവയൊരു നിയമരൂപത്തിലാക്കി. അതാണ് ഗുരുത്വാകർഷണശക്തി എന്ന ആശയമായി മാറിയത്. പിന്നീട് ശാസ്ത്രം അസ്ട്രോഫിസിക്കൽ രീതികൾ വിശദീകരിക്കാൻ തുടങ്ങി. അങ്ങനെയാണ് ഈ ഭൗതിക ലോകത്തെ പറ്റി നാം മനസ്സിലാക്കിത്തുടങ്ങിയത്. ഇതാണ് വൈരുദ്ധ്യാത്മക രീതിയെന്ന് മാർക്സ് പറഞ്ഞു. നിർഭാഗ്യവശാൽ വൈരുദ്ധ്യാത്മകത വിശാലതയെക്കുറിച്ചുള്ള അവ്യക്തമായ ചില ധാരണകളാണെന്ന് അനേകംപേർ കരുതുന്നു. അത് അതിന്റെ പൂർണതയിലാണ് പഠിക്കേണ്ടതെന്നും അവർ കരുതുന്നു.

ഞാൻ തീരെ അസംസ്കൃതവും തികച്ചും ലളിതവുമായ ഒരു ഉദാഹരണം പറയാം. നാം എങ്ങിനെയാണ് അവിയലുണ്ടാക്കുന്നത്. അവിയലിനെപ്പറ്റി നിങ്ങൾക്ക് കവിതയെഴുതാം. അവിയലും മലയാളിത്തവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന സാംസ്ക്കാരിക സിദ്ധാന്തങ്ങളുമുണ്ടാക്കാം. അതുകൊണ്ടൊന്നും അവിയലുണ്ടാവില്ല.

അതുണ്ടാക്കണമെങ്കിൽ അതിനുവേണ്ട ചേരുവകൾ മുറിച്ചുണ്ടാക്കണം. അവയുടെ പരസ്പരബന്ധം നോക്കണം സമഗ്രമാക്കാൻ അവയെങ്ങനെ ചേർക്കണമെന്നറിയണം. അതൊക്കെ അറിഞ്ഞാലേ അവിയലുണ്ടാക്കാൻ കഴിയൂ. അതുകൊണ്ടാണ് മാർക്സ് പറഞ്ഞത്. നിങ്ങൾക്കതുണ്ടാക്കാൻ കഴിയാത്തത് നിങ്ങൾക്കറിയാത്തതുകൊണ്ടാണ്. മാർക്സിന്റെ മൂലധനത്തിന്റെ സാരംശം അതാണെന്നു പറയാം.

തുടക്കത്തിൽ നിന്നാണ് മാർക്സ് തുടങ്ങുന്നത്. ചരക്കുകളുടെ കൈമാറ്റത്തിന്റെ ഒരു വമ്പൻകൂട്ടം ലോകം നമ്മുടെ മുന്നിൽ എത്തിച്ചിട്ടുണ്ട്. അർഥശാസ്ത്രം സംബന്ധിച്ച പഠനത്തിന്റെ തുടക്കത്തിൽ എല്ലായ്പോഴും മാർക്സ് ആരംഭിക്കുന്നത് ഈ വാചകത്തിലൂടെയാണ്. അതിന് മാർക്സ് ആശ്രയിച്ചത് ഹെഗലിനെയാണ്. ലാഭത്തിന്റെ സിദ്ധാന്തത്തെ പൂർണമായും താൻ മറിച്ചിട്ടു എന്ന് തന്റെ ഒരു കത്തിൽ മാർക്സ് എംഗൽസിനെഴുതി. ഗ്രുണ്ട്രിസ്സെയിൽ അധ്വാനവും അധ്വാനശക്തിയും മാർക്സ് അങ്ങനെ വേർതിരിച്ചിരുന്നില്ല. എന്നാൽ ആ പാതയിലേക്ക് അദ്ദേഹം നീങ്ങുകയായിരുന്നു. ഗ്രുണ്ടിസ്സേയുടെ അവസാനമെത്തുമ്പോഴെക്കും അദ്ദേഹം അധ്വാനശക്തിയെപ്പറ്റി പ്പറയുമെന്ന് വ്യക്തമായിരുന്നു. എന്നാലും മറ്റു സാമ്പത്തിക ശാസ്ത്രകാരന്മാരുടെ മുൻനിഗമനത്തിനു വിരുദ്ധമായി ലാഭത്തിന്റെ അടിസ്ഥാനം താൻ മറിച്ചിട്ടുവെന്ന് അന്നേ അദ്ദേഹം അവകാശപ്പെട്ടു.

ഗ്രുണ്ടിസ്സേ പ്രസിദ്ധീകരിച്ച സമയത്ത് അതിന്റെ പരിഭാഷകനായ മാർട്ടിൻ നിക്കോളാസ് അതിന്റെ അവതാരികയിൽ ആ കൃതിയും മൂലധവുമായി ബന്ധപ്പെടുത്തി ഗ്രന്ഥത്തിന്റെ പ്രാധാന്യം സൂചിപ്പിച്ച് നല്ല ഒരു വിശദീകരണം നൽകി. മൂലധനം പണി പൂർത്തിയാക്കിയ ഒരു കെട്ടിടമാണെങ്കിൽ പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തെയാണ് ഗ്രുണ്ടിസ്സേയിൽ കാണാൻ കഴിയുക എന്നദ്ദേഹം പറഞ്ഞു. അതിനാൽ കെട്ടിടത്തിന്റെ താങ്ങുകൾ അവിടെയുണ്ട്. പണികഴിഞ്ഞ കെട്ടിടത്തിൽ അതെങ്ങനെ നിർമിച്ചെന്നും. ഓരോ ഭാഗത്തിന്റെയും പ്രത്യേകത പറഞ്ഞു തരണമെങ്കിൽ അതിന് വിദഗ്ധനായ ഒരു എഞ്ചിനീയർ ആവശ്യമാണ്. ഗ്രുണ്ട്രിസ്സേയിൽ കാണാൻ കഴിയുന്നത് മാർക്സിന്റെ മൂലധനത്തിന്റെ നിർമാണമാണ്. നിർമാണം അവഗണിച്ചാൽ രണ്ടുതരം ആശയക്കുഴപ്പങ്ങൾ കടന്നുവരാം. അവ പരസ്പരബന്ധിതവുമാണ്. ഒന്ന് വൈരുദ്ധ്യാത്മകത എന്നത് ശാസ്ത്രീയ കണ്ടുപിടിത്തത്തിനുശേഷം ഉണ്ടാക്കിയ നേട്ടമാണ്. ഇതാണ് വൈരുദ്ധ്യാത്മകത എന്നു പറഞ്ഞാൽ നേരത്തെ നിങ്ങൾ പറഞ്ഞില്ലല്ലോ,

**എംഗൽസ് ചൂണ്ടിക്കാട്ടിയ പോലെ വൈരുദ്ധ്യാത്മകതക്ക് നിയമങ്ങളുണ്ട്. ഗണത്തിൽ നിന്ന് ഗുണത്തിലേക്കുള്ള മാറ്റം, വിപരീതങ്ങളുടെ ഐക്യവും സമരവും നിഷേധത്തിന്റെ നിഷേധം എന്നിവ. മൂലധനത്തിന്റെ നിർമ്മിതിയിൽ ഇതിന്റെയെല്ലാം സാംഗത്യമെന്താണ്? എവിടെ നിന്നാണ് എല്ലാം തുടങ്ങുന്നത്? എല്ലാം തുടങ്ങുന്നത് ചരക്കുകളുടെ പഠനത്തിൽ നിന്നാണ്. ഹെഗൽ ചോദിക്കുന്നു. നിങ്ങൾ ലോകത്തെ എങ്ങനെയാണ് പഠിക്കുന്നത്? നിങ്ങളുടെ മുന്നിലുള്ളത് പദാർഥം പോലെയുള്ള ഒരു സാധനമാണ്. അതെന്താണെന്ന് നിങ്ങൾക്കറിയില്ല. ആ പരിപൂർണതയിൽ ആരംഭിക്കുമ്പോൾ തുടക്കത്തിൽ നിങ്ങൾക്കൊരു ധാരണയുമില്ല. അപ്പോൾ തുടക്കത്തിന്റെ ആദ്യത്തെ പടി എന്താവണം? അത് ബന്ധപ്പെട്ട ഘടകങ്ങൾ ഏവ എന്ന കണ്ടെത്തലാണ്. അതായത് വസ്തുക്കളെ, അല്ലെങ്കിൽ ഗണത്തെവേർതിരിക്കലാണ്. ഗുണം മൂല്യവുമായി ബന്ധപ്പെട്ടതാണ്.**

എന്താണതു കൊണ്ട് പ്രയോജനം എന്ന് ജനങ്ങൾ ചോദിക്കും രണ്ട്, അത് കൂടുതൽ ഗൗരവമുള്ളതാണ്. ഏതെങ്കിലും ഒരു കാര്യം ശരിയോ തെറ്റോ എന്ന തീരുമാനിക്കാനുള്ള പദ്ധതിയാണ് വൈരുദ്ധ്യാത്മകത എന്ന് ജനം കരുതും. അതിനാൽ വൈരുദ്ധ്യാത്മകതയുടെ അടിസ്ഥാനത്തിൽ മൂലധനത്തിന്റെ നിർമാണം മനസ്സിലാക്കാത്ത പക്ഷം, അഥവാ പൂർത്തീകരിച്ച ഉല്പന്നത്തെ അങ്ങനെ മാത്രം കാണുകയും അതിൽ ശാസ്ത്രത്തിന്റെ വൈരുദ്ധ്യാത്മകത കാണാതിരിക്കയും ചെയ്താൽ അവിടെ എന്തോ നഷ്ടപ്പെട്ടുവെന്ന് തോന്നും. ഇതൊരു പ്രധാന കാര്യമാണെന്നു ഞാൻ കരുതുന്നു. മൂലധനം മാത്രം വായിച്ചതുകൊണ്ട് ആയില്ല. മൂലധനത്തിന്റെ ഒന്നാം അധ്യായം നോക്കുക. അതിൽ നിങ്ങൾക്ക് രണ്ടു പാഠഭേദങ്ങൾ കാണാം. അതിൽ ഒന്നാമത്തേതിനെക്കാൾ രണ്ടാമത്തേതാണ് വൈരുദ്ധ്യാത്മക രീതിയുടെ ഉപയോഗത്തിൽ മെച്ചപ്പെട്ടതെന്നെനിക്കു തോന്നുന്നു.

എംഗൽസ് ചൂണ്ടിക്കാട്ടിയ പോലെ വൈരുദ്ധ്യാത്മകതക്ക് നിയമങ്ങളുണ്ട്. ഗണത്തിൽ നിന്ന് ഗുണത്തിലേക്കുള്ള മാറ്റം, വിപരീതങ്ങളുടെ ഐക്യവും സമരവും നിഷേധത്തിന്റെ നിഷേധം എന്നിവ. മൂലധനത്തിന്റെ നിർമ്മിതിയിൽ ഇതിന്റെയെല്ലാം സാംഗത്യമെന്താണ്? എവിടെ നിന്നാണ് എല്ലാം തുടങ്ങുന്നത്? എല്ലാം തുടങ്ങുന്നത് ചരക്കുകളുടെ പഠനത്തിൽ നിന്നാണ്. ഹെഗൽ ചോദിക്കുന്നു. നിങ്ങൾ ലോകത്തെ എങ്ങനെയാണ് പഠിക്കുന്നത്? നിങ്ങളുടെ മുന്നിലുള്ളത് പദാർഥം (Mass) പോലെയുള്ള ഒരു സാധനമാണ്. അതെന്താണെന്ന് നിങ്ങൾക്കറിയില്ല. ആ പരിപൂർണതയിൽ ആരംഭിക്കുമ്പോൾ തുടക്കത്തിൽ നിങ്ങൾക്കൊരു ധാരണയുമില്ല. അപ്പോൾ തുടക്കത്തിന്റെ ആദ്യത്തെ പടി എന്താവണം? അത് ബന്ധപ്പെട്ട ഘടകങ്ങൾ ഏവ എന്ന കണ്ടെത്തലാണ്. അതായത് വസ്തുക്കളെ, അല്ലെങ്കിൽ ഗണത്തെവേർതിരിക്കലാണ്. ഗുണം മൂല്യവുമായി ബന്ധപ്പെട്ടതാണ്.

രണ്ടാമത്തേത് അളവാണ് ഓരോചരക്കിന്റെയും കൈമാറ്റ മൂല്യം തീരുമാനിക്കുന്നത് ആ ചരക്കിനുവേണ്ടി വന്ന തൊഴിൽ സമയത്തിന്റെ അളവ് തീരുമാനിക്കുക എന്നതിൽ നിന്നാണ് തുടങ്ങുന്നത് ഇവിടെ മാർക്സ് കണിശതയോടെ ഹെഗലിന്റെ വൈരുദ്ധ്യാത്മകതയാണ് സ്വീകരിച്ചത്. ഗുണത്തിനു മുൻപ് അളവ് വരില്ല. അളവും ഗുണവും ഒന്നിച്ചുണ്ടാവുകയുമില്ല. ഗുണത്തിനാണ് ഒന്നാം സ്ഥാനം. ഗുണം പരിശോധിച്ച ശേഷമേ നിങ്ങൾ അതു നോക്കുകയുള്ളു. മാർക്സ് അതിനെ വിശേഷിപ്പിച്ചത് നിശ്ചയിക്കപ്പെട്ട നിഷേധമെന്നാണ് (determinant negation). മാറ്റം ഗുണത്തിലെ മാറ്റത്തിലേക്ക് നയിക്കുന്നുണ്ട്. പക്ഷെ അതുമാത്രം പോരാ. അവിടെ കൊണ്ടവസാനിച്ചുകൂടാ. നിങ്ങൾ ചിലതിനെ പിടിച്ചു നിർത്താൻ തുടങ്ങുന്ന നിമിഷത്തിൽ, ലെനിൻ പറഞ്ഞതുപോലെ ചലനം മരവിപ്പിക്കാൻ ശ്രമിക്കുമ്പോൾ, നിങ്ങൾ പരസ്പര വിരുദ്ധതയിലേക്കെത്തുന്നു (Contradiction). പുറത്തു കാണുന്നതിന്റെ ഉള്ളു തേടി നിങ്ങളിറങ്ങാൻ ശ്രമിക്കുമ്പോൾ അതിന്റെ സാരാംശം പര്സ്പര വിരുദ്ധതയിലായിരിക്കും. പരസ്പര വിരുദ്ധതക്കൊപ്പം വിരുദ്ധ ശക്തികളുടെ ഐക്യവും അവിടെക്കാണാം.

മിക്കപ്പോഴും നാം ശ്രദ്ധാപൂർവം Contradiction എന്ന വാക്കിന്റെ അർഥം വേർതിരിച്ചു കാണാറില്ല. കോൺട്രഡിക്ഷൻ എന്നാൽ എതിർപ്പല്ല. വ്യത്യസ്തത എന്ന് ലളിതമായി വിശേഷിപ്പിക്കാനുമാവില്ല. തിരിച്ചറിയൽ, അല്ലെങ്കിൽ തിരിച്ചറിയാതിരിക്കൽ എന്നും പറയാൻ കഴിയില്ല. എന്നാൽ താരമത്യപ്പെടുത്താവുന്ന മറ്റെന്തെങ്കിലുമുണ്ടാകണം. സമാനതകളും അസമാനതയും തമ്മിൽ ഒരു ബന്ധമുണ്ടാവണം. ഈ സമാനതയിൽ നിന്നും അസമാനതയിൽ നിന്നും നിങ്ങൾ വ്യത്യസ്തതയിലേക്കും അവിടെ നിന്നും എതിർപ്പിലേക്കും നീങ്ങുന്നു. ഇതിൽ ഒന്നില്ലാതെ നിങ്ങൾക്ക് മറ്റൊന്നിനെ നിർവചിക്കാനും കഴിയില്ല. ഇതുപോലും യഥാർഥത്തിൽ അപര്യാപ്തമാണ്. പ്രതികൂലത എന്നത് യഥാർഥത്തിൽ അനുകൂലതയുടെ വിപരീതമാണ്. ഇവ രണ്ടും പ്രത്യേകമായി നിർവചിക്കപ്പെട്ടിട്ടില്ല. ഇത്തരം അവസ്ഥയിൽ നിങ്ങളുടെ മുന്നിലുള്ളതാണ് യഥാർഥത്തിലുള്ള കോൺട്രഡിക്ഷൻ. രണ്ടുവസ്തുക്കളെ പ്രത്യേകമായെടുത്ത് ഒന്നിച്ചു ചേർക്കുന്നതോ, പടിപടിയായി അവ കൂടുതൽ ബന്ധിതമാകുന്നതോ അല്ല കാരണം. തുടക്കം മുതൽ അവ ഒന്നിച്ചുയർന്നു വരുന്നതാണ് അവ സമാനമാണെങ്കിൽ ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല. ഇതാണ് കോൺട്രഡിക്ഷന്റെ പരസ്പരബന്ധം. മൂലധനവും തൊഴിലും തമ്മിലുള്ള കോൺട്രഡിക്ഷനെപ്പറ്റി അയത്നലളിതമായി വിവരിച്ച് ഇക്കാര്യം മാർക്സ് സ്ഥാപിക്കുന്നു. മൂലധനവും തൊഴിലും തമ്മിലുള്ള ഐക്യത്തെക്കുറിച്ചും അദ്ദേഹം പറയുന്നു.

**നിഷേധത്തിന്റെ നിഷേധം**

നിഷേധത്തിന്റെ നിഷേധം എന്ന കുഴപ്പം

നമ്മെ ഏറെ അമ്പരിപ്പിക്കുന്ന ഒന്നാണ്. വൈരുദ്ധ്യാത്മക ഭൗതികവാദം പഠിപ്പിക്കാനൊരുങ്ങുമ്പോൾ ചരിത്രപരമായിത്തന്നെ നമുക്കുള്ള ആശയക്കുഴപ്പം നിഷേധത്തിന്റെ നിഷേധത്തെ നാം ചരിത്ര പശ്ചാത്തലത്തിൽ കാണുന്നതാണ്. പ്രാകൃത കമ്മ്യൂണിസത്തിൽ നിന്ന് അടിമത്തം പിന്നെ ഫ്യൂഡലിസം, അവിടന്ന് മുതലാളിത്തം, മുതലാളിത്തത്തെ തൂത്തറിഞ്ഞ് സോഷ്യലിസം അവസാനം വർഗ്ഗരഹിത സമൂഹം എന്ന് നാം പറഞ്ഞു പോകുന്നു. നിഷേധത്തിന്റെ നിഷേധത്തിന് ചരിത്രപരമായ ഉദാഹരണം പറയുമ്പോൾ അവ ഒരോ സംഭവത്തിനും ശേഷമെന്നു തോന്നും വൈരുദ്ധ്യാത്മകതയിൽ തന്നെ എല്ലാത്തിന്റെയും പഠനത്തിന് ചരിത്രപരമായ സമീപനം വേണമെന്ന് നാം കരുതുന്നു. അത് തീർത്തും ശരിയല്ല. അക്കാര്യം മൂലധനത്തിൽ മാർക്സ് അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. മാർക്സ് മൂലധനത്തിൽ ബ്രിട്ടനിൽ മുതലാളിത്തത്തിന്റെ ചരിത്രം പഠിക്കയല്ല ചെയ്തിട്ടുള്ളത്. മുതലാളിത്തത്തിന്റെ ഘടന അവിടെ എങ്ങനെയാണ് വികസിച്ചുവന്നതെന്ന് യുക്തിയുക്തമായി പരിശോധിക്കയാണു ചെയ്തത്. മൂലധനം മുതലാളിത്ത വികസനത്തിന്റെ ചരിത്രപരമായ വിശദീകരണമല്ല.

സമൂഹത്തെ ഒന്നാകെ കണക്കാക്കി ആരംഭിക്കാതെ അവയുടെ ബന്ധങ്ങൾ അറിയാൻ ശ്രമിക്കാതെ നിഷേധത്തിന്റെ നിഷേധം എങ്ങനെ വികസിച്ചുവെന്ന് യുക്തിയുക്തമായി അപഗ്രഥിക്കാൻ കഴിയില്ല. അപ്പോഴെന്തു ചെയ്യും? നിഷേധം മുന്നിലുണ്ട്. നിങ്ങൾ കുഴപ്പത്തിലാകുന്നു. പരസ്പര ബന്ധം മനസ്സിലാക്കി, അവ ഒന്നിച്ചു ചേർത്ത് അതിന്റെ മൊത്തത്തിലുള്ള ഘടന കണ്ടെത്തണം. പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയിൽ എംഗൽസ് നിഷേധത്തിന്റെ നിഷേധത്തിന് മൊത്തം സംവിധാനത്തെ താങ്ങി നിർത്തുന്ന മുട്ടിന്റെ സ്ഥാനമാണ് നൽകിയിട്ടുള്ളത്. സമ്പദ്ഘടനയിൽ നമുക്കു ഗോചരമായിട്ടുള്ളത് ചരക്കുകളുടെ ചംക്രമണമാണ്. ഈ ചരക്കുകൾ എങ്ങു നിന്നാണു വരുന്നത്? ശൂന്യതയിൽ ആകാൻ വഴിയില്ല. പിന്നെ എങ്ങനെ അതു സ്വയം നിലനിൽക്കുന്നു? അതിന്റെ സത്ത ഉല്പാദനമാണ്. അങ്ങനെ ഉല്പാദനമാണ് സത്ത എന്നു പറയുമ്പോൾ ഒരിടത്ത് ഉല്പാദനവും മറ്റൊരിടത്ത് ചംക്രമണവും ആണോ? ഉല്പാദനത്തിന്റെ സത്ത ഉല്പാദനത്തിന്റെ നിഷേധമെന്ന പ്രക്രിയയിൽനിന്ന് ലളിതമായി ചംക്രമണത്തിലേക്കും അതിന്റെ നിഷേധത്തിൽ നിന്ന് തിരിച്ച് വീണ്ടും ഉല്പാദനത്തിലേക്കും പോകുന്നു എന്ന് നിങ്ങൾ കരുതുന്നതിനു കാരണം.

എപ്പോഴെങ്കിലും ഒരു കാര്യത്തെ നിങ്ങളതിന്റെ പൂർണതയിൽ പഠിക്കാൻ ശ്രമിക്കുമ്പോൾ പൂർണതയെ ക്കുറിച്ചുള്ള ധാരണ ഏതാണ്ട് അമൂർത്തവും ശൂന്യവുമായിരിക്കും. അതിന്റെ എല്ലാവിഭാഗങ്ങളും അറിഞ്ഞ് അവയെ കൂട്ടിയിണക്കിയാണ് പൂർണത യിലേക്കെത്തുന്നത്. എന്നാൽ ഏറെ അവഗണിക്കപ്പെട്ട ഘടകം പൂർണത സംബന്ധിച്ച പഠനമാണ്. മാർക്സ് അതിന്റെ പഠനത്തിൽ ഏറെ തല്പരനായിരുന്നു. അദ്ദേഹം ഹെഗലിന്റെ പാതയാണ് പിന്തുടർന്നത്. മാർക്സിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടത് കേവലം മൂലധനത്തിന്റെ യാന്ത്രിക ചട്ടക്കൂടായിരുന്നില്ല. പൊതുവിൽ നടക്കുന്ന ചംക്രമണം മൂലധനത്തിന്റെ തുടക്കമാണെന്നാണ് മാർക്സ് വിലയിരുത്തിയത്. എങ്കിലും മൂലധനമെന്നത് വെറുമൊരു വാക്കാണെന്നും മാർക്സ് പറഞ്ഞു മൊത്തം സംവിധാനത്തിനുള്ളിലാണ് അതിന്റെ ഘടന രൂപപ്പെട്ടുവരുന്നത്. ഏതു സംവിധാന ത്തിന്റെയും തുടക്കത്തിന് ചില മുൻ വ്യവസ്ഥകൾ വേണ്ടതുണ്ട്. ഇത് മുതലാളിത്തത്തിനും ബാധകമാണ്. മുതലാളിത്തം സ്വയം പ്രവർത്തിക്കുന്ന ഒരു സംവിധാനമായി മാറിക്കഴിയുമ്പോൾ അതിന്റെ മുൻ വ്യവസ്ഥകൾ മുൻ ഭാവനകളായി മാറുന്നു. അതിനാൽ പ്രകൃതിവിഭവങ്ങളുടെ ശേഖരണം സംവിധാനത്തിന്റെ ഭാഗമാണെന്ന പൂർണധാരണയോടെയാണ് മുതലാളിത്തം പ്രവർത്തിക്കുന്നത്. എന്നാൽ പ്രകൃതിവിഭവ രംഗം മുതലാളിത്ത സംവിധാനത്തിനു പുറത്താണുള്ളത്. പ്രകൃതിയും മനുഷ്യനും തമ്മിൽ കോൺട്രഡിക്ഷനിലാണെന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. സ്വയം നിലനിൽക്കുന്ന ഏതൊന്നും അതിന്റെ പൂർത്തീകരണത്തിന് പുറത്തുള്ള ഏതിനെയെങ്കിലും ആശ്രയിക്കണം എന്ന അർഥത്തിലാണ് അങ്ങനെ പറഞ്ഞത്. അതുകൊണ്ടാണ് നമ്മുടെ ജീവിതം പോലും ഒരു കോൺട്രഡിക്ഷൻ ആകുന്നത്. ■

(ഇഎംഎസ് സ്റ്റഡി സെന്ററും കൊച്ചിൻ യൂണിവേഴ്സിറ്റി സാമ്പത്തിക ശാസ്ത്ര വിഭാഗവും ചേർന്ന് സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. മൊഴിമാറ്റം: എ. സിയാവുദീൻ)

## വിലക്കയറ്റം

# സർക്കാർകണക്കും ചന്ത കണക്കും

**സർക്കാർ കണക്കു പ്രകാരം 2.2 ശതമാനം മാത്രമാണ് വിലക്കയറ്റമെങ്കിൽ ചന്തയിൽ ചെല്ലുന്ന സാധാരണക്കാരന് സാധനം വാങ്ങുമ്പോഴുള്ള അനുഭവം നമുക്കെല്ലാം ബോദ്ധ്യപ്പെട്ടതാണ്. അങ്ങനെ വിലകുറവുണ്ടായെങ്കിൽ നമ്മുടെയൊക്കെ വാങ്ങൽ കഴിവ് എത്രയോ വർധിച്ചിരിക്കണം. നമ്മുടെയൊക്കെ കീശയിൽ പണം ബാക്കിയുണ്ടാവുകയും വേണം. അതൊന്നും സംഭവിച്ചില്ലെന്നുമാത്രമല്ല ഭക്ഷ്യവസ്തുക്കളുടേയും പെടോളിയം ഉല്പന്നങ്ങളുടേയും വില ദൈനംദിനം വർദ്ധിക്കുകയാണ്. ഉല്പന്നങ്ങളുടെ വിലക്കുറവ് ഉല്പാദകനെ ബാധിച്ചപ്പോഴും മാർക്കറ്റിൽ യഥാർത്ഥത്തിൽ ആ തോതിൽ വിലക്കുറവ് അനുഭവപ്പെട്ടില്ല. വിലക്കുറവിന്റെ ഔദ്യോഗിക കണക്കുമായി പുലബന്ധം പോലുമില്ലാത്ത രീതിയിലാണ് ചന്തയിൽ വിലക്കയറ്റം അനുഭവപ്പെട്ടത്.**



**മോ**ഡിഭരണത്തിനു കീഴിൽ രാജ്യത്ത് വില കുറയുന്നോ, അതോ കൂടുന്നോ? വിലകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നാണ് സർക്കാർ സ്ഥിതി വിവരക്കണക്കുകൾ കാട്ടി അവകാശപ്പെട്ടിരുന്നത്. 2017 മെയ് മാസം ഏറ്റവും അവസാനം ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്കു പ്രകാരം ഉപഭോക്തൃ വില സൂചികയുമായി ബന്ധപ്പെടുത്തിയാൽ ചില്ലറ വില 3 ശതമാനത്തിൽ നിന്ന് 2.2 ശതമാനമായി കുറഞ്ഞെന്നായിരുന്നു കണക്ക്. അതിൽ തന്നെ ഭക്ഷ്യ വസ്തുക്കളുടെ സൂചിക 1.1 ശതമാനമായി എന്നാണ് രേഖപ്പെടുത്തിയത് ഏതൊരു പൗരനെയും അത്ഭുതപ്പെടുത്തുന്ന കണക്ക്.

ചില്ലറ വില വർധനവ് 3 ശതമാനമെന്നതു തന്നെ അസാധാരണമാണ്. അതിലും താഴ്ന്ന് വില സൂചിക വ്യവസായ തൊഴിലാളികളുടെ സീരീസിൽ പ്രതിമാസ കണക്കനുസരിച്ച് 2.5 ശതമാനമെന്നത് കഴിഞ്ഞ 20 വർഷത്തിൽ ആകെ 12 മാസം മാത്രമാണ് സംഭവിച്ചിട്ടുള്ളത്. അവിടെനിന്നും വിലക്രമേണ കയറി 2017 ഡിസംബറിലെത്തിയപ്പോൾ 5.21 ശതമാനത്തിലെത്തി.

സർക്കാർ കണക്കു പ്രകാരം 2.2 ശതമാനം മാത്രമാണ് വിലക്കയറ്റമെങ്കിൽ ചന്തയിൽ ചെല്ലുന്ന സാധാരണക്കാരന് സാധനം വാങ്ങുമ്പോഴുള്ള അനുഭവം നമുക്കെല്ലാം ബോദ്ധ്യപ്പെട്ടതാണ്. അങ്ങനെ വിലകുറവുണ്ടായെങ്കിൽ നമ്മുടെയൊക്കെ വാങ്ങൽ കഴിവ് എത്രയോ വർധിച്ചിരിക്കണം. നമ്മുടെയൊക്കെ കീശയിൽ പണം ബാക്കിയുണ്ടാവുകയും വേണം. അതൊന്നും സംഭവിച്ചില്ലെന്നു മാത്രമല്ല ഭക്ഷ്യവസ്തുക്കളുടേയും പെടോളിയം ഉല്പന്നങ്ങളുടേയും വില ദൈനംദിനം വർദ്ധിക്കുകയാണ്.

സർക്കാർ കണക്കും ചന്തയിൽ ചെല്ലുമ്പോഴുള്ള കണക്കും വിരുദ്ധ ധ്രുവത്തിലാകുന്നതിന് പല കാരണങ്ങളുണ്ട്. ഉപഭോക്തൃ വിലസൂചികയുടെ അഖിലേന്ത്യാ സീരീസ് കണക്കാക്കാൻ ഉൾപ്പെടുത്തുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വിലവിവരം പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും ശേഖരിച്ചാണ് രൂപം നൽകുന്നത്. എല്ലാ സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യം (wight) ഒരു പോലെയല്ല. അതിനാൽ അഖിലേന്ത്യാ തലത്തിലെ ഉപഭോഗവുമായി ഓരോ സംസ്ഥാനത്തെയും ഉപഭോഗ ചിലവിനെ ബന്ധപ്പെടുത്തിയാണ് മൂല്യം നിശ്ചയിക്കുന്നത്. ഉദാഹരണത്തിന് അഖിലേന്ത്യാ സൂചികയുമായി ബന്ധപ്പെടുത്തിയാൽ മഹാരാഷ്ട്രയിലെ മൂല്യം 13.2 ശതമാനമാണെങ്കിൽ പുതുച്ചേരിയിൽ അത് 0.94 ശതമാനമാണ്. സിക്കിമിലെത്തുമ്പോൾ മൂല്യം 0.05 ശതമാനമായി കുറയുന്നു. അതായത് ഉപഭോക്തൃ വില സൂചിക അഖിലേന്ത്യാ തലത്തിൽ നിർണയിക്കുമ്പോൾ സിക്കിമിനെ അപേക്ഷിച്ച് മഹാരാഷ്ട്രയിലെ വിലനിരക്ക് 260 മടങ്ങ് സ്വാധീനിക്കുന്നു. അതിനാൽ ചിലവ് ഏറ്റവും കുറച്ചു ചെയ്യുന്ന സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും വില നിർണയത്തിൽ തെല്ലും സ്വാധീനം ചെലുത്തുന്നില്ല. എന്നാൽ ഉപഭോഗം കൂടുതലുള്ള സംസ്ഥാനങ്ങളിലെ ചെറിയ മാറ്റം പോലും അഖിലേന്ത്യാ വില സൂചികയെ കാര്യമായി സ്വാധീനിക്കും. അതിനാൽ അഖിലേന്ത്യാ വില സൂചിക 2.2 ശതമാനമാണെങ്കിൽ സർക്കാർ കണക്കു പ്രകാരം ജമ്മു കാശ്മീരിൽ വിലക്കയറ്റം 6.3 ശതമാനവും ഡൽഹിയിൽ 5.1 ശതമാനവും ഹിമാചൽ പ്രദേശിൽ 4,7 ശതമാനവുമാണ്.

ഉപഭോഗം ചെയ്യുന്ന വിവിധ ചരക്കുകളുടെ മൂല്യം ചേർത്ത് സൂചിക തയാറാക്കുമ്പോൾ ഗാർഹിക ഉപഭോഗത്തിനാണ് പൊതുവിൽ മുൻതൂക്കം നൽകുക. ഇന്ത്യയിൽ കൂടുതൽ പേരും താഴ്ന്ന വരുമാനം കിട്ടുന്നവരായതിനാൽ സേവനങ്ങളെക്കാൾ ഉപഭോക്തൃ ഉല്പന്നങ്ങൾക്കാണ് അവർ കൂടുതൽ ചെലവഴിക്കുക. ഉയർന്ന വരുമാനമുള്ളവർ ഭക്ഷ്യാവശ്യങ്ങൾക്ക് ചിലവു ചെയ്യുന്നത് സേവനങ്ങൾക്കു ചിലവു ചെയ്യുന്നതിനെക്കാൾ (ശതമാനക്കണക്കിൽ) കുറവായിരിക്കുകയും ചെയ്യും.

2017 മേയിൽ പ്രസിദ്ധീകരിച്ച വിലക്കയറ്റത്തിന്റെ ഔദ്യോഗിക സൂചികയിലും ഇതിന്റെ പ്രതിഫലനം കാണാം. ഈ വർഷം കാർഷിക സീസണിൽ നല്ല മഴ ലഭിച്ചതിനാൽ എണ്ണക്കുരുക്കൾ, പച്ചക്കറികൾ ധാന്യങ്ങൾ എന്നിവയുടെ ബമ്പർ ഉല്പാദനമാണുണ്ടായത്. ഉല്പാദനം വർധിക്കയും ഡിമാന്റുകുറയുകയും ചെയ്തപ്പോൾ അവ ചന്തയിൽ കെട്ടിക്കിടക്കുന്ന സ്ഥിതിയുണ്ടായി. ജനങ്ങളുടെ വാങ്ങൽ കഴിവ് വർധിച്ചില്ല എന്നു മാത്രമല്ല നോട്ടു നിരോധനം മൂലം തൊഴിലില്ലാതെ വാങ്ങൽ കഴിവ് കുറയുകയും ചെയ്തു. ഉൽപന്നത്തിന് വിലയില്ലാതെ കർഷകരും ദുരിതത്തിലായി. ജി.എസ്.ടി കൂടി നടപ്പായപ്പോൾ കർഷകരുടെ ദുരിതം പിന്നെയും വർദ്ധിച്ചു. ഉത്തർപ്രദേശിൽ മുഖ്യമന്ത്രിയുടെ വസതിക്കു മുന്നിൽ കർഷകർ ഉരുളക്കിഴങ്ങ് വലിച്ചെറിഞ്ഞതും, മധ്യപ്രദേശിലും, രാജസ്ഥാനിലും ഡൽഹിയിലും നടന്ന കർഷക പ്രക്ഷോഭങ്ങളും കാർഷിക വിളകളുടെ വിലയിടിവിൽ പ്രതിഷേധിച്ചായിരുന്നു.

എന്നാൽ ഇങ്ങനെ ഉല്പന്നങ്ങളുടെ വിലക്കുറവ് ഉല്പാദകനെ ബാധിച്ചപ്പോഴും മാർക്കറ്റിൽ യഥാർത്ഥത്തിൽ ആ തോതിൽ വിലക്കുറവ് അനുഭവപ്പെട്ടില്ല. ഇടത്തരം വിഭാഗങ്ങൾക്കും നഗര പ്രദേശങ്ങളിലും ഗാർഹിക ഉപഭോഗ വസ്തുക്കൾക്കും മറ്റു ചരക്കുകൾക്കും സേവനങ്ങൾക്കും വിലക്കുറവിന്റെ ഔദ്യോഗിക കണക്കുമായി പുലബന്ധം പോലുമില്ലാത്ത രീതിയിലാണ് ചന്തയിൽ വിലക്കയറ്റം അനുഭവപ്പെട്ടത്. 2017 മെയിൽ നിന്ന് ആഗസ്റ്റിലെത്തിയപ്പോൾ വിലക്കയറ്റം 3.28 ശതമാനമായി ഉയർന്നു. നവംബറിൽ 4.88 ശതമാനമായി വർദ്ധിച്ചു. പച്ചക്കറി, മുട്ട, മാംസം, മത്സ്യം എന്നിവയുടെയെല്ലാം വില വർദ്ധിച്ചു. സർക്കാർ കണക്കിന്റെ വിശ്വാസ്യതപോലും നഷ്ടപ്പെടുത്തുംവിധം അവകാശവാദവും യാഥാർത്ഥ്യവും രണ്ടുവഴിക്കാണ് നീങ്ങുന്നത്. വൻ നഗരങ്ങളിലും കൂടുതൽ ഉപഭോഗം നടക്കുന്ന സംസ്ഥാനങ്ങളിലും ഭക്ഷ്യവസ്തുക്കളുടെ വിലകളിൽ മൂല്യത്തിലെ വർദ്ധനവ് വിലക്കയറ്റം ഇനിയും ദുസ്സഹമാക്കുമെന്ന സൂചനയാണ് നൽകുന്നത്. ■

**ഉപഭോക്തൃ വില സൂചികയിൽ വിവിധ വസ്തുക്കൾക്ക് നിശ്ചയിച്ചിട്ടുള്ള മൂല്യം.**

| | |
|---|---|
| ഭക്ഷ്യവസ്തുക്കളും പാനീയങ്ങളും | 45.86 |
| പാൽ, പുകയില, മറ്റു ലഹരി സാധനങ്ങൾ | 2.38 |
| വസ്ത്രം, പാദരക്ഷ | 6.53 |
| താമസം | 10.07 |
| വെളിച്ചം, ഇന്ധനം | 6.84 |
| ഗതാഗതം | 8.59 |
| ആരോഗ്യം | 5.89 |
| വിനോദം | 1.68 |
| വിദ്യാഭ്യാസം | 4.47 |
| വ്യക്ത്യധിഷ്ഠിത ആവശ്യങ്ങൾ | 3.89 |
| വീട്ടുപകരണങ്ങളും സേവനങ്ങളും | 3.80 |
| **ആകെ** | **100.00** |


# കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവീസ് സഹകരണ ബാങ്ക്

**ലിമിറ്റഡ് നമ്പർ സി. 817, എച്ച്.ഒ. ചെക്കിക്കുളം, ഫോൺ: 2790595, 2792503**

- പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ച ക്ലാസ് 1 സൂപ്പർഗ്രേഡ് ബാങ്ക്
- തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുകയും ലാഭവിഹിതം വിതരണം നടത്തുകയും ചെയ്യുന്നു.
- ലാഭവിഹിതത്തിൽ നിന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ആംബുലൻസ് മൊബൈൽ ഫ്രീസർ നൽകി.
- എ ക്ലാസ് മെമ്പർമാർക്ക് സൗജന്യ അപകട ഇൻഷുറൻസ്
- കർഷകർക്ക് പലിശരഹിത വായ്പ
- പഴശി (മയ്യിൽ) ബ്രാഞ്ചിൽ ഇടപാട് സമയം രാവിലെ 8 മുതൽ രാത്രി 8 വരെ. മറ്റ് ബ്രാഞ്ചുകളിൽ ഇടപാട് സമയം രാവിലെ 10 മുതൽ വൈകിട്ട് 4.30 വരെ.
- NEFT/RTGS സൗകര്യം ലഭ്യമാണ്.
- കോർ ബാങ്കിങ് സൗകര്യം ലഭ്യമാണ്.
- Western Union Money Transfer സേവനം ലഭ്യമാണ്.

**എൻ. ബാലരാമൻപിള്ള**
പ്രസിഡന്റ്, (9562546201)

**എം.പി. പങ്കജാക്ഷൻ**
സെക്രട്ടറി (8547014320

# കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്



ടി. പി. രാമകൃഷ്ണൻ

**ചുരുങ്ങിയ കാലം കൊണ്ട് തന്നെ പെൻഷൻ, ചികിത്സാ/വിദ്യാഭ്യാസ വായ്പ, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളിൽ തൊഴിലാളികൾക്കനുകൂലമായ മാറ്റം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. പി.എഫ്. അക്കൗണ്ടിൽ നിന്നുള്ള ചികിത്സാ/ വിദ്യാഭ്യാസ വായ്പ, മരണാനന്തര ധനസഹായം, എക്സ്ഗ്രേഷ്യ ധനസഹായം എന്നിവ വർദ്ധിപ്പിക്കുന്നതിനും ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കായി 10000 രൂപയും, മാരകരോഗം ബാധിച്ചവർക്ക് 50000 രൂപ വരെയും പുതുതായി അനുവദിക്കുന്നതിനുള്ള ബോർഡ് ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്,**

സംസ്ഥാനത്ത് മദ്യത്തിന്റെ സംഭരണം, കുപ്പിയിൽ നിറയ്ക്കൽ, ചരക്കുനീക്കം, വിൽപന എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനും അവരുടെ സർവ്വതല സ്പർശിയായ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് ലക്ഷ്യം വച്ച് 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 1990-ൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നത്.

മൂന്ന് മാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ള തൊഴിലാളിക്ക് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ അംഗത്വത്തിന് അർഹത നൽകിയിരുന്നു. പദ്ധതി നിലവിൽ വന്നതിനുശേഷം നിയമിക്കപ്പെട്ടിട്ടുള്ള തൊഴിലാളിക്ക് 3 മാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ തീയതി മുതൽ അംഗമാകാൻ അർഹതയുണ്ട്. ഏതെങ്കിലും ഒരു സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളിക്ക് ആ സ്ഥാപനത്തിന്റെ കരാറുകാരൻ മാറി എന്നതുകൊണ്ട് അംഗത്വം നഷ്ടപ്പെടുകയില്ല. മാത്രമല്ല പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും തൊഴിലാളി സ്ഥാപനത്തിൽ നിന്നോ സമീപത്തുനിന്നോ പിരിച്ചുവിടുകയോ, നീക്കം ചെയ്യപ്പെടുകയോ സ്വയംപിരിഞ്ഞു പോവുകയോ ചെയ്താലും പദ്ധതിയിൽ അംഗമായി തുടരുന്ന കാലത്തോളം അവകാശങ്ങൾക്ക് കോട്ടം സംഭവിക്കുന്നില്ല.

തൊഴിലാളിയുടെ മാസവരുമാനത്തിൽ നിന്ന് തൊഴിലുടമാ വിഹിതം 15 ശതമാനവും തൊഴിലാളി വിഹിതമായി 10 ശതമാനവും അംശാദായ വിഹിതമായി അടയ്ക്കേണ്ടതുണ്ട്. ഉടമാ വിഹിതത്തിൽ നിന്ന് 8% തുക തൊഴിലാളിയുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്കും 5% തുക ഗ്രാറ്റുവിറ്റി അക്കൗണ്ടിലേക്കും 2% തുക പെൻഷൻ ഫണ്ടിലേക്കും വരവ് വയ്ക്കും. ഒരു സ്ഥാപനത്തിലെ തൊഴിലുടമ തന്റെ അംശദായവും (തൊഴിലുടമാ വിഹിതം) തൊഴിലാളികളുടെ അംശദായ വിഹിതവും ചേർത്ത് ചീഫ് വെൽ ഫെയർ ഫണ്ട് ഇൻസ്പെക്ടർക്കോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഓരോ മാസവും 10-ാം തീയതിക്ക് മുമ്പായി പ്രതിമാസ സ്റ്റേറ്റ്മെന്റിനോടൊപ്പം (ഫോറം നമ്പർ1) സമർപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒടുക്കേണ്ട തുക നിശ്ചിത തീയതിയ്ക്കകം നൽകുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകളിൽ നിന്ന് 12% പലിശ സഹിതം തുക ഈടാക്കാൻ വ്യവസ്ഥയുണ്ട്.

ക്ഷേമനിധിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന തൊഴിലാളി ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ മുമ്പാകെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ (മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ) മുമ്പാകെയോ പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിലേയ്ക്കുള്ള അപേക്ഷ (ഫോറം നമ്പർ 2)യോടൊപ്പം വയസ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം (സ്കൂൾ സർട്ടിഫിക്കറ്റ്, ഡോക്ടറിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം, പാസ്പോർട്ട്, ആധാർ കാർഡ് എന്നിവയിലൊന്ന്) ഹാജരാക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളിക്ക് തന്റെ ആഗ്രഹപ്രകാരം 3-ാം നമ്പർ ഫോറത്തിൽ നോമിനേഷൻ ഫയൽ ചെയ്യാവുന്നതാണ്. അനിവാര്യമായ സാഹചര്യങ്ങളിൽ നോമിനേഷനിൽ മാറ്റം വരുത്താനും കഴിയും.

ഓരോ തൊഴിലുടമയും തലേ മാസത്തിൽ രജിസ്റ്റർ ചെയ്യാൻ അർഹത നേടിയ തൊഴിലാളികളുടെയും പിരിഞ്ഞുപോയ തൊഴിലാളികളുടെയും വിവരങ്ങൾ സൂചിപ്പിക്കുന്ന ഒരു റിട്ടേൺ ഫോറം

5–ൽ ഓരോ മാസവും അവസാനിക്കുന്നതിന് 15 ദിവസം മുമ്പ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ സമർപ്പിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ തൊഴിലാളിക്കും ക്ഷേമനിധി ബോർഡിൽ നിന്നും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകും.

ഓരോ തൊഴിലുടമയും ക്ഷേമനിധിയിൽ അംഗമായവർക്കും അംഗമാകാൻ അർഹതയുള്ളവർക്കും നൽകുന്ന വേതനത്തിന്റെ വിവരം ഓരോ മാസവും അവസാനിച്ച് 10 ദിവസത്തിന് ശേഷം ഫോറം നമ്പർ 9–ൽ ക്ഷേമനിധി ഓഫീസിൽ സമർപ്പിക്കേണ്ടതുണ്ട്.

ഓരോ തൊഴിലുടമയും ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ഫോറത്തിൽ തൊഴിലാളികളുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ, അംശദായ രജിസ്റ്റർ, സൂക്ഷിക്കേണ്ടതുണ്ട്. തൊഴിലാളികളെ സംബന്ധിക്കുന്ന രജിസ്റ്ററുകളും റിക്കാർഡുകളും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ രേഖാ മൂലമോ നേരിട്ടോ ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കാൻ തൊഴിലുടമയ്ക്ക് ബാധ്യതയുണ്ട്.

അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമത്തിൽ വിഭാവനം ചെയ്യുന്നതനുസരിച്ച് സംസ്ഥാനത്തെ അബ്കാരി തൊഴിലാളികളുടെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും താങ്ങും തണലുമാവാൻ കഴിയുന്ന തരത്തിൽ നിരവധി ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡ് വിതരണം ചെയ്തുവരുന്നു.

### എക്സ്ഗ്രേഷ്യാ

അപകടം, മരണം, തീരാവ്യാധി, ജോലിയിൽ തുടരാനാകാത്തവണ്ണം സ്ഥിരമായ അവശത തുടങ്ങിയ സാഹചര്യങ്ങളിൽ 10000/- രൂപ എക്സ്ഗ്രേഷ്യ ധനസഹായമായി അനുവദിക്കാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗത്തിന് മാരകമായ അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ സൗജന്യ ധനസഹായം നിയമപ്രകാരമുള്ള അവകാശികൾക്ക് തുല്യമായി വിതരണം ചെയ്യും. കൂടാതെ മരണാനന്തര ചെലവുകൾക്കായി 3000 രൂപയും അനുവദിക്കും.

### പെൻഷൻ

ഒരു സ്ഥാപനത്തിൽ 10 വർഷത്തിൽ കുറയാതെ ജോലിചെയ്ത ക്ഷേമനിധി അംഗം സർവ്വീസിൽ നിന്നും വിരമിക്കുന്ന ഘട്ടത്തിൽ പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് കുറഞ്ഞ പെൻഷൻ തുക 500/- രുപയിൽ നിന്ന് 1000/- രൂപയായും പരമാവധി പെൻഷൻ 2000 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി.

### ഗ്രാറ്റുവിറ്റി

ക്ഷേമനിധി അംഗത്വമുള്ള തൊഴിലാളി പൂർത്തിയാക്കിയ ഓരോ സേവന വർഷത്തിനും ശരാശരി മാസവേതനത്തിന്റെ അമ്പത് ശതമാനം എന്ന നിരക്കിൽ പരമാവധി 20 മാസത്തെ വേതനത്തിന് തുല്യമായ തുക ഗ്രാറ്റുവിറ്റി ഫണ്ടിൽ നിന്നും ഗ്രാറ്റുവിറ്റിയായി അനുവദിക്കും. ആറു മാസത്തിലധികമുള്ള സേവനകാലയളവ് ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിന് പൂർണ വർഷമായി കണക്കാക്കുന്നതാണ്. ഒരു വർഷത്തിൽ കുറയാതെ തുടർച്ചയായി സേവനമനുഷ്ടിച്ച ഒരു തൊഴിലാളിക്ക് പ്രായാധിക്യം മൂലമോ സ്വയമോ വിരമിക്കുക, ജോലി രാജിവയ്ക്കുക, ജോലിയിൽ നിന്നും നീക്കം ചെയ്യുക, പിരിച്ചുവിടുക, മരണമടയുക, പൂർണമായ ശാരീരിക അവശത സംഭവിക്കുക എന്നീ സാഹചര്യങ്ങളിൽ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടാകും. മരണം മൂലമോ ശാരീരിക അവശത മൂലമോ ആണ് തൊഴിൽ അവസാനിക്കുന്നതെങ്കിൽ ഒരു വർഷത്തെ സേവനം പൂർത്തീകരിക്കേണ്ട ആവശ്യമില്ല. പൂർണ വർഷങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിന് തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന കാലം മാത്രമേ കണക്കാക്കുകയുള്ളൂ.

### ഭവന വായ്പ

ക്ഷേമനിധി അംഗങ്ങളുടെ അപേക്ഷ പ്രകാരം അയാളുടെ 12 മാസത്തെ വേതനത്തിൽ കുറയാത്ത തുകയോ അയാളുടെ ക്രഡിറ്റിൽ ഉള്ള തൊഴിലാളി അംശാദായമോ ഏതാണോ കുറവ് ആ തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത ഭവന വായ്പയായി അനുവദിക്കും. വായ്പാ തുക തൊഴിലാളി പിരിഞ്ഞുപോകുന്ന ഘട്ടത്തിൽ പ്രോവിഡന്റ് കണക്കിൽ കുറവുചെയ്യും.

### ചികിത്സാ വായ്പ

ഒരംഗം ഒരു മാസമോ അതിലധികമോ കാലയളവ് ആശുപത്രിയിൽ കിടന്ന് ചികിത്സ തേടുക, കുഷ്ഠം, തളർവാതം, കാൻസർ, ആസ്തമ, തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി തൊഴിലുടമ അവധി അനുവദിക്കുക തുടങ്ങിയ സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 500 രൂപയിൽ കവിയാത്ത തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി ക്ഷേമനിധി ബോർഡ് അനുവദിക്കും.

### വിദ്യാഭ്യാസ വായ്പ

അംഗങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ ആവശ്യത്തിലേക്ക് നിക്ഷേപത്തിൽ നിന്നും 50000 രൂപയിൽ കവിയാത്ത തുക തിരിച്ചടയ്ക്കേണ്ടതില്ലാത്ത വിദ്യാഭ്യാസ വായ്പയായി അനുവദിക്കും. ഒരംഗത്തിന് പരമാവധി 3 തവണ മാത്രമേ ഈ ആനുകൂല്യം അനുവദിക്കുകയുള്ളൂ.

### വിവാഹ വായ്പ/ചികിത്സാ വായ്പ

അംഗ തൊഴിലാളികളുടെ രണ്ട് പെൺമക്കളുടെ വിവാഹത്തിനായി പിഎഫ് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ 50 ശതമാനത്തിൽ ക

വിയാത്ത തുക നിധിയിലിള്ള നിക്ഷേപത്തിൽ നിന്നും തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പയായി അനുവദിക്കാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്നാണ് ഈ ആനുകൂല്യം ഉയർത്തി നിശ്ചയിച്ചത്. കൂടാതെ ഈ വായ്പാ സൗകര്യം കുടുംബാംഗങ്ങളുടെ ചികിത്സാ സംബന്ധമായ ആവശ്യങ്ങൾക്കായി കൂടി അനുവദിക്കാനും വ്യവസ്ഥ ചെയ്യുകയുണ്ടായി.

## സ്കോളർഷിപ്പ്

ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികളാണ് ബോർഡിനുള്ളത്. ടിടിസി, ഐടിഐ, വിഎച്ച്.എസ്.ഇ പോളിടെക്നിക്, പിജിഡിസിഎ, നെഴ്സിംഗ്, ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകൾ, ബിഫാം, എച്ച്ഡിസി, ഡിഫാം, ഡിആർഎം, ഒഫ്താൽമിക്, ലാബ് ടെക്നീഷ്യൻ, അഗ്രിക്കൾച്ചർ ബിഎസ്.സി, വെറ്റിനറി ബിഎസ്.സി, ബിഎച്ച്എംഎസ്, എംഎൽറ്റി, നിയമബിരുദം, ബിഎഎംഎസ് തുടങ്ങിയ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന അംഗതൊഴിലാളികളുടെ മിടുക്കരായ മക്കൾക്ക് 1500 രൂപ മുതൽ 6000 രൂപ വരെ സ്കോളർഷിപ്പ് ആയി അനുവദിച്ചുവരുന്നു. 700 രൂപ മുതൽ 2000 രൂപ വരെയായിരുന്ന സ്കോളർഷിപ്പ് തുക എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷമാണ് ഉയർത്തി നിശ്ചയിച്ചത്.

കൂടാതെ പ്രൊഫഷണൽ സാങ്കേതിക മേഖലയിൽ മിടുക്കരായ കുട്ടികള്ക്ക് എല്ലാ വർഷവും ലാപ്ടോപ്പുകൾ വിതരണം ചെയ്തുവരുന്നു. ബോർഡിന്റെ നിയന്ത്രണത്തിലുള്ള അബ്കാരി വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ തനതു ഫണ്ടിൽ നിന്നും പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി എല്ലാ വർഷവും സ്വർണ്ണനാണയങ്ങൾ സമ്മാനമായി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

## ലൈഫ് ഇൻഷ്വറൻസ്

ക്ഷേമപദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ ഉള്ള കണക്കിൽ നിന്നും ലൈഫ് ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിന് ആക്ടിൽ വ്യവസ്ഥയുണ്ട് ഇതനുസരിച്ച് താൽപര്യമുള്ള തൊഴിലാളികളെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ 'ജീവൻ ആനന്ദ്' എന്ന പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. ഇൻഷ്വറൻസിന്റെ വാർഷികപ്രീമിയം നിധിയിൽ നിന്ന് പിൻവലിച്ച് അടച്ചുവരുന്നു. ക്ഷേമനിധി ബോർഡിൽ സൂക്ഷിക്കുന്ന ഇൻഷ്വറൻസ് പോളിസികൾ ക്ഷേമനിധി അംഗങ്ങൾ ജോലിയിൽ നിന്ന് പിരിയുകയോ, സൂപ്പർ ആന്വേഷൻ ആകുമ്പോഴോ, വിരമിക്കുന്നതിന് മുമ്പ് മരണമടയുന്ന ഘട്ടത്തിലോ ബന്ധപ്പെട്ടവർക്ക് തിരികെ നൽകുന്നതാണ്.

## പ്രോവിഡന്റ് ഫണ്ട്

അംശാദായമായി തൊഴിലുടമയും തൊഴിലാളിയും അടയ്ക്കുന്ന തുകയുടെ നിശ്ചിത ശതമാനം തൊഴിലാളിയുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റും. തൊഴിലാളിയുടെ പ്രതിമാസ വരുമാനത്തിന്റെ 10% തൊഴിലാളി വിഹിതമായും 8% തൊഴിലുടമാ വിഹിതമായും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ വരവുവയ്ക്കും. ഒരംഗത്തിന് ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങൾ മൂലം ജോലിയിൽ തുടരാനാവാതെ വരിക, സംസ്ഥാനത്തിന് പുറത്തേക്ക് സ്ഥിരതാമസത്തിനായി സംസ്ഥാനം വിട്ടുപോകുകയോ, മറ്റേതെങ്കിലും കാരണത്താൽ ഒറ്റയ്ക്കോ കൂട്ടായോ സേവനം അവസാനിപ്പിക്കേണ്ടി വരിക എന്നീ സാഹചര്യത്തിൽ പിഎഫ് തുക പൂർണമായി പിൻവലിക്കാൻകഴിയും.

തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തികഭദ്രതയുള്ള ബോർഡുകളിലൊന്നാണ് അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നശേഷം സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം ശ്രീ. സി.കെ മണിശങ്കർ ചെയർമാനായി ബോർഡ് പുന:സംഘടിപ്പിച്ചിരുന്നു. ചുരുങ്ങിയ കാലം കൊണ്ട് തന്നെ പെൻഷൻ, ചികിത്സാ/വിദ്യാഭ്യാസ വായ്പ, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളിൽ തൊഴിലാളികൾക്കനുകൂലമായ മാറ്റം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ബോർഡിനെ ശക്തിപ്പെടുത്തുന്നതോടൊപ്പം ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ബോർഡ് ഭരണസമിതിയും സർക്കാരും കൂട്ടായി നടത്തിവരുന്നത്. പി.എഫ്. അക്കൗണ്ടിൽ നിന്നുള്ള ചികിത്സാ/ വിദ്യാഭ്യാസ വായ്പ, മരണാനന്തര ധനസഹായം, എക്സ്ഗ്രേഷ്യ ധനസഹായം എന്നിവ വർദ്ധിപ്പിക്കുന്നതിനും ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കായി 10000 രൂപയും, മാരകരോഗം ബാധിച്ചവർക്ക് 50000 രൂപ വരെയും പുതുതായി അനുവദിക്കുന്നതിനുള്ള ബോർഡ് ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്,

സ്ത്രീതൊഴിലാളികൾ അംഗങ്ങളായി ചേരാത്ത ഏക ക്ഷേമനിധി പദ്ധതിയും, ഒരു പക്ഷേ, അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡായിരിക്കും. എന്നാൽ അബ്കാരി മേഖലയിൽ പണിയെടുക്കുന്ന ലേബലിംഗ് തൊഴിലാളികൾക്ക് അംഗത്വം അനുവദിക്കാൻ തീരുമാനിച്ചതോടെ നിരവധി സ്ത്രീതൊഴിലാളികൾ ക്ഷേമനിധി അംഗത്വത്തിന് അർഹത നേടിയിരിക്കുന്നു. മദ്യവിൽപ്പന രംഗത്തും ഇന്ന് സ്ത്രീതൊഴിലാളികളുടെ സാന്നിദ്ധ്യം പ്രകടമാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ആശ്വാസം പകരാൻ കഴിയുന്ന തരത്തിൽ ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ക്ഷേമനിധി ബോർഡ് ഭരണസമിതിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും പ്രതിജ്ഞാബദ്ധമാണ്.■

# ജർമനിയിൽ തൊഴിലാളികൾ ശക്തമായ സമരത്തിൽ

**ജോസ് ടി എബ്രഹാം**

**ഐജി** മെറ്റാൽ യൂണിയന്റെ (IG Metall Union) നേതൃത്വത്തിൽ ജർമനിയിലെ 15,000 ത്തിലധികം വരുന്ന തൊഴിലാളികൾ 2018 ജനുവരി 3–ാം തീയതി സൂചനാ പണിമുടക്കു നടത്തി. 80 ലധികം കമ്പനികളിൽ പണിമുടക്കു നടന്നു. കഴിഞ്ഞ മുപ്പതു വർഷത്തിനുള്ളിൽ ജർമ്മനിയിലെ മെറ്റൽ (ഇരുമ്പുരുക്ക് മേഖല) മേഖലയിൽ നടന്ന ഏറ്റവും വലിയ സമരമാണ് ജനുവരി 8–ാം തീയതി നടത്തത് ആഡംബര കാർ നിർമാതാക്കളായ പോർഷ (Porsche) യിലുൾപ്പെടെ സമരം നടന്നു. സ്റ്റുട്ട് ഗാട്ടിലെ പോർഷെ കമ്പനിക്കു മുമ്പിൽ തൊഴിലാളികൾ വലിയ പ്രകടനവും നടത്തി.

ജർമ്മനിയിൽ തൊഴിലില്ലായ്മ വളരെ കുറഞ്ഞ നിലയിലായതിനാലും ജർമ്മൻ സമ്പദ് രംഗം വളർച്ച നേടിക്കൊണ്ടിരിക്കുന്നതിനാലും 6% വേതന വർധന എല്ലാ രംഗങ്ങളിലും നൽകണമെന്നാണ് ഐ ജി മെറ്റൽ യൂണിയൻ ആവശ്യപ്പെടുന്നത്. വേതന വർധന കൂടാതെ തൊഴിലാളികൾക്ക് രണ്ടു വർഷത്തേക്ക് ആഴ്ചയിൽ 23 മണിക്കൂർ തൊഴിൽ സമയം അനുവദിക്കണമെന്നും ഐജി മെറ്റാൽ ആവശ്യപ്പെടുന്നു. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാനും കുഞ്ഞുകുട്ടികളെ പരിപാലിക്കാനും വേണ്ടിയാണ് രണ്ടു വർഷം 28 മണിക്കൂർ എന്ന രീതിയിൽ ജോലി സമയം ക്രമപ്പെടുത്തണം എന്ന് തൊഴിലാളികൾ ആവശ്യപ്പെടുന്നത്. ഈ കാലയളവിൽ 200 യൂറോ കൂടുതൽ അലവൻസായി അനുവദിക്കണം എന്നതും ആവശ്യങ്ങളിൽപ്പെടുന്നു. ഒരു തൊഴിലാളിയുടെ ജീവിതം നന്നായി കൊണ്ടു പോകാൻ ഇതാവശ്യമാണ് എന്നാണ് ഐജി മെറ്റാൽ യൂണിയന്റെ വാദം,

സമൂഹത്തിന്റെ ആകെ സന്തുലിതാവസ്ഥക്കും സുരക്ഷിതത്വത്തിനും ഇതാവശ്യമാണെന്നും യൂണിയൻ സമർത്ഥിക്കുന്നു. സാമ്പത്തിക പുരോഗതിയുടെ ഗുണം തൊഴിലാളികൾക്കും ലഭിക്കണം.

തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ കഴിയില്ല എന്നാണ് മുതലാളിമാർ വാദിക്കുന്നത്. ജനർമനിയിൽ ഇപ്പോൾ തന്നെ വിദഗ്ദ്ധ തൊഴിലാളികളുടെ കുറവുണ്ട്. ആ സാഹചര്യത്തിൽ ജോലി സമയം കുറക്കാൻ കഴിയില്ല എന്നാണവരുടെ വാദം. ജർമനിയിലെ കമ്പനികളുടെ ബോർഡിൽ തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തണം എന്നത് നിയമമാണ്. അതിനാൽ ആപേക്ഷികമായി ജർമനിയിൽ തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് കൂടുതൽ പരിഗണന ലഭിക്കുന്നുണ്ട്




എന്നാണ് കണക്കാക്കപ്പെടുന്നത്. യൂണിയനും മാനേജ്മെന്റുമായുള്ള ചർച്ച ജനുവരി 11–ാം തീയതിയിൽ നടക്കുകയാണ്. ചർച്ച വിജയിച്ചില്ലെങ്കിൽ കൂടുതൽ സമര പരിപാടികളിലേക്കു കടക്കാനാണ് യൂണിയൻ തീരുമാനിച്ചിരിക്കുന്നത്

ഐജി മെറ്റൽ (Industrial union of metal worker) ആണ് ജർമനിയിലെ ഏറ്റവും വലിയ തൊഴിലാളി സംഘടന. യൂറോപ്പിലെ തന്നെ ഏറ്റവും വലിയ വ്യവസായിക യൂണിയനുമാണ് ഐജി മെറ്റാൽ. 1890കളിൽ മെറ്റൽ (ലോഹം) തൊഴിലാളി മേഖലകളിലാണ് യൂണിയനുകൾ ജർമനിയിൽ നല്ല രീതിയിൽ ഉയർന്നു വന്നത്. അതിന്റെ തുടർച്ചയായാണ് ഐജി മെറ്റാൽ എന്ന പേര് രൂപപ്പെട്ടത്.

ഇന്ന് ജർമ്മനിയിലെ എല്ലാ മേഖലകളിലെ വ്യവസായങ്ങളിലും ഐജി മെറ്റാൽ യൂണിയൻ ശക്തമാണ്. 30 ലക്ഷത്തിലധികം അംഗങ്ങൾ ഐജി മെറ്റാലിനുണ്ട്. ■

# ഇതോ
# മോഡിയുടെ തിളങ്ങുന്ന നിമിഷം?

രഘുവീർ ശ്രീനിവാസൻ

**ബിജെപിയുടെ ഹൃദയഭൂമിയിൽ കർഷകർ ശക്തമായ പ്രക്ഷോഭത്തിലാണ്. അന്താരാഷ്ട്ര യോഗദിനത്തിൽ ദേശീയതലത്തിൽ ശവാസനം നടത്താൻ കർഷക സംഘടനകൾ തീരുമാനിച്ചത് പ്രതിഷേധം രാജ്യമാകെ പടരുമെന്നതിന്റെ സൂചനയാണ്. രാജ്യത്തെ തൊഴിൽശക്തിയുടെ പകുതിയും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. പ്രതിസന്ധിയുടെ ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കുമേൽ കെട്ടിവയ്ക്കുന്നതിൽ ന്യായമില്ല. എന്തുതന്നെയായാലും കർഷകരുടെ കണ്ണിൽ ഇന്ന് കാർഷിക പ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങളെല്ലാം ഭരിക്കുന്നത് ബിജെപിയാണ്.**

വ്യവസായ മേഖലയിൽ വികസന ചർച്ചയുടെ ആധിപത്യമാണ്. എന്നാൽ കാർഷിക മേഖല തകരുകയാണെന്നതാണ് യാഥാർഥ്യം. മുരടിക്കുന്ന കാർഷിക മേഖലയെ എൻഡിഎ അവഗണിക്കുകയാണ്.

നരേന്ദ്ര മോഡിയുടെ ഭാവി കൂമ്പടയുന്ന ഘട്ടമാണോ ഇത്? ബിജെപിയുടെ ഹൃദയഭൂമിയിൽ കർഷകർ ശക്തമായ പ്രക്ഷോഭത്തിലാണ്. മന്ദ്സോറിലെ പ്രക്ഷോഭത്തെ മധ്യപ്രദേശ് സർക്കാർ പ്രാകൃതമായ രീതിയിൽ നേരിട്ടതോടെയാണ് പ്രക്ഷോഭങ്ങൾ ശക്തിപ്രാപിച്ചത്. അന്താരാഷ്ട്ര യോഗ ദിനത്തിൽ ദേശീയതലത്തിൽ ശവാസനം നടത്താൻ കർഷക സംഘടനകൾ തീരുമാനിച്ചത് പ്രതിഷേധം രാജ്യമാകെ പടരുമെന്നതിന്റെ സൂചനയാണ്.



യുപി തെരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ട പ്രതിപക്ഷത്തിന് ഇത് തിരിച്ചുവരാനുള്ള അവസരമാണ് ഈ സുപ്രധാന വിഷയത്തിലൂടെ കൈവന്നിരിക്കുന്നത്. ഭരണപക്ഷത്തെയും അതിന്റെ നയങ്ങളെയും എതിർക്കാനും അതിന്റെ ദൗർബല്യങ്ങളെ ചൂഷണം ചെയ്യാനും രാഷ്ട്രീയ പാർടികൾക്ക് ലഭിച്ച അവസരമാണ്. അവരങ്ങനെ ചെയ്യുന്നതിനെ ആർക്കും തടയാനാവില്ല.

### യഥാർഥ തകർച്ച

കർഷക പ്രക്ഷോഭത്തെ പ്രതിപക്ഷം രാഷ്ട്രീയവൽക്കരിക്കുകയാണെന്ന ആരോപണം ഉയർത്തുന്നത് ബിജെപിക്ക് ഒരു കാരണവശാലും ഗുണംചെയ്യില്ല. രാജ്യത്തെ കർഷകർ ദീർഘകാലമായി വൻ പ്രതിസന്ധിയെ അഭിമുഖീകരിച്ചു വരികയാണെന്നത് യാഥാർഥ്യമാണ്. വിളവ് വിറ്റ് കീശയിൽ നാണ്യങ്ങൾ കിലുങ്ങേണ്ട കാലത്ത് അവർ നിരാശരാണ്. ഈ വർഷത്തെ നഷ്ടം അത്രയ്ക്ക് കഠിനമാണ്. സാധാരണ നിലയിൽ മഴ ചതിച്ചതുമൂലമുണ്ടാകാറുള്ള പ്രതിസന്ധിയിൽ നിന്ന് വ്യത്യസ്തമാണ് ഇന്ന് മധ്യപ്രദേശിലും മഹാരാഷ്ട്രയിലും ഗുജറാത്തിലുമുള്ള പ്രതിസന്ധി. അതുകൊണ്ടുതന്നെ നയപരമായ സമീപനത്തിലും മാറ്റമുണ്ടാകേണ്ടതുണ്ട്.

കൃഷി സംസ്ഥാന വിഷയമാണെങ്കിലും കർഷകരുടെ കാഴ്ച്ചപ്പാടിൽ അത് കൂടുതലായും കേന്ദ്രത്തിന്റെ വിഷയമാണ്. പാർലമെന്റിലെ മാറിമാറി വന്ന ധനമന്ത്രിമാർ ബജറ്റ് അവതരിപ്പിക്കുമ്പോൾ കൃഷിക്കും ജലസേചനത്തിനുമായി നൽകുന്ന വമ്പിച്ച വാഗ്ദാനങ്ങളും ഒടുവിൽ കഴിഞ്ഞ യുപി നിയമസഭാ തെരഞ്ഞെടുപ്പ് വേളയിൽ നരേന്ദ്രമോഡി തന്നെ നൽകിയ വായ്പ എഴുതിത്തള്ളൽ വാഗ്ദാനവുമെല്ലാം കേന്ദ്രത്തെ തങ്ങളുടെ അവസാന അഭയമായി കാണാൻ കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്. പ്രതിസന്ധിയുടെ ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കുമേൽ കെട്ടിവയ്ക്കുന്നതിൽ ന്യായമില്ല. എന്തുതന്നെയായാലും കർഷകരുടെ കണ്ണിൽ ഇന്ന് കാർഷികപ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങളെല്ലാം ഭരിക്കുന്നത് ബിജെപിയാണ്.

## മോഡിയുടെ നിശബ്ദത

കർഷകരുടെ പ്രശ്നങ്ങൾ പ്രതിപക്ഷ രാഷ്ട്രീയ പാർടി നേതാക്കൾ വലിയ രൂപത്തിൽ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടും സർക്കാർ അതിനോട് അങ്ങേയറ്റത്തെ നിശ്ശബ്ദത പുലർത്തുന്നതാണ് കഴിഞ്ഞയാഴ്ചത്തെ ഏറ്റവും ശ്രദ്ധേയമായ കാഴ്ച. കാര്യങ്ങൾ ഒരിക്കലും കൈവിട്ടുപോകാൻ അനുവദിക്കാത്ത നരേന്ദ്ര മോഡിയിൽനിന്ന് ഇങ്ങനെയൊരു സമീപനം പതിവില്ലാത്തതാണ്.

ഭൂമി ഓർഡിനൻസ് ബില്ലിലും അസഹിഷ്ണുത, അവാർഡ് തിരിച്ചു നൽകൽ വിവാദത്തിലും ഏറ്റവും പ്രധാനപ്പെട്ട നോട്ടു റദ്ദാക്കലിലുമെല്ലാം പ്രതിപക്ഷം കടന്നാക്രമിച്ചപ്പോഴൊക്കെ കരുതലോടെ അതിനെ കൈകാര്യം ചെയ്യാൻ മൂന്നുവർഷമായി പ്രധാനമന്ത്രി പദം കൈയ്യാളുന്ന നരേന്ദ്ര മോഡിക്ക് കുറെയൊക്കെ സാധിച്ചിരുന്നു. കള്ളപ്പണക്കാർക്കും ധനാഢ്യർക്കുമെതിരെയുള്ള നീക്കമായി കണ്ട് സാധാരണക്കാർ നോട്ടു നിരോധനത്തെ വലിയ പരാതിയൊന്നുമില്ലാതെ ആദ്യഘട്ടത്തിൽ സ്വീകരിച്ചിരുന്നു. നോട്ടു നിരോധനം ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും അതിനെ മറികടന്ന് ആംആദ്മിയെ കൂടെ നിർത്താൻ മോഡിക്ക് സാധിച്ചിരുന്നു.

എന്നാൽ കർഷകരുടെ പ്രക്ഷോഭം തികച്ചും വ്യത്യസ്തമാണ്. അത് ഉപജീവനത്തിന്റെ പ്രശ്നമാണ്. ഈ പ്രശ്നവും വലിയ കുഴപ്പമില്ലാതെ കടന്നുപോകുമെന്ന് കേന്ദ്രം ഭരിക്കുന്നവർ ചിന്തിച്ചാൽ അതൊരു വലിയ പിശകായി മാറും. അതങ്ങനെ മാറിപ്പോകുന്ന വിഷയമല്ല. രാജ്യത്തെ തൊഴിൽശക്തിയുടെ പകുതിയും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. രാജ്യത്തെ മൂന്നിൽ രണ്ടു വീടുകളും വരുമാനത്തിനായി ആശ്രയിക്കുന്നത് കൃഷിയെയാണ്. വായ്പ എഴുതിത്തള്ളണമെന്ന ആവശ്യം തന്നെ ഒരു മഹാരോഗത്തിന്റെ ആദ്യലക്ഷണമാണ്. വായ്പ എഴുതിത്തള്ളുന്നതോടെ രോഗത്തിനു ശമനമുണ്ടാകുമെന്ന് ചിന്തിക്കുന്നത് അസംബന്ധവുമാണ്. ഈ രോഗം അടുത്ത വിളവെടുപ്പ് സീസണിൽ കൂടുതൽ കരുത്താർജിച്ച് വരുമെന്നുറപ്പ്.

കൃഷി ലാഭകരമല്ലാതെ ആകുന്ന രോഗത്തിന് പിന്നിൽ കാരണങ്ങൾ അനവധിയാണ്. ഉൽപ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പാക്കിക്കൊണ്ടും കമ്പോളത്തിൽ അനായാസം ഇടപെടാനുള്ള സൗകര്യമൊരുക്കിക്കൊണ്ടും കാർഷികോൽപ്പന്നങ്ങളും എളുപ്പം കേടു വരുന്ന വിളകളും സൂക്ഷിക്കാൻ ആവശ്യത്തിന് സൗകര്യമൊരുക്കിക്കൊണ്ടും താരിഫുകളും കയറ്റുമതി- ഇറക്കുമതി നയങ്ങളും പരിഷ്കരിച്ച് കൃഷിയിടം മുതൽ തീൻമേശ വരെയുള്ള കാർഷിക ശൃംഖലയെ മെച്ചപ്പെടുത്തിക്കൊണ്ടും കാർഷിക മേഖലയിലെ ഘടനാപരമായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

കാർഷിക മേഖലയ്ക്ക് വ്യവസായമേഖലയ്ക്കുള്ള അത്രയും പ്രധാന്യം നൽകണമെന്ന് ചുരുക്കം. ഇന്ത്യ വളരണമെങ്കിൽ കർഷകർക്കൊപ്പം സർക്കാർ നിൽക്കണം. താൽക്കാലികമായ നടപടികളല്ല വേണ്ടത്. 2022ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്ന തരത്തിലുള്ള വാഗ്ദാനങ്ങൾക്ക് താഴേ തട്ടിൽ തുടർ നടപടി ഉണ്ടാകണം.

## ചെയ്യേണ്ടതാണ് കൂടുതൽ

ഇ-നാം എന്ന പേരിലുള്ള ഇലക്ട്രോണിക് അഗ്രികൾച്ചറൽ മാർക്കറ്റ്, പ്രധാനമന്ത്രി ഫസൽ ബിമാ യോജന, സോയിൽ ഹെൽത്ത് കാർഡ് ഇൻഷുറൻസ് പോലുള്ള പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ഇവയൊന്നും ഫലപ്രദമായി നടപ്പാക്കപ്പെട്ടിട്ടില്ല. നടപ്പാക്കിയതാവട്ടെ തികച്ചും ഉപരിപ്ലവമായും.

വാജ്പേയി സർക്കാരിന്റെ അവസാനവർഷമായ 2003ൽ നിലനിന്ന അവസ്ഥയോട് സാമ്യമുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. അന്നത്തെയും ഇന്നത്തെയും കാര്യങ്ങൾ തമ്മിൽ സാമ്പത്തികമായും രാഷ്ട്രീയമായും പല തരത്തിലും ഒരുപോലെയാണ്. അന്നും വ്യവസായത്തിനും പശ്ചാത്തല വികസനത്തിനുമാണ് ഏറെ പ്രധാന്യം നൽകിയിരുന്നത്. റോഡ് നിർമാണത്തിനായി അന്ന് വൻതുക നിക്ഷേപിച്ചു. ജിഡിപി 6 ശതമാനവും പണപ്പെരുപ്പം അഞ്ചു ശതമാനത്തിൽ താഴെയുമായിരുന്നു അന്ന്. പെട്രോൾ വില തീർത്തും കുറവുമായിരുന്നു. ധനപരമായ സൂചകങ്ങൾ മെച്ചപ്പെട്ടതും ഓഹരി വിപണി സജീവവുമായിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് എൻഡിഎ സർക്കാർ തങ്ങളുടെ നേട്ടങ്ങൾ ആഘോഷിക്കുവാൻ 2003ൽ 'ഇന്ത്യ തിളങ്ങുന്നു' എന്ന പ്രചാരണവുമായി വന്നത്.

ഇന്നത്തെപ്പോലെ തന്നെ അന്നും കോൺഗ്രസ് ഉദാസീനമായിരുന്നു. ന്യൂനപക്ഷ സർക്കാരായിരുന്നിട്ടും ബിജെപി തന്നെയായിരുന്നു ഉയർന്നു നിന്നത്. ഉൾനാടുകളിൽ വികസനമെത്താത്ത തിനാലുള്ള ഗ്രാമീണ ദുരിതം പ്രകടമായിരുന്നു. നഗരമേഖലകളിലെ സാമ്പത്തിക വികസനം ഗ്രാമങ്ങളിലെ ദരിദ്രരുമായുള്ള അസന്തുലിതാവസ്ഥ തീവ്രമാക്കി. ഗ്രാമങ്ങളെ ഭരണാധികാരികൾ അന്യവൽക്കരിക്കുകയാണെന്ന സ്ഥിതിവന്നു. ഇത് കണ്ടെത്താൻ വാജ്പേയി സർക്കാരിന് കഴിയാതിരുന്നതോടെയാണ് 2004ൽ ബിജെപിക്ക് കനത്ത തിരിച്ചടിയുണ്ടായത്.

പഴയ അനുഭവങ്ങളിൽനിന്ന് മോഡി പാഠം പഠിക്കുന്നില്ല. ഇപ്പോൾ കാർഷിക മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വരമായ ഒരു നടപടിയും മോദി സർക്കാരിൽ നിന്ന് ഉണ്ടാകുന്നില്ല.കഴിഞ്ഞ മൂന്നുവർഷങ്ങളിലു വികസന ചർച്ചകളിൽ വ്യവസായങ്ങൾക്കായിരുന്നു ആഭിമുഖ്യം. വരും വർഷങ്ങളിൽ കാർഷിക മേഖലയെ പരിഗണിച്ചില്ലെങ്കിൽ ഇന്ത്യ തിളങ്ങുന്നു എന്ന പ്രചാരണത്തിന്റെ ഗതിയാകും 2019ൽ ഈ സർക്കാരിനുണ്ടാകുക.■

ദി കാലിക്കറ്റ് **ടൗൺ**
സർവീസ് കോ-ഓപ്പറേറ്റീവ് **ബേങ്ക്**

**ലിമി. നമ്പർ ഡി. 2665**

മെയിൻ ബ്രാഞ്ച് : ടൗൺ ബാങ്ക് ടവർ, ഹെഡ്പോസ്റ്റോഫീസിന് പിൻവശം, എ.ജി. റോഡ്, കോഴിക്കോട്-1 ഫോൺ:0495 2765474,2762473
townbankcalicut@gmail.com, www.calicuttownbank.com

**ബ്രാഞ്ചുകൾ:**

എ.ജി.റോഡ്, കോഴിക്കോട്-1,ഫോൺ:0495 2762473 ● ഗാന്ധിറോഡ്, കോഴിക്കോട് - 11 , ഫോൺ: 0495 2767630
ചാലപ്പുറം, കോഴിക്കോട്-2, ഫോൺ: 0495 2703393 ● ഫ്രാൻസിസ് റോഡ്, കോഴിക്കോട്-1, ഫോൺ: 0495 2306001
പാളയം കോഴിക്കോട് - 2, ഫോൺ : 0495 2700333 ● മാവൂർറോഡ്, കോഴിക്കോട് - 1, ഫോൺ: 0495 2729933
● കെ.പി.കെ.എം റോഡ്, കോഴിക്കോട്-1, ഫോൺ: 0495 2765473
● ഇംഗ്ലീഷ് പള്ളി ബ്രാഞ്ച്, മറീന ടവർ, കോഴിക്കോട്-11, ഫോൺ: 0495 2366660

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- വിവിധതരം വായ്പകൾ
- സേഫ് ലോക്കർ സൗകര്യം
- ഇന്ത്യയിലെവിടേക്കും ഡിമാന്റ് ഡ്രാഫ്റ്റ് (ചുരുങ്ങിയ കമ്മീഷൻ നിരക്കിൽ)
- ഇന്ത്യയിൽ എവിടെയും നിമിഷങ്ങൾക്കകം ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് RTGS/NEFT സൗകര്യം
- ഏത് ബ്രാഞ്ചിൽ നിന്നും ഇടപാട് നടത്താൻ കഴിയുന്ന പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച കോർബാങ്കിംഗ് സംവിധാനം
- ചിട്ടിക്ക് സമാനമായ ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രഡിറ്റ് ഗ്യാരണ്ടി സ്കീം
- നിത്യനിധി നിക്ഷേപം
- അക്കൗണ്ടിലെ വിവരങ്ങൾ അറിയുന്നതിന് SMS സംവിധാനം
- രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ബാങ്കിങ്ങ് സൗകര്യം
- മൊബൈൽ റീ ചാർജ്, പോസ്റ്റ് പെയ്ഡ്, പ്രിപെയ്ഡ് ബിൽ ഡി.ടി.എച്ച്. ബിൽ
- എ.ടി.എം.സൗകര്യം

- സ്വർണ്ണപ്പണയ വായ്പ
- വിവാഹ വായ്പ
- ചികിത്സാ ചിലവ് വായ്പ
- വീട് റിപ്പെയർ വായ്പ
- വിദേശജോലി വായ്പ
- ഗൃഹോപകരണ വായ്പ
- വാഹന വായ്പ
- ഭവന നിർമ്മാണ വായ്പ
- സ്ഥലം വാങ്ങാൻ വായ്പ
- കരാറുകാർക്കുള്ള വായ്പ
- കച്ചവട വായ്പ
- ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം ലോൺ

**നീതിമെഡിക്കൽ സ്റ്റോർ**
കെ.പി.കെ.എം. റോഡ്, ഫോൺ: 2765039

**സൗകര്യം - സുരക്ഷിതം - സുസജ്ജം**

ചെയർമാൻ
വിശ്വനാഥൻ എ.വി.

ജനറൽ മാനേജർ
ഇ. സുനിൽകുമാർ

### മോഡീഭരണം

# കാർഷിക മേഖലയും ബഹുരാഷ്ട്ര കുത്തകകൾക്ക് അടിയറ വയ്ക്കുന്നു



**ഇന്ത്യൻ** കാർഷികമേഖലയും നരേന്ദ്രമോഡി സർക്കാർ ബഹുരാഷ്ട്ര കുത്തകകൾക്ക് അറിയറ വയ്ക്കുന്നു. ജനിതക മാറ്റം വരുത്തിയ കാർഷിക വിളകളുടെ വിത്തുകൾ ഉദ്പാദിപ്പിച്ച് വിപണനം നടത്താനുള്ള അവകാശം ബഹുരാഷ്ട്രകുത്തകകൾക്ക് നല്കിക്കൊണ്ടുള്ള നടപടി തുടരുകയാണ്. രാജ്യത്തെ പരുത്തി ഉല്പാദന മേഖലയിൽ ഇപ്പോൾ തന്നെ ബഹുരാഷ്ട്ര കുത്തകകളുടെ സാന്നിദ്ധ്യമുണ്ട്. പരുത്തി കർഷകർക്കായി ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് "മോൺസാന്റോ" എന്ന ബഹുരാഷ്ട്ര കമ്പനിയാണ്. വലിയ സാമ്പത്തിക നേട്ടം ഇതിൽ നിന്നും മോൺസാന്റോയ്ക്ക് ലഭിക്കുന്നുണ്ട്. സർക്കാരിന്റെ അടുത്ത നീക്കം കടുക് കൃഷിയാണ്. ജനിതക കടുക് വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള അവകാശം കൂടി മോൺസാന്റോക്കു ലഭിച്ചാൽ പ്രതിവർഷം 70000 കോടിയോട് അടുത്തു വരുന്ന ധനസമ്പത്ത് ഇന്ത്യയിൽ നിന്നും കവർന്നെടുക്കാൻ അവർക്കു കഴിയും. അതിൽ ഒരു പങ്ക് കേന്ദ്ര ഭരണകർത്താക്കൾക്കും കിട്ടും. ഈ സ്ഥിതി തുടർന്നാൽ ഭാവിയിൽ വിത്തുകളിലുള്ള കൈവശാവകാശം ഇന്ത്യൻ കർഷകർക്കു നഷ്ടപ്പെടും എന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഇതിനായി ഡെൽഹി സർവ്വകലാശാലയിൽ നടത്തിയ ഗവേഷണത്തിന് ചെലവായ 33 കോടി രൂപ ചിലവഴിച്ചത് 'മോൺസാന്റോ' ആണ്. അതിൽ 30 കോടി രൂപയും സബ്സിഡിയായി നൽകി കമ്പനിയെ മോഡി സർക്കാർ സഹായിച്ചു.



എൻ.പത്മലോചനൻ

മറ്റു മേഖലകളിലെന്നപോലെ കാർഷിക മേഖലയിലേക്കും ബഹുരാഷ്ട്ര കുത്തകകളെ ആനയിക്കുന്ന ഗവൺമെന്റ് നീക്കം അംഗീകരിക്കില്ലെന്ന ശക്തമായ നിലപാടിലാണ് കടുക് ഏറ്റവുമധികം ഉല്പാദിപ്പിക്കുന്ന ഹരിയാന, രാജസ്ഥാൻ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ. എന്നന്നേക്കുമായി മണ്ണിന്റെ ജൈവികത നഷ്ടപ്പെടുത്തുന്ന ഈ നീക്കത്തിന് കൂട്ടുനിൽക്കില്ലെന്നാണ് ബി.ജെ.പി ഭരിക്കുന്ന ഈ സംസ്ഥാനങ്ങൾ. ബി.ജെ.പി നയിക്കുന്ന കർഷക സംഘടനയും ഈ നീക്കങ്ങൾക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്. 2020 ഓടെ എല്ലാ സംസ്ഥാനങ്ങളും പുതിയ പാട്ടകൃഷി നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ട് 'നീതിആയോഗ്' രംഗത്ത് വന്നു. കേരളം ആ നിർദ്ദേശം തള്ളി കളഞ്ഞു. അടുത്തിടെ 'ആഗോള ഭക്ഷ്യ ഇന്ത്യ' എന്ന പേരിൽ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽ കരാർ കൃഷിക്ക് ഇന്ത്യ ഒരുങ്ങി എന്നും അതിനാൽ മുതൽ മുടക്കാൻ വിദേശ വ്യവസായികളും കോർപ്പറേറ്റുകളും മുന്നോട്ട് വരണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോഡി ആഹ്വാനം ചെയ്തു.

ഏറ്റവും അധികം കൃഷിഭൂമിയുള്ള ലോകത്തെ രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. വിവിധങ്ങളായ 127 കാർഷിക മേഖലകളും കാർഷിക വിളകളുമുണ്ട്. എന്നാൽ ഇന്നും 9 കോടിയിലധികം വരുന്ന കർഷകരുടെ ശരാശരി വരുമാനം കർഷക തൊഴിലാളികളുടെ കൂലിക്കും താഴെയാണെന്നാണ് 70-ാം ദേശീയ സാമ്പിൾ സർവ്വേ ആഫീസ് പുറത്ത് വിടുന്ന വിവരം. 52% ജനങ്ങളും കാർഷിക വൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നുവെങ്കിലും ഒരു കർഷക കുടുംബത്തിന്റെ പ്രതിമാസ വരുമാനം 6426 രൂപയാണ്. എന്നാൽ കൃഷിയിൽ പിന്നോക്കം നില്ക്കുന്ന 17 സംസ്ഥാനങ്ങളിലെ കർഷക കുടുംബത്തിന്റെ പ്രതിമാസ വരുമാനം വെറും 1666 രൂപയാണ്. 1995 മുതൽ 2016 വരെയുള്ള കാലയളവിൽ രാജ്യത്ത് ആത്മഹത്യചെയ്ത കൃഷിക്കാരുടെ എണ്ണം 3.18 ലക്ഷമാണ്. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച ഉത്തരേന്ത്യയിലെ കർഷകർക്ക് പ്രധാനമന്ത്രിയുടെ "ഫസൽ ഭീമയോജന" പ്രകാരം പ്രീമിയം അടച്ച് പോളിസി എടുത്തപ്പോൾ കി

# മുല്ലക്കൊടി കോ-ഓപ്പ്: റൂറൽ ബാങ്ക്



ക്ലിപ്തം നമ്പർ എഫ് 1230, ഹെഡ് ഓഫീസ് - കോളച്ചേരി മുക്ക്, പി ഒ കോളച്ചേരി, കണ്ണൂർ ജില്ല, ഫോൺ- 0460- 2240259, 2244959

Email: mullakkodi@bsnl.in, Website: www.mullakkodibank.com

മെയിൻ ബ്രാഞ്ച് : കൊളച്ചേരി മുക്ക്

ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബേങ്ക്

കേരള ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഒരു പ്രമുഖ ബാങ്ക്

**ഭവന നിർമാണ വായ്പ**
**സ്വർണ പണയ വായ്പ**

ഇടപാടുകാരന്റെ സൗകര്യം ..... അതാണ് ഞങ്ങൾ മുൻഗണന നൽകുന്നത്.

# പാപ്പിനിശ്ശേരി കോ-ഓപ്പ. റൂറൽ ബാങ്ക്

നമ്പർ എഫ് 1321, ഹെഡ് ഓഫീസ് കല്ല്യാശ്ശേരി, പി ഒ കല്ല്യാശ്ശേരി
ഫോൺ- എച്ച് ഒ. 2780138, സെക്രട്ടറി- 2780528
Email: pappinissericrb@gmail.com, Website: www.pappinisseribank.com

സംസ്ഥാനത്തെ പ്രമുഖ ക്ലാസ് 1 സൂപ്പർ ഗ്രേഡ് ബേങ്ക്

## ബ്രാഞ്ചുകൾ

കല്ല്യാശ്ശേരി-2780728, പാപ്പിനിശ്ശേരി ഈവനിങ്ങ് - 2787240, പറശ്ശിനിക്കടവ് -2780170, മാങ്കടവ് - 2782170, കെ കണ്ണപുരം - 2866264, ബക്കളം ഈവനിംഗ് -2782328, പാപ്പിനിശേരി - 2787284, ഒഴക്രോം - 2781920, ബക്കളം - 2780228, കോൾമൊട്ട - 2782920, കല്ല്യാശേരി സെൻട്രൽ - 2786925

■ കെ പി ആർ രായരപ്പൻ ഓഡിറ്റോറിയം ■ മൊബൈൽ ബാങ്കിംഗ് സൗകര്യം ■ ലോക്കർ സൗകര്യം

കേന്ദ്രീകൃത കോർബാങ്കിങ്ങ് സംവിധാനത്തിൽ പ്രവർത്തിക്കുന്നു, ഇടപാടുകൾ എസ്എംഎസിലൂടെ ഇടപാടുകാരെ അറിയിക്കുന്നു, ആർടിജിഎസ്-എൻഇഎഫ്ടി- ഡിഡി സൗകര്യം, സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം, നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ. കൂടിയ ഭദ്രത, വിവിധ ആവശ്യങ്ങൾക്ക് വായ്പ 25 ലക്ഷം രൂപ വരെ, ദേശീയ പാതയോരത്ത് വിശാലമായ പാർക്കിംഗ് സൗകര്യമടക്കം മികച്ച സൗകര്യങ്ങളുള്ള ഓഡിറ്റോറിയം കുറഞ്ഞ വാടകയിൽ

*"നിങ്ങളുടെ സംതൃപ്തി ഞങ്ങളുടെ ലക്ഷ്യം"*

പി രാമചന്ദ്രൻ
പ്രസിഡന്റ്

എം വി വേണുഗോപാലൻ
സെക്രട്ടറി

ട്ടിയത് പ്രീമിയം തുകയുടെ നൂറിൽ ഒന്നുപോലും വരാത്ത നഷ്ടപരിഹാരമാണ്. നടപ്പ് സാമ്പത്തിക വർഷത്തെ കാർഷിക വളർച്ചാനിരക്ക് പ്രതീക്ഷിച്ചതിനെക്കാൾ കുറവായിരിക്കുമെന്നും അതിന്റെ പ്രധാന കാരണം നോട്ട് റദ്ദാക്കലും ചരക്ക് സേവന നികുതി (ജി.എസ്.റ്റി) നടപ്പാക്കലും അതോടൊപ്പം വരുമാനത്തിലുണ്ടായ കുറവും ആണെന്ന് സാമ്പത്തിക സർവ്വേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

### എഫ്.സി.ഐ ഇല്ലാതാക്കുന്നു ഗോതമ്പ് സംഭരണവും വിതരണവും അദാനിക്ക്

ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ഇല്ലാതാക്കാനുള്ള കേന്ദ്ര സർക്കാർ നടപടികൾക്ക് വേഗതയേറിയിക്കുന്നു. ഇതിനായി പാർലമെന്റ് അംഗം ശാന്തകുമാർ ചെയർമാനായി രൂപവത്കരിച്ച കമ്മിറ്റിയുടെ ശുപാർശകൾ അതേപടി അംഗീകരിച്ച് രാജ്യത്തിന്റെ ഭക്ഷ്യധാന്യ സംഭരണ വിതരണ രംഗത്തേയ്ക്ക് കോർപ്പറേറ്റുകളെ ആനയിക്കാനാണ് കേന്ദ്ര നീക്കം. ശാന്തകുമാർ കമ്മിറ്റി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദശങ്ങളും പത്ര പരസ്യം വഴി ആവശ്യപ്പെട്ടിരുന്നു. അത് നെല്ല്, അരി, ഗോതമ്പ് എന്നിവയുടെ സംഭരണത്തിൽ നിന്നും എഫ്.സി.ഐ യെ ഒഴിവാക്കി സംഭരണ രംഗത്ത് പരിചയ സമ്പത്തുള്ള പഞ്ചാബ്, ഹരിയാന, ആന്ധ്രപ്രദേശ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഒഡിഷ എന്നീ സംസ്ഥാനങ്ങളെ ആ ജോലി ഏല്പിക്കുക, സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിക്കാനായി വെയർഹൗസ് രേഖകൾ ഉപയോഗിച്ച് ബാങ്ക് വായ്പകൾ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകി കരാറിലേർപ്പെടുക, ക്രമേണ റേഷൻ സമ്പ്രദായത്തിന് പകരം പണം കൈമാറ്റം ചെയ്യാനുള്ള നടപടികൾ കൈക്കൊള്ളുക, എഫ്.സി.ഐ യുടെ നിലവിലുള്ള ഗോഡൗണുകൾക്ക് പകരം സ്വകാര്യ മേഖലയുടെ സഹായത്തോടെ സൈലോകൾ ക്ഷണിക്കുക, ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിന്നും തൊഴിലാളികളെ ഒഴിവാക്കുക, ഇതിലേയ്ക്ക് സ്വകാര്യ സ്റ്റോക്കിംഗ് ഏജൻസികളുടെ സഹായം സ്വീകരിക്കുക, ഡിപ്പാർട്ട്മെന്റ് ലൈസൻസ്ഡ് തൊഴിലാളികളെ വിആർഎസ് നൽകി ഒഴിവാക്കുക, കരാർ തൊഴിലാളി സമ്പ്രദായം പുന:സ്ഥാപിക്കുക, എഫ്.സി.ഐ യെ മേൽനോട്ടത്തിന് വേണ്ടിയുള്ള ഒരു ഏജൻസി മാത്രമായി പുന:സംഘടിപ്പിക്കുകയും ഭക്ഷ്യവിതരണം എങ്ങനെ ചെലവ് കുറച്ച് നടപ്പിലാക്കാം എന്നതിനെക്കുറിച്ച് പഠനം നടത്തുന്ന ഒരു സ്ഥാപനം മാത്രമായി എഫ്.സി.ഐ യെ നിലനിർത്തുകയും ചെയ്യുക തുടങ്ങിയ 14 നിർദ്ദേശങ്ങളാണ് ശാന്തകുമാർ സമിതി സർക്കാരിന് സമർപ്പിച്ചത്. അത് അപ്പാടെ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു.

ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും ഘട്ടം ഘട്ടമായി സ്വകാര്യവത്ക്കാരി ക്കാനുള്ള നീക്കമാണ് മോഡി സർക്കാർ തുടരുന്നത്. കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ഗോതമ്പിന്റെയും സംഭരണവും വിതരണവും അദാനി ഗ്രൂപ്പിനെ ഏല്പിച്ചു കഴിഞ്ഞു. പശ്ചിമബംഗാളിൽ 7 എഫ്.സി.ഐ ഡിപ്പോകൾ അടച്ചുപൂട്ടി. സ്വകാര്യ മേഖലയുമായി സഹകരിച്ച് ഗോഡൗണുകൾ പണിയാനുള്ള ഏർപ്പാടുകളുമായി ഭക്ഷ്യധാന്യം ശേഖരിക്കുന്ന എഫ്.സി.ഐ ഗോഡൗണുകൾ വാടകയ്ക്ക് കൊടുക്കാൻ പാടില്ല എന്നതാണ് വെയ്പ്. എന്നാൽ സിമന്റ്, കമ്പി തുടങ്ങിയവ സംഭരിക്കുന്ന സെൻട്രൻ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾ വാടകയ്ക്ക് കൊടുക്കാമെന്നുണ്ട്. എഫ്.സി.ഐ ഗോഡൗണുകൾ ഡി.ഡബ്ല്യൂ.സി ക്ക് കൈമാറാനാണ് നീക്കം. അപ്പോൾ സ്വകാര്യ വ്യക്തികളും ബഹുരാഷ്ട്ര കുത്തകകളും വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ അവിടെയും സൂക്ഷിക്കാം. ഇങ്ങനെ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ 80% ബാങ്കുകൾ വായ്പയായി നൽകും. ഭക്ഷ്യധാന്യങ്ങൾക്ക് മാർക്കറ്റിൽ വില ഉയരുന്നിടംവരെ കാത്തിരിക്കാനും വില ഉയരുമ്പോൾ വിറ്റഴിക്കാനും സ്വകാര്യ കുത്തകകൾക്ക് കഴിയും. അങ്ങനെ പുഴ്ത്തിവയ്പ്പും കരിഞ്ചന്ത വില്പനയും നിയന്ത്രാണാതീതം ആകും.

എഫ്.സി.ഐ യുടെ 22 ഗോഡൗണുകളുണ്ട് കേരളത്തിൽ. ഡയറക്ടറ് പേമെന്റ് സിസ്റ്റം, നോ വർക്ക് നോ പേ, കാഷ്യൽ എന്നീ വിഭാഗങ്ങളിലായി 1200 തൊഴിലാളികൾ ഉണ്ട് കേരളത്തിൽ. പിരിഞ്ഞു പോകുന്നവർക്ക് പകരം പുതിയ നിയമനം നടത്തുന്നില്ല. നോട്ടിഫൈഡ് ഡിപ്പോകളെ ഡിനോട്ടിഫൈഡ് ആക്കുന്ന സേവന വേതന വ്യവസ്ഥകൾ കോടതി ഇടപെടൽ ഉണ്ടായിട്ടുപോലും പാലിക്കപ്പെടുന്നില്ല. സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി പോലും നടപ്പാക്കുന്നില്ല. ഇൻഫ്രാസ്ട്രെക്ച്ചർ ഫെസിലിറ്റി ഉള്ള ആറുസംസ്ഥാനങ്ങളെ നെല്ല്, അരി, ഗോതമ്പ് എന്നിവയുടെ സംഭരണത്തിനായി ചുമതലപ്പെടുത്തുമെന്ന ഹൈ ലെവൽ സമിതി നിർദ്ദേശം നിലവിൽ വന്നാൽ കേരളം അടക്കമുള്ള ചില സംസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കും.

കാർഷികോപന്നങ്ങൾക്ക്, വിശിഷ്യ ഭക്ഷ്യഉല്പന്നങ്ങൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് കൃഷിക്കാരെ കടക്കെണിയിൽ വീഴാതിരിക്കുന്നതിനും കൃഷിയിൽ തുടരാൻ പ്രേരിപ്പിക്കുന്നതിനും ഉള്ള അനിർവാര്യ ഘടകമാണ്. യു.പി.എ ഒന്നാം ഗവൺമെന്റ് കാലത്ത് ഇടതു പാർട്ടികളുടെ സമ്മർദ്ദം മൂലം കേന്ദ്രഗവൺമെന്റ് കുറച്ചൊക്കെ ശ്രദ്ധപതിപ്പിച്ചിരുന്നു. രണ്ടാം യു.പി.എ ഗവൺമെന്റിന്റെ കാലത്ത് മിനിമം സപ്പോർട്ട് പ്രൈസിനും സർക്കാർ സംഭരണത്തിനും എതിരെ നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നു. പ്രധാനകാരണം ഭക്ഷ്യധാന്യ സ്റ്റോക്കിന്റെ കാര്യത്തിലെ മോശപ്പെട്ട മാനേജ്മെന്റായിരുന്നു. 2009 മുതൽ 2013 വരെ ഉള്ള നാ

ലുവർഷക്കാലം വിലക്കയറ്റത്തിനു വഴിയൊരുക്കി എന്നൊരാക്ഷേപം ഉയർന്നുവന്നു. ആഗോള ഭക്ഷ്യ രംഗത്തെ പ്രതിസന്ധിയുടെ കാലമായിരുന്നു. തന്മൂലം നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ മിനിമം സപ്പോർട്ട് പ്രൈസിന്റെ കാര്യത്തിലും സംഭരണത്തിന്റെ കാര്യത്തിലും കുറച്ചു കർശനമായ നിലപാട് സ്വീകരിച്ചു. തന്മൂലം പ്രസ്തുത നാലു വർഷം കാർഷിക ഉല്പാദനം വർദ്ധിച്ചു. പ്രതീക്ഷിച്ചതിനും ഉപരി 42 ദശലക്ഷം ടൺ ഭക്ഷ്യധാന്യ ഉല്പാദനം ഉണ്ടായി. സ്വകാര്യ സംഭരണ വിലയേക്കാൾ ഉയർന്നതായിരുന്നു മിനിമം സപ്പോർട്ട് പ്രൈസ് എന്നതുകൊണ്ട് സർക്കാർ സംഭരണം വർദ്ധിച്ചു. എന്നാൽ പൊതു കമ്പോളത്തിലെ വിലക്കയറ്റം തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആ സ്റ്റോക്ക് ഉപയോഗിക്കാൻ കഴിഞ്ഞില്ല. മുൻ ചീഫ് എക്കണോമിക് അഡ്വൈസർ കൗശിക് ബാബു പറഞ്ഞതുപോലെ പ്രസ്തുത സ്റ്റോക്ക് സ്വകാര്യമാർക്കറ്റ് വിലനിയന്ത്രിക്കാൻ ഉപകരിച്ചില്ല. പിന്നീട് സ്റ്റോക്ക് സംഭരിച്ചതിനെക്കാൽ കുറഞ്ഞ വിലയ്ക്ക് വിറ്റഴിക്കേണ്ടി വരികയും അതുമൂലം വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുകയും ചെയ്തു.

അഗ്രികൾച്ചർ എക്കണോമിസ്റ്റ് അശോക് ഗുലാത്തിയുടെ കണക്കിൻ പ്രകാരം മുകളിൽ സൂചിപ്പിച്ച 2009 മുതൽ 2013 വരെയുള്ള നാലു വർഷത്തിന് ശേഷം നിശ്ചയിച്ച മിനിമം സപ്പോർട്ട് പ്രൈസ് ചൈനയിലും മറ്റ് ഏഷ്യൻ രാജ്യങ്ങളിലും നിശ്ചയിച്ച മിനിമം സപ്പോർട്ട് പ്രൈസിനെക്കാൾ കുറവായിരുന്നു. ഇതുമൂലം കർഷക ജനസാമാന്യം എന്തിന് പരമ്പരാഗതമായി ഭൂമി സ്വന്തമായുള്ള കൃഷിക്കാർപോലും വരുമാനം ഇടിഞ്ഞ് പ്രതിസന്ധിയിലായി. കർഷക മേഖലയിലെ യുവജനതയ്ക്ക് കൃഷിയിൽ അശേഷം താല്പര്യം ഇല്ലാതായി. വ്യവസായ മേഖല ലക്ഷ്യമാക്കി അവർ നഗരങ്ങളിലേക്ക് കുടിയേറി. മോഡി ഭരണകാലത്ത് ഈ കുടിയേറ്റം 20% വർദ്ധിച്ചു. നഗരങ്ങളിലെ വ്യവസായ മേഖലയുടെയും തൊഴിൽ ലഭ്യതയുടെ സ്ഥിതി ഇന്ന് വളരെ പരിതാപകരമാണ്.

മോഡി അധികാരത്തിൽ വരാൻ വേണ്ടി 2014 ലെ തിരഞ്ഞെടുപ്പുകാലത്ത് കാർഷിക ഉല്പന്നങ്ങളുടെ സപ്പോർട്ട് പ്രൈസ് ചിലവിന്റെ ഒന്നര ഇരട്ടി ആക്കാം എന്ന് നീട്ടി നീട്ടി പ്രസംഗിച്ചു. ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്നു. എന്താണ് മോഡി ഭരണം കൃഷിക്കാരോട് കാട്ടിയത്. മലയാളത്തിലെ പഴം ചെല്ലുപോലെയായി. - "പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ പൂരായണ" എന്ന രീതിയാണ്.

ഇന്ത്യയെപ്പോലെ 127 കോടി ജനസംഖ്യ ഉള്ള ഒരു രാജ്യത്ത് കാർഷിക മേഖലയെ അവഗണിച്ചുകൊണ്ടുള്ള രാഷ്ട്ര പുനരുദ്ധാരണവും സാമ്പത്തിക പുരോഗതിയും അസാദ്ധ്യമായകാര്യമാണ്. ഇന്ത്യൻ കാർഷിക മേഖലയിലെ യുവശക്തിയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാനും നിലനിർത്തുന്നതുമായിരിക്കണം ഇന്ത്യയുടെ കാർഷിക വികസന പദ്ധതികൾ.

ചൈന അതിനൊരു നല്ല ഉദാഹരണമാണ്. ഇന്നത്തെ ചൈനയുടെ വികസനകുതിപ്പ് തുടക്കം കുറിച്ചത് 1978 ലാണ്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകി. കാർഷിക ഉല്പന്ന വിലനിയന്ത്രണവും വില പരിമിതപ്പെടുത്തലും പിൻവലിച്ചു. വില നിശ്ചയിക്കാനുള്ള അവകാശം കൃഷിക്കാരനു നൽകി. കാർഷിക മേഖലയിൽ ആളോഹരി വരുമാനം വർദ്ധിച്ചു. 1984 ആയപ്പോഴേയ്ക്കും ചൈനയുടെ ദാരിദ്ര്യനിലവാരം 1978 ലെ 33% ശതമാനത്തിൽ നിന്നും 6 വർഷം കൊണ്ട് 15% ആയി കുറഞ്ഞു. 2017 ഒക്ടോബറിലെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 19-ാം പാർട്ടി കോൺഗ്രസ് അംഗീകരിച്ച വികസന പദ്ധതികളുടെ അടിസ്ഥാനത്തിൽ ചൈനയിലെ ദാരിദ്ര്യ നിലവാരം 2020 -ൽ 0% ത്തിൽ എത്തി ദാരിദ്ര്യം തുടച്ചുനീക്കപ്പെടും എന്നാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം. ഈ അടുത്ത ദിവസങ്ങളിലും വാർത്ത വരികയുണ്ടായി. മറിച്ച് 1991 മുതൽ ആണ് ഇന്ത്യ നവ ഉദാരവത്കരണ നയം ഉയർത്തി മുന്നേറ്റം തുടങ്ങിയത്. നീക്കം മുഴുവൻ വ്യവസായിക ഉദാരവത്ക്കരണത്തിലായിരുന്നു. 1993 -ൽ ഇന്ത്യയുടെ ദാരിദ്ര്യ നിലവാരം 45% ആയിരുന്നത് 2011 -ൽ ആയപ്പോൾ 22% ആയി മാത്രമാണ് താഴ്ന്നത്. ഇപ്പോഴത്തെ സ്ഥിതിയിൽ ദാരിദ്ര്യവസ്ഥ സൂചകം ഉയരാനാണ് ഏറെ സാദ്ധ്യത. കാർഷിക മേഖലയിലെ കോർപ്പറേറ്റ് വല്ക്കരണവും ആഗോളവല്ക്കരണവുംഅതാണ് വ്യക്തമാക്കുന്നത്.

**ഇന്നത്തെ ഇന്ത്യയുടെ**
**യഥാർത്ഥ മുഖം ഒന്നുകാണുക**

മൂഡിസ് ഇന്ത്യയുടെ റേറ്റിങ് baa 3 -ൽ നിന്നും baa 2ലേക്ക് ഉയർത്തി.

ഈ വാർത്ത അറിഞ്ഞ ഇന്ത്യൻ പ്രധാനമന്ത്രി മോഡി പ്രതികരിച്ചത് ഇപ്രകാരം ആണ്.

"ലോകത്തെ വളർച്ചയിലേക്ക് നയിക്കുന്ന എഞ്ചിനാണ് ഇന്ത്യ"

തുടർന്ന് 2017 ഒക്ടോബർ 12-ാം തീയതി പുറത്തു വന്ന വാർത്ത കാണുക. ഇതാണ് ഇന്ത്യയുടെ യഥാർത്ഥ ചിത്രം. 119 രാജ്യങ്ങളിലെ പട്ടിണി നിലവാരം വിലയിരുത്തിയപ്പോൾ ഇന്ത്യ 100-ാം സ്ഥാനത്ത്. മോഡി ഭരണത്തിൽ കീഴിൽ ഇന്ത്യയുടെ നിലവാരം ഇതാണ്.

- മോഡി ഭരണം 2014-ൽ ഇന്ത്യ 55-ാം സ്ഥാനത്ത്
- 2015 -ൽ ഇന്ത്യ 80-ാം സ്ഥാനത്ത്
- 2016 -ൽ ഇന്ത്യ 97-ാം സ്ഥാനത്ത്
- 2017 -ൽ ഇന്ത്യ 100 -ാം സ്ഥാനത്ത്
- അയൽ രാജ്യമായ ചൈന 29 -ാം സ്ഥാനത്ത്
- നേപ്പാൾ 72-ാം സ്ഥാനത്ത്
- ശ്രീലങ്ക 84-ാം സ്ഥാനത്ത്
- ബംഗ്ലാദേശ് 88-ാം സ്ഥാനത്ത്

ഇന്റർ നാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വർഷംതോറും ഒക്ടോബർ ഹങ്കർ (വിശപ്പ്) ഇൻഡക്സ് പ്രസിദ്ധീകരിക്കുന്നത്.

**മാനദണ്ഡം :-**

- എത്ര ശതമാനം പേർ പോക്ഷകാഹാര കുറവ് സഹിക്കുന്നു,
- 5 വയസ്സിനു താഴെ ഉള്ള കുട്ടികൾ എത്രമാത്രം തുക്കകുറവുള്ളവരാണ്,
- എത്ര കുട്ടികൾ പോക്ഷകാഹാരകുറവ് മൂലം വളർച്ച-ഉയരം കുറയുന്നു,
- ജനനസമയത്ത് ശിശുമരണം,
- 35 മുതൽ 50 വരെ സ്റ്റോർ ലഭിക്കാത്ത രാജ്യങ്ങൾ അതീവ ഗുരുതരവസ്ഥയിലാണ്,
- ഇന്ത്യയിൽ 5 വയസ്സിന് താഴെയുള്ള കുട്ടികളിൽ 38.4% കുഞ്ഞുങ്ങൾ തൂക്കകുറവുള്ളവരാണ്,
- ഇന്ത്യയിൽ 5 വയസ്സ് പൂർത്തീകരിക്കുന്നതിന് മുമ്പ് 24% കുഞ്ഞുങ്ങളും മരണപ്പെടുന്നു,
- ഇന്ത്യയിൽ പ്രതിദിനം 3000 കുട്ടികൾ ഈ വിധം മരണപ്പെടുന്നു,
- ഇന്ത്യയിൽ 48% വീടുകളിലും ശുചിത്വമുറിയില്ല,
- ഇന്ത്യയിൽ ശുദ്ധകുടിവെള്ളം ലഭിക്കുന്നവർ പരിമിതമാണ്.

മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ ധനകമ്മി കുറക്കാനെന്നപേരിൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ പരിരക്ഷയ്ക്കായി സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്ന ICDS (Intigrated child Development Scheme) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ തുടങ്ങിയ പദ്ധതികൾക്കുള്ള വകയിരുത്തൽ പണം പോലും വലിയ തോതിൽ വെട്ടികുറയ്ക്കുന്നു

**ഇന്ത്യയിൽ ഭക്ഷ്യ ഉപഭോഗം ഗണ്യമായി കുറഞ്ഞിരിക്കുന്നു**

സ്വാതന്ത്ര്യലബ്ദിക്കുമുമ്പുള്ള കാലങ്ങളിൽ വാർഷിക ഉപഭോഗം 200 Kg ആയിരുന്നു.

1950കളിൽ ഇത് 150 Kg ആയിരുന്നു.

1980കളിൽ ഇത് 180 Kg ആയിരുന്നു.

1991ന് ശേഷം നവ ഉദാരവത്ക്കരണ കാലം മുതൽ ഉപഭോഗനിലവാരം ഗണ്യമായി താഴ്ന്നു

ഇപ്പോൾ 161 Kg ആയി നിൽക്കുന്നു. ഈ സ്ഥിതിക്ക് മോഡി പറയുന്ന ന്യായങ്ങൾ

1. ക്രയശേഷി വർദ്ധിച്ചതുകൊണ്ടാണ് ഭക്ഷ്യേതര ആഡംബര ഭക്ഷ്യവസ്തുക്കൾ ആഹരിക്കുന്നു. തന്മൂലം ഭക്ഷ്യധാന്യഉപഭോഗം കുറയുന്നു. ഇത് വസ്തുതാപരമല്ല. ആഡംബര ഭക്ഷണം കൂടുതൽ ഉപയോഗിക്കുന്ന അമേരിക്കയിൽ ഭക്ഷ്യനാധ്യ ഉപഭോഗം വർഷത്തിൽ 900 Kg (ഇന്ത്യ 161)
2. മോഡിയുടെ മറ്റൊരു ന്യായം - യന്ത്രവത്ക്കരണം മൂലം മനുഷ്യരുടെ കായികാദ്ധ്വാനം കുറഞ്ഞു. തന്മൂലം ഭക്ഷണം കുറച്ചു മതി.
   ഈ വസ്തുത നേരെമറിച്ചാണ്. യന്ത്രവത്ക്കരണം മൂലം തൊഴിലവസരം കുറഞ്ഞു. വരുമാനംകുറഞ്ഞു. തന്മൂലം ഭക്ഷ്യഉപഭോഗം കുറഞ്ഞു.
3. മൂന്നാമത്തെ ന്യായം വളരെ ശ്രദ്ധേയമാണ്. ചിലവിന്റെ മുൻഗണനാക്രമം കുറഞ്ഞു. കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ പരിരക്ഷയ്ക്കും കൂടുതൽ പണം ചെലവിടുന്നു. തന്മൂലം ഭക്ഷ്യധാന്യ ഉപഭോഗം കുറഞ്ഞു.
   എന്നാൽ ഭക്ഷ്യ ഉപഭോഗം കുറയാനുള്ള യഥാർത്ഥ കാരണങ്ങൾ

1. തൊഴിലില്ലായ്മ
2. ഉള്ള തൊഴിലിന് ന്യായമായ കൂലി, വേതനം, ലഭിക്കുന്നില്ല.
3. ഭക്ഷ്യധാന്യ വിലക്കയറ്റം
4. ഗവൺമെന്റ് കൃഷിക്കാർക്ക് ന്യായമായ വില നൽകുന്നില്ല.

ഈ സ്ഥിതിക്കുള്ള പരിഹാരം - സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ഉദ്ധരിച്ച് ഉൽപ്പാദന ചിലവിന്റെ ഒന്നര ഇരട്ടി വില ഉൽപ്പനങ്ങൾക്ക് വിലയായി കഷിക്കാർക്കു നൽകണം. അതുപോലെ തന്നെ ഭക്ഷ്യ ധാന്യ സംഭരണവും വിതരണവും ഗവൺമെന്റ് നടത്തണം. പക്ഷേ മോഡി ഗവൺമെന്റ് എഫ്.സി.ഐ വക 400 ഗോഡൗണുകളിൽ 200 ഉം കുത്തകൾക്ക് കൈമാറിക്കഴിഞ്ഞു.

പുതിയ വാർത്ത - ഗോതമ്പിന്റെ സംഭരണവും വിതരണവും അദാനിയെ ഏൽപ്പിച്ചിരിക്കുന്നു. - (ലേഖനത്തിൽ വിശദാംശം ഉണ്ട്). ഉള്ളി സംഭരണം റിലയൻസ്, ഗോദറജ്, അദാനി എന്നിവരെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. സംഭരണ വില - കിലോയ്ക്ക് 7 രൂപ, വില്പ്പന വില 75 രൂപ. മാർക്കറ്റിലെ വില - 130 രൂപയ്ക്ക് മുകളിൽ.

**ശിശുമരണനിരക്ക്**

**കേരളത്തിന്റെ സ്ഥിതി വ്യത്യസ്ഥം**

| | | |
|---|---|---|
| കേരളം 0 - 1000 | - | 11 |
| തമിഴ്നാട് | - | 19 |
| മഹാരാഷ്ട്ര | - | 21 |
| പഞ്ചാബ് | - | 24 |
| ദേശീയ ശരാശരി | - | 30 |

**മറ്റൊരു ചിത്രം**

| | | |
|---|---|---|
| മദ്ധ്യപ്രദേശ് | - | 55 |
| ആസാം | - | 52 |
| ഓഡിഷ | - | 50 |
| ഛത്തീസ്ഗഢ് | - | 49 |
| ഉത്തർപ്രദേശ് | - | 47 |
| രാജസ്ഥാൻ | - | 45 |

രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ 15.01.2018 ൽ പുറപ്പെടുവിച്ചതാണ് ഈ സ്ഥിതിവിവര കണക്ക്.

ഇന്നത്തെ ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ഭാവിയെകരുതി കാർഷിക മേഖലയും കൃഷിക്കാരും കർഷക തൊഴിലാളികളും ഗ്രാമീണ ജനതയും നേരിടുന്ന ജീവിത പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നിർദ്ദേശങ്ങളുയർത്തി ഇന്ത്യൻ കാർഷിക ജനകോടികൾ നടത്തുന്ന പ്രക്ഷോഭസമരങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ ഇന്ത്യയിലെ സംഘടിത തൊഴിലാളിവർഗ്ഗം മുന്നിട്ടിറങ്ങണം. ■

### ഭീമ-കൊറേഗാവ് യുദ്ധം

# ഓർമകളും മിത്തും സ്മാരകവും

**ശിവ വിശ്വനാഥൻ**

**ഭീമ-** കൊറേഗാവ് യുദ്ധം ചരിത്രത്തിലെ വെറുമൊരു യുദ്ധമല്ല. സ്വത്വത്തിനും സമത്വത്തിനും വേണ്ടിയുള്ള യുദ്ധമായിരുന്നു.

അന്തരിച്ച കന്നട എഴുത്തുകാരൻ യു ആർ അനന്തമൂർത്തി ഒരിക്കൽ എന്നോടൊരു കഥ പറഞ്ഞു. അദ്ദേഹവും അദ്ദേഹത്തിന്റെ പിഎച്ച്ഡി ഗൈഡും ഒരിക്കൽ ഇങ്മർ ബർഗ്മാന്റെ സിനിമയെക്കുറിച്ച് ചർച്ച നടത്തുകയായിരുന്നു. അനന്തമൂർത്തി പറഞ്ഞു, പാശ്ചാത്യർക്ക് ചരിത്രവുമായി ഒരു പ്രാപ്യത ആവശ്യമുള്ളപ്പോഴൊക്കെ അവർക്ക് ആർക്കൈവിൽ പ്രവേശിക്കേണ്ടതുണ്ട്. എന്നാൽ ഇന്ത്യയിലെ ഒരു പട്ടണത്തിലൂടെ നമ്മൾ നടക്കുമ്പോഴൊക്കെ നമ്മൾ കോപ്പർനിക്കസും ഐൻസ്റ്റീനും അയൽവാസികളായിരുന്ന ഒരു കാലത്തിലൂടെയാകും നടക്കുക. ഈ ആശയം മുൻനിർത്തി യു ആർ അനന്തമൂർത്തി ഒരു കഥയെഴുതുമെന്ന് ആശിച്ചവരുണ്ട്. കാരണം ചരിത്രത്തോട് നാം ചെയ്യുന്ന കാര്യം നോക്കുമ്പോൾ നമുക്ക് സയൻസ് ഫിക്ഷന്റെ ആവശ്യമില്ല തന്നെയെന്ന് അദ്ദേഹത്തിന് തോന്നിയിരിക്കാം.

ഈയിടെ ദളിത് വിഭാഗക്കാരായ മഹറുകളും മറാഠകളും നടത്തിയ ഏറ്റുമുട്ടൽ കാണുമ്പോൾ അനന്തമൂർത്തി അത് നിരീക്ഷിച്ചിരുന്നെങ്കിൽ എന്ന് പലരും ചിന്തിച്ചിട്ടുണ്ടാകും. ചരിത്രത്തിന്റെ രേഖീയത കഥാകഥനത്തിന്റെ സൂക്ഷ്മവ്യതിയാനങ്ങളെ പൂർണമായും പിടിച്ചെടുക്കില്ല.

**സ്മാരകം**

എല്ലാം തുടങ്ങുന്നത് ഒരു ചെറിയ സ്മാരക സ്തൂപത്തിൽനിന്നാണ്. ചരിത്രപുസ്തകങ്ങൾ ഒട്ടും ശുഷ്കാന്തിയില്ലാതെ മൂന്നാം ആംഗ്ലോ-മറാഠ യുദ്ധമെന്ന് വിശേഷിപ്പിച്ച ഒരു യുദ്ധത്തിന്റെ സ്മാരകം. 1818 ജനുവരി ഒന്നിന് ഭീമ- കൊറേഗാവ് ഗ്രാമത്തിൽ നടന്ന യുദ്ധത്തിൽ മരിച്ചുവീണവർക്കുവേണ്ടി ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിസ്ഥാപിച്ചതാണ് ഈ സ്മാരകസ്തൂപം. ചില ബ്രിട്ടീഷുകാർക്കൊപ്പം നിരവധി മഹർ സൈനികരും അന്ന് കൊല്ലപ്പെട്ടു.

അകിര കുറസോവയുടെ റാഷമൺ സിനിമയിലേതുപോലെ സ്വപ്നതുല്യമായ രീതിയിൽ ഭിന്നതലത്തിൽ ഈ സംഭവത്തെ വ്യാഖ്യാനിക്കാം. മറാഠികൾക്കും ചരിത്രഗ്രന്ഥങ്ങൾക്കും അത് സാമ്രാജ്യത്വവും ദേശീയതയും തമ്മിലുള്ള യുദ്ധമാണ്. എന്നാൽ മഹറുകൾ ഇതിനെ മറ്റൊരു വിധത്തിലാണ് വായിക്കുന്നത്.

പാഠപുസ്തകങ്ങളിൽ രേഖപ്പെടുത്തപ്പെട്ട ചരിത്രം ഓർമകളെ ഗൗരവത്തോടെയല്ല സമീപിക്കുന്നത്. ബാജി റാവു രണ്ടാമന്റെ കാലത്ത് സൈനിക സേവനം വാഗ്ദാനം ചെയ്യപ്പെട്ടത് എങ്ങനെയൊണെന്ന് മഹറുകൾ ഓർമിക്കുന്നു. എന്നാൽ പേഷ്വമാർ അവരെ തിരസ്കരിച്ചു. അതോടെയാണ് മഹറുകൾ അടുത്ത യുദ്ധത്തിൽ ബ്രിട്ടീഷുകാർക്കൊപ്പം ചേർന്നത്.

ഭീമ- കൊറെഗാവ് യുദ്ധതി അതുകൊണ്ടു തന്നെ വ്യത്യസ്ത രീതിയിലാണ് വായിക്കേണ്ടത്. 500 മഹറുകൾ അടങ്ങന്ന 834 പേരുള്ള ബ്രിട്ടീഷ് കാലാൾപ്പട എണ്ണത്തിൽ കൂടുതലായ പേഷ്വസൈന്യത്തെ പരാജയപ്പെടുത്തുകയായിരുന്നു. ഇത് ബ്രിട്ടീഷുകാരുടെ തുടർച്ചയെയല്ല, പേഷ്വമാരുടെ അന്ത്യത്തെയാണ് അടയാളപ്പെടുത്തിയത്. മഹറുകളുടെ ഓർമയിൽ ബ്രിട്ടീഷ് സാന്നിധ്യം ചുരുങ്ങുകയും മഹറുകളുടെ ധീരതയുടെയും ശൗര്യത്തിന്റെയും കഥയായി അത് മാറുകയും ചെയ്തു. പേഷ്വാമാർക്കെതിരെ തുല്യതയ്ക്ക് വേണ്ടി യുദ്ധം ചെയ്ത മഹറുകളുടെ ആയോധന പാടവത്തിന്റെ സാക്ഷ്യപത്രം കൂടിയാണത്. വ്യത്യസ്തമായ ഒരോർമയുടെയും വ്യത്യസ്തമായ ഒരു ഐക്യദാർഢ്യത്തിന്റെയും പ്രതിനിധാനമാണ് കോറേഗാവ് രണസ്തംഭം. പുതിയൊരു വംശാവലിയുടെ ഭാഗമായ അത് ഇന്ന് ഇന്ത്യക്കാരും ബ്രിട്ടീഷുകാരും തമ്മിലുള്ള യുദ്ധത്തിന്റെ ഭാഗമല്ല, മറിച്ച് സമത്വത്തിനായുള്ള പോരാട്ടത്തിന്റെ ഭാഗമാണ്.

**പുതിയ ഓർമ**

1927ൽ ഈ പ്രദേശം സന്ദർശിച്ച ബാബ സാഹെബ് അംബേദ്കറാണ് അതിന് നിയമസാധുത നൽകിയത്. ഈ പുതിയ ഓർമ പുതിയ സമൂഹങ്ങളുടെ രൂപകരണത്തിലേക്ക് നയിച്ചു. ദളിതരുടെ ആത്മാഭിമാനത്തിനും തുല്യതയ്ക്കും വേണ്ടി നടത്തിയ പോരാട്ടത്തെ അനുസ്മരിക്കാനായി ഭീമ- കൊറേഗാവ് രണസ്തംഭ് സേവാ സംഘം രൂപീകരിക്കപ്പെട്ടു. മഹർ റജിമെന്റിലെ അംഗങ്ങൾ മഹറുകളുടെ സൈനിക ബോധത്തിനും ശൗര്യത്തിനും ആദരമർപ്പിക്കാൻ രണസ്തംഭം സന്ദർശിക്കാൻ തുടങ്ങിയതോടെ സമാന്തരമായ ഈ ഓർമയ്ക്ക് ശക്തി ലഭിച്ചു. സ്തംഭത്തിന്റെ വ്യാഖ്യാനത്തിനുമേലുള്ള മഹറുകളുടെ ഓർമകളാണ് മറാഠ ചരിത്രവുമായി പോരടിക്കുന്നത്.

ഭൂതവും വർത്തമാനവും ഭാവിയും ഒരേസമയം പുനരാവിഷ്കരിക്കപ്പെടുന്നതിനെക്കുറിച്ച് അനന്തമൂർത്തി പറഞ്ഞത് ഓർമിക്കേണ്ടത്. ഒരേ സമയത്ത് സംഭവിക്കുന്നതിന്റെ മാന്ത്രികതയെ പിടിച്ചെടുക്കാൻ ഇന്ത്യയിലെ ഒരു കഥപറച്ചിലുകാരൻ തയ്യാറാവണം. ഒരാൾ ഭൂതകാലത്തേക്കും വർത്തമാനത്തിലേക്ക് ഭാവിയിലേക്കും ട്യൂൺ ചെയ്തുവച്ച മൂന്നു ടെലിവിഷൻ സെറ്റുകൾ കാണുന്നതിനെക്കുറിച്ച് ഭാവനയിൽ കാണാൻ എന്റെ ഒരു സുഹൃത്ത് നിർദേശിച്ചിരുന്നു. തങ്ങളുടെ സ്വത്വബോധവും തുല്യതാ ബോധവും ശക്തായി അവതരിപ്പിച്ചുകൊണ്ട് മഹറുകൾ അനശ്വരമായ ആഗ്രാമത്തിലെ തങ്ങളുടെ സ്മാരകത്തെ ചരിത്രത്തിലേക്ക് പുനരാവിഷ്കരിക്കുമ്പോൾ പ്രബല ജാതികൾ ചരിത്രത്തിന്റെ ആ പുനർവിനിയോഗത്തിൽ അസ്വസ്ഥത പ്രകടിപ്പിക്കുകയാണ്.

രണ്ടാമത്തെ ടെലിവിഷൻ ട്യൂൺ ചെയ്യുക. ഈ അനുഷ്ഠാനങ്ങൾ നിരീക്ഷിക്കുന്ന ബ്രാഹ്മണർക്കും മറാഠകൾക്കും ജീവിതം അയഥാർഥമായാണ് തോന്നുന്നത്. പൊടുന്നനെ അതിക്രമങ്ങൾ മഹാരാഷ്ട്രയിലെങ്ങും പടരുകയും അത് മഹറുകളും മറാഠകളും തമ്മിലുള്ള യുദ്ധമായി മാറുകയും ചെയ്യുന്നു. തങ്ങളുടെ ബൗദ്ധിക സ്വത്തവകാശം പോലെ ഇരുകൂട്ടരും തങ്ങളുടെ സ്വത്വത്തെ സംരക്ഷിക്കുകയാണ്. ഈ യുദ്ധം ഇന്ന് ഓർമകളിലെ ഒന്നല്ല, മറിച്ച് സ്വത്വത്തിനും തുല്യതയ്ക്കും വേണ്ടിയുള്ള യുദ്ധമാണ്.

അതിക്രമം പടരുമ്പോൾ ആധുനികതയുടെ പര്യായമായ മെട്രോനിർത്തിവയ്ക്കുമെന്ന ഭീഷണി ഉയരുകയും പുനെ, നാഗ്പുർ, താനെ, കോൽഹാപുർ എന്നിവിടങ്ങളിൽ ജനജീവിതം താറുമാറാകുകയും ചെയ്യുമ്പോൾ മഹാരാഷ്ട്രയാകെ സ്തംഭിക്കുകയാണ്.

ഇരു ഗ്രൂപ്പുകളും ബിജെപിയുടെ നേതൃത്വത്തിലുള്ള ഹിന്ദുത്വത്തന്റെ മുന്നേറ്റത്തിനെതിരെ പ്രതിഷേധിക്കുമ്പോൾ മൂന്നാം വിഭാഗത്തിന്റെ ദുഷ്ടതയെയാണ് ഊഴമിട്ടു കാണുന്നത്.

**ഇതര ആഖ്യാനങ്ങൾ**

ദളിത് നേതാവ് പ്രകാശ് അംബേദ്കറുടെ കാഴ്ചപ്പാടിൽ ഹിന്ദുത്വ ശക്തികൾ സമൂഹത്തെ ജാതിയുടെ അടിസ്ഥാനത്തിൽ വിഷലിപ്തമാക്കുകയാണ്. ഭീമ– കെറേഗാവ് ഗ്രാമത്തോട് ചേർന്ന വധുബുദ്രുക് ഗ്രാമത്തെയും ശിവജിയുടെ മൂത്ത മകൻ സംഭാജിയെയും ചുറ്റിപ്പറ്റിയുള്ള വിവാദങ്ങളാണ് ദളിത് പണ്ഡിതർ ചൂണ്ടിക്കാട്ടുന്നത്. സംഭാജിയുടെ മൃതദേഹം വികൃതമാക്കി പുഴയിലെറിഞ്ഞെന്നാണ് പുരാവൃത്തം. ദളിതനായ ഗോവിന്ദ് മഹർ മൃതദേഹം കണ്ടെത്തി തുന്നി ശരിയാക്കിയെന്നും കഥയിലുണ്ട്. സംഭാജിക്ക് സ്മാരകം പണിതത് ദളിതർ പിന്നീട് ഗോവിന്ദ് മഹർ കൊല്ലപ്പെട്ടപ്പോൾ അതേഗ്രാമത്തിൽ അദ്ദേഹത്തിന്റെ ശവകുടീരവും നിർമിച്ചു. എന്നാൽ ഈ പുരാവൃത്തത്തെയും ഇതിന്റെ പേരിൽ യുദ്ധം നടന്നുവെന്ന വാദത്തെയം സവർണരായ മറാഠകൾ എതിർക്കുകയാണ്.

ഇനി മൂന്നാമത്തെ ടെലിവിഷനിലേക്ക് നോക്കാം. ഈ പോരാട്ടങ്ങളെ മുൻനിർത്തി മുസ്‌ലിം വിരുദ്ധമായ ഒരു അതീത വ്യാഖ്യാനത്തിനാണ് ബിജെപി വർഷങ്ങളായി ശ്രമിക്കുന്നത്. മറാഠകളുടെ സുവർണ ഭൂതകാലത്തെ ബിജെപി ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് ജാതികളെ തങ്ങൾക്കൊപ്പം നിർത്തുന്നതിനാണ്. ദളിതരെ സുഖിപ്പിച്ച് ഒപ്പം നിർത്താൻ ബിജെപി പ്രസിഡന്റ് അമിത് ഷാ ശ്രമിക്കുന്ന കാലത്ത് ഹിന്ദുത്വ പോരാട്ടങ്ങളെ നവപേർഷ്വാ സംരംഭങ്ങളുമായി ബന്ധിപ്പിക്കാനുള്ള സമീപകാല ശ്രമങ്ങൾ ബജെപിയെ അലോസരപ്പെടുത്തുന്നുണ്ട്. മറ്റ് ഹിന്ദുത്വ സംഘടനകളെ മറാഠ പ്രതാപവും ദളിത് അന്യവൽക്കരണവും ഉയർത്തിക്കാട്ടുമ്പോൾ ഈ അലോസരം പ്രകടമാണ്. പേഷ്വമാരുടെ ശക്തികേന്ദ്രത്തിൽ വമ്പിച്ച സമ്മേളനം സംഘടിപ്പിച്ചുകൊണ്ടാ് ദളിത് സംഘടനകൾ ഇതിനോട് പ്രതികരിച്ചത്. തെരഞ്ഞെടുപ്പ് മുൻനിർത്തി ദളിതരെ പാട്ടിലാക്കി ഉറപ്പിച്ച വോട്ടു ബാങ്കിന് ജാതികൾക്കിടയിൽവന്ന ഈ ഭിന്നത ഭീഷണിയാണ്. തെരഞ്ഞെടുപ്പിലെ നേട്ടം ലക്ഷ്യമിട്ട് ജാതി യുദ്ധങ്ങളെ പ്രോത്സാഹിപ്പിച്ച ബിജെപിക്ക് ഇപ്പോഴത്തെ സ്ഥിതി തിരിച്ചടിയാവുമെന്നതാണ് വൈരുധ്യം.

തങ്ങൾ ശ്രദ്ധാപൂർവം തുന്നിക്കൂട്ടിയ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ മറ്റൊരു ജിഗ്നേഷ് മേവാനിയുടെ വരവോടെ ചിതറിപ്പോകുമെന്ന ഭയം ബിജെപിക്കുണ്ടെന്ന് വ്യക്തം. ജാതിയുദ്ധം ഒരു ക്രമസമാധാനപ്രശ്നമായി വളരുകയാണ്. സൈബർ മേഖലയിൽ ഇതിനെതിരെ ശക്തമായ മുന്നറിയിപ്പു ഉയർന്നിരിക്കുന്നു.

**നിയന്ത്രണങ്ങൾക്ക് അതീതം**

ഭീമ കൊറേഗാവ് സംഭവത്തെക്കുറിച്ചറിയാൻ പത്രങ്ങളുടെ ആർക്കൈവുകൾ പരിശോധിച്ചപ്പോൾ ഒരു ആഖ്യാനം ചെറുതാക്കാനോ ഗുളികപ്പരുവത്തിലാക്കാനോ സാധിക്കില്ലെന്നാണ് എനിക്ക് ബോധ്യമായത്. ഇത് ചരിത്രപരമായ ഒരു വിവാദമല്ല. അതിനെ ഒരു ജാതിപ്പോരാട്ടമായി കാണാനുമാകില്ല. അത് സ്വത്വത്തിനുവേണ്ടിയുള്ള പോരാട്ടവുമല്ല. അത് തുല്യതയ്ക്കായുള്ള അന്വേഷണമാണ്. ഈ തുണ്ടുകൾക്കപ്പുറം പോകാനുള്ള രാഷ്ട്രീയക്കാരുടെ ഒരു ശ്രമം കൂടിയാണത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ സംഭവിക്കാവുന്ന പല ഘടകങ്ങളെക്കുറിച്ച് ഒരാൾക്ക് ഇതിൽ നിന്ന് മനസ്സിലാകും. ഒരു പ്രശ്നത്തിന്റെ പ്രകൃതത്തെ കാലം പുനർനിർവചിക്കുപോൾ ഇത്തരം ആഖ്യാനങ്ങൾക്ക് ഓർമകളെ വീണ്ടെടുക്കാനുള്ള കഴിവിനെയും ഒരാൾക്ക് മനസ്സിലാക്കാനാകും. ■

# ഗ്രാറ്റുവിറ്റി നിയമഭേദഗതിയിലും ഒളിയമ്പുകൾ

**എസ് എസ് അനിൽ**



കണ്ണുവേണം ഇരുപുറം എപ്പോഴും
കണ്ണു വേണം മുകളിലും താഴെയും
കണ്ണിനുള്ളിൽ കത്തിജ്വലിക്കും ഉൾ
ക്കണ്ണു വേണം അണയാത്ത കണ്ണുകൾ

ഗ്രാറ്റുവിറ്റി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബില്ല് പാർലമെണ്ടിൽ അവതരിപ്പിച്ചു.

കഴിഞ്ഞ ശീതകാല സമ്മേളനത്തിൽ 205-ാം നമ്പറായാണ് ബില്ല് പാർലമെണ്ടിന്റെ പരിഗണന ക്ക് വന്നത്.

സെക്ഷൻ 2A സബ് സെക്ഷൻ 2
സെക്ഷൻ 4 സബ് സെക്ഷൻ 3

ഈ രണ്ടു വകുപ്പുകളിലാണ് ഭേദഗതി.

ഗ്രാറ്റുവിറ്റി കണക്കാക്കുന്ന വേളയിൽ തുടർ ച്ചയായ സേവനത്തിൽ (Continuous Service) പ്ര സവാവധി 12 ആഴ്ച എന്ന 2A (2) വകുപ്പാണ് ഭേദ ഗതി ചെയ്യുന്നത്. കേന്ദ്രസർക്കാർ ജീവനക്കാരുടെ പ്രസവാവധിയുടെ കാലാവധി 26 ആഴ്ചയായി വർ ദ്ധിപ്പിച്ചതാണ് പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്യാ നുണ്ടായ സാഹചര്യം. വകുപ്പിലെ 12 ആഴ്ച എ ന്നത് കേന്ദ്ര സർക്കാർ സമയാസമയങ്ങളിൽ വരു ത്തുന്ന മാറ്റമനുസരിച്ച്

(" Such period as may be notified by the Centr-al Government from time to time")എന്ന് ഭേദഗതി ചെ യ്യപ്പെട്ടു.

**ന്യായമായും സ്വാഗതം ചെയ്യപ്പെടേണ്ട ഭേദഗതി.**

ഇനി അടുത്ത ഭേദഗതി ശ്രദ്ധിക്കുക.

വകുപ്പ് 4 (3) ൽ പരമാവധി സംഖ്യ 10 ലക്ഷം എന്ന് രേഖപ്പെടുത്തിയതും ഭേദഗതി ചെയ്യപ്പെട്ടു. കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി പരി ധി 20 ലക്ഷം ആക്കിയതിന്റെ പശ്ചാത്തലത്തിലാ ണ് പ്രസ്തുത ഭേദഗതി. അവിടെയും കേന്ദ്ര സർ ക്കാർ സമയാസമയങ്ങളിൽ തീരുമാനിക്കുന്ന സം ഖ്യ (In Section 4 of the principal Act in Sub Section 3 for the words"ten lakh rupees" the words"such amount as may be notified by the Central Govern-ment from time to time"shall be substituted) എന്നാ ണ് ഭേദഗതി ചെയ്തത്.

**ഇതും സ്വാഗതം ചെയ്യപ്പെടേണ്ടതല്ലേ?**

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 7ാം ശംബള ക്കമ്മീഷൻ ശുപാർശ പ്രകാരം 2016 ജനുവരി 1 മു തൽ ഗ്രാറ്റുവിറ്റി 20 ലക്ഷമായി ഉയർത്തി.എന്നാൽ ഗ്രാറ്റുവിറ്റി നിയമത്തിന്റെ പരിധിയിൽ വരുന്ന ബാ ങ്ക് ജീവനക്കാരുൾപ്പടെയുള്ളവർക്ക് 2017 ഒക്ടോബർ 23ന് എഴുതി തയ്യാറാക്കി, ഇപ്പോൾ അവതരിപ്പിച്ച ഭേദഗതി ബില്ലിലൂടെ മുൻകാല പ്രാബല്യം ലഭി ക്കുമോ എന്നത് സംശയകരമാണ്. അത് കൊണ്ട്

തന്നെ ഇനി ഇത്തരം മാറ്റങ്ങൾ കേന്ദ്ര സർക്കാർ ഉത്തരവിലൂടെ നടപ്പിലാകും എന്ന വകുപ്പ് സ്വാഭാവികമായും സ്വാഗത ചെയ്യപ്പെടേണ്ടതാണ്.

### ഇല്ലാതായ ഗ്രാറ്റുവിറ്റി

അവിടെയാണ് നമ്മൾ ചില കാര്യങ്ങൾ പരിശോധിക്കേണ്ടത്. 2004 ജനുവരി 1 മുതൽ ജോലിയിൽ പ്രവേശിച്ച കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതി (NPS) നടപ്പിലാക്കുകയുണ്ടായി. അതിന് മുന്നോടിയായി പാസാക്കിയ പെൻഷൻഫണ്ട് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി നിയമപ്രകാരം (PFRDA )പ്രസ്തുത പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നിറുത്തലാക്കപ്പെട്ടു. അഥവാ NPS അംഗങ്ങളായ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി സർക്കാർ ഉത്തരവിലൂടെ അട്ടിമറിക്കപ്പെട്ടു.

"They are not eligible for Provident Fund.They are not eligible for any other retire mental benefits also."

ഈ വരികൾ വച്ചാണ് കേന്ദ്ര സർക്കാർ പുതിയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി നിറുത്തലാക്കിക്കൊണ്ട് ഉത്തരവിറക്കിയത്.

റെയിൽവേയിലും പുതിയ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇല്ലാതായി.

ബാങ്ക് ജീവനക്കാർക്ക് സുരക്ഷാ കവചമായിരുന്ന ഗ്രാറ്റുവിറ്റി നിയമം

ബാങ്കിംഗ് രംഗത്ത് 2010 ഏപ്രിൽ ഒന്നു മുതൽ ജോലിക്ക് പ്രവേശിച്ചവർക്കാണ് പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. ഒൻപതാം ഉഭയകക്ഷി കരാറിലെ പുതിയ പെൻഷനെ സംബന്ധിച്ച വരികൾ താഴെ പറയും പ്രകാരമായിരുന്നു.

"The defined Cotnributory Pension Scheme proposed to be itnroduced for them will be one as governed by the provisions of New Pension System introduced for employees of Central Government w.e.f 1st January 2004 and as modified from time to time."

വളരെ വ്യക്തമായി, കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ബാധകമായ പദ്ധതി എന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത് എങ്കിലും ഗ്രാറ്റുവിറ്റി നിയമം ഭേദഗതി ചെയ്യാത്തതിനാൽ ബാങ്കുകളിലേയോ NPS നടപ്പിലാക്കിയെങ്കിലും ഗ്രാറ്റുവിറ്റി നിയമ പരിധിയിലുണ്ടായിരുന്ന മറ്റ് മേഖലകളിലെയോ പുതിയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റിക്ക് ഒരു മാറ്റവുമുണ്ടായില്ല.

### കോടതിയുടെ ഇടപെടൽ

ഇതിനിടെ NPS പദ്ധതിയിൽപെട്ട കേന്ദ്ര സർക്കാർ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി നിറുത്തലാക്കി ആറ് വർഷങ്ങൾക്ക് ശേഷം തമിഴ് നാട്ടിൽ റെയിൽവേയിലെ ചില ജീവനക്കാർ മരണമടഞ്ഞു.പ്രോവിഡന്റ് ഫണ്ടോ,ഗ്രാറ്റുവിറ്റിയോ അങ്ങനെ ഒരു ആനുകൂല്യവും ലഭിക്കാത്ത അവരുടെ കുടുംബാംഗ

**സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കിയിരുന്ന മുൻ യുപിഎ സർക്കാരും, വർഗ്ഗീയതയുടെ മേമ്പൊടി ചാർത്തി അതേ നയങ്ങൾ വളരെ വേഗതയിൽ നടപ്പാക്കുന്ന ഇപ്പോഴത്തെ എൻ.ഡി.എ സർക്കാരും ഇക്കാര്യത്തിൽ എടുക്കുന്ന നിലപാടുകൾ ജീവനക്കാരെ നിരാശപ്പെടുത്തുന്നതാണ്. GST, FRDI നിയമങ്ങളിലെന്നതുപോലെ ഗ്രാറ്റുവിറ്റി ഭേദഗതിയും പാർലമെണ്ടിന് പുറത്താകുന്നു. ജനങ്ങൾ പോലുമറിയാതെ ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറുകയാണോ?**

ങ്ങൾ കോടതിയെ സമീപിച്ചു. സുപ്രീം കോടതി വരെ എത്തിയ പ്രസ്തുത കേസിൽ ഗ്രാറ്റുവിറ്റി നിയമം പോലും മാറ്റാതെ ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ കവർന്നെടുത്ത സർക്കാരിനെ കോടതി രൂക്ഷമായ ഭാഷയിൽ വിമർശിച്ചു.

തുടർന്ന് കേസിന് പോയ ജീവനക്കാരുടെ ആശ്രിതർക്ക് ഗ്രാറ്റുവിറ്റി ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നിർബ്ബന്ധിതരായി.

### നോക്കുകുത്തിയാകുന്ന പാർലമെണ്ട്

സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കിയിരുന്ന മുൻ UPA സർക്കാരും, വർഗ്ഗീയതയുടെ മേമ്പൊടി ചാർത്തി അതേ നയങ്ങൾ വളരെ വേഗതയിൽ നടപ്പാക്കുന്ന ഇപ്പോഴത്തെ NDA സർക്കാരും ഇക്കാര്യത്തിൽ എടുക്കുന്ന നിലപാടുകൾ നമ്മൾ ഒന്ന് പരിശോധിക്കണം.2004 ൽ ഗ്രാറ്റുവിറ്റി മൂന്നര ലക്ഷമായിരുന്നു.പുതിയ ജീവനക്കാരുടെ ഗ്രാറ്റുവിറ്റി നിറുത്തലാക്കിയിട്ട് 2010ൽ അത് 10 ലക്ഷമായി ഉയർത്തി. 2016ൽ പുതിയ പെൻഷൻ പദ്ധതിയിലെ അംഗങ്ങളായ കേന്ദ്ര ജീവനക്കാർക്കും ഗ്രാറ്റുവിറ്റി നൽകാൻ സർക്കാർ തീരുമാനിച്ചു. തുടർന്ന് പരിധി 20 ലക്ഷമായി ഉയർത്തി. ഇപ്പോൾ നിയമം ഭേദഗതി ചെയ്യുന്നു.ഇനി ഇങ്ങനെയുള്ള മാറ്റം സർക്കാർ വിജ്ഞാപനത്തിലൂടെ നടപ്പിലാക്കാമെന്ന്. 2004 ൽ ഗ്രാറ്റുവിറ്റി നിയമത്തിലെ വരികൾ ഇതേ തരത്തിലായിരുന്നെങ്കിലോ? ഇന്ന് ഇങ്ങനെയൊരു ഭേദഗതി ആവശ്യമുണ്ടായിരുന്നോ? പുതിയ ജീവനക്കാർക്ക് ഇന്ന് ഗ്രാറ്റുവിറ്റി ലഭ്യമാകുമായിരുന്നുവോ?

GST, FRDI നിയമങ്ങളിലെന്നതുപോലെ ഗ്രാറ്റുവിറ്റി ഭേദഗതിയും പാർലമെണ്ടിന് പുറത്താകുന്നു. ജനങ്ങൾ പോലുമറിയാതെ ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറുകയാണോ?*

തൊഴിലാളികളും തൊഴിലാളി സംഘടനകളും ജാഗ്രതയോടെ പ്രശ്നങ്ങൾ വിലയിരുത്തേണ്ടിയിരിക്കുന്നു.

**(ബി.ഇ.എഫ്.ഐ.(കേരളം) ജനറൽ സെക്രട്ടറിയാണ് ലേഖകൻ)**

### ചില്ലറ വ്യാപാരമേഖലയിലും എയർ ഇൻഡ്യയിലും

# വിദേശ നിക്ഷേപം അനുവദിക്കുന്നതിനെ പ്രതിരോധിക്കുക: സിഐടിയു

ഒറ്റ ബ്രാന്റ് ചില്ലറ വ്യാപാര മേഖലയിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതുവരെ ഓട്ടോമാറ്റിക് റൂട്ടിൽ 49 ശതമാനം വിദേശനിക്ഷേപം അനുവദിച്ചിരുന്നത് 100 ശതമാന മാക്കാനാണ് ക്യാബിനറ്റ് തീരുമാനം. ഈ നീക്കം ആഭ്യന്തര കമ്പോളത്തേയും ചില്ലറ വ്യാപാര മേഖലയേയും, ചെറുകിട കച്ചവടക്കാരെയുമാണ് ഏറ്റവും കൂടുതൽ ബാധിക്കുക.

ചെറുകിട വ്യാപാരമേഖലയിൽ വിദേശനിക്ഷേപങ്ങൾ കടന്നുവരുന്നതിനെതിരെ നേരത്തേ ശക്തിയായ നിലപാടാണ് ബി.ജെ.പി. സ്വീകരിച്ചിരുന്നത്. ഗുജറാത്ത് മുഖ്യമന്ത്രി യായിരിക്കെ നരേന്ദ്ര മോദിയും ഇതിനെതിരെ ശക്തിയായ പ്രചരണം നടത്തിയിരുന്നതാണ്. ആ നിലപാടിൽനിന്ന് മാറി അതിന് നേരെ എതിരായ സമീപനമാണ് ഇപ്പോൾ അവർ കൈകൊണ്ടിട്ടുള്ളത്. ക്രമേണ ഏക ബ്രാന്റ് മാത്രമല്ല മൾട്ടിബ്രാന്റ് തലത്തിൽ 100 ശതമാനം വിദേശ നിക്ഷേപം അനുവദിക്കുമെന്നാണ് സൂചന.

അതുപോലെ പൊതുമേഖലയിലുള്ള എയർ ഇൻഡ്യയിൽ വിദേശ വിമാന കമ്പനികൾക്ക് 49 ശതമാനം നിക്ഷേപം അനുവദിക്കാനും കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കു കയാണ്. എയർ ഇൻഡ്യയുടെ സ്വകാര്യവൽക്കരണവുമായി മുന്നോട്ടുപോകുന്ന സർക്കാർ പൊതു മേഖലയിലെ ഈ സ്ഥാപനം വിദേശികൾക്കായി വിട്ടുകൊടുക്കാനാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. ഈ തീരുമാനം പുന:പരിശോധിക്കണമെന്ന സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശം പോലും പരിഗണിക്കാൻ സർക്കാർ സന്നദ്ധമല്ല.

സ്വകാര്യവൽക്കരണത്തെ ന്യായീകരിക്കാൻ സർക്കാർ മുന്നോട്ടുവക്കുന്നത് എയർ ഇൻഡ്യക്കുവന്ന വൻ നഷ്ടമാണ് കേന്ദ്രത്തിലെ സർക്കാരുകൾ എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും കൂട്ടിചേർക്കാൻ തയ്യാറെടുപ്പൊന്നുമില്ലാതെ പെട്ടെന്നു തീരുമാനിച്ചതും വിദേശകമ്പനികളിൽ നിന്ന് കുറെ വിമാനങ്ങൾ വാങ്ങിക്കൂട്ടിയതുമൊക്കെയാണ് ഈ നഷ്ടത്തിന് വഴിതുറന്നതെന്ന കാര്യം മറച്ചുവെച്ചാണ് ഇത്തരം പ്രചാരണം സർക്കാർ നടത്തുന്നത്. ഇതിനെല്ലാം ഉത്തരവാദി മാനേജുമെന്റുകളല്ല തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച കേന്ദ്ര സർക്കാരാണെന്ന കാര്യവും അവർ മറച്ചുവെക്കുന്നു. ഈ വെല്ലുവിളികളെല്ലാം അതിജീവിച്ച് കഴിഞ്ഞ 3 വർഷമായി എയർ ഇൻഡ്യ പ്രവർത്തനലാഭം നേടിയിട്ടുണ്ടെന്നതും സ്മരണീയമാണ്.

ദേശീയ സമ്പദ്ഘടനയേയും, തൊഴിൽ അവസരങ്ങളേയും ഇവിടെയുള്ള തൊഴിലാളികളുടെ തൊഴിൽ സുരക്ഷിത ത്വത്തേയും അപകടകരമായ വിധം ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ ഈ നീക്കത്തെ ശക്തിയായി അപലപിക്കുന്നതിനൊപ്പം ഇതിനെതിരെ ശക്തിയായ പ്രതിരോധം ഉയർത്തിക്കൊണ്ടുവരാൻ സി.ഐ.ടി.യു ആഹ്വാനം ചെയ്യുന്നു.

## മുത്തൂറ്റ് ഫിനാൻസ് യൂണിറ്റ് റീജിയണൽ കൺവെൻഷൻ



നോൺ ബാങ്കിംഗ് ആന്റ് പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസോസിയേഷനിലെ മൂത്തൂറ്റ് ഫിനാൻസ് യൂണിറ്റിന്റെ തിരുവനന്തപുരം നോർത്ത്, സൗത്ത് സംയുക്ത റീജിയണൽ കൺവെൻഷൻ സിഐടിയു സംസ്ഥാന സെക്രട്ടറി സ: വി ശിവൻകുട്ടി ഉത്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം കെ എസ് സുനിൽകുമാർ, യൂണിയൻ ഭാരവാഹികളായ നിഷ കെ ജയൻ, മനോജ് കുമാർ, വിഷ്ണു എന്നിവർ സംസാരിച്ചു. ഷോലിത അധ്യക്ഷയായ യോഗത്തിൽ എം എസ് അഭിലാഷ് റിപ്പോർട്ട് അവതരിപ്പിച്ചു. സൗത്ത് റീജിയൺ പ്രസിഡന്റായി മുരുകേശനെയും സെക്രട്ടറിയായി സുമേഷിനെയും നോർത്ത് റീജിയൺ പ്രസിഡന്റായി അശ്വിനേയും സെക്രട്ടറിയായി ലിജു സിംഗിനെയും തെരഞ്ഞെടുത്തു.

# ഓഖി ധനസഹായ രേഖകൾ സംസ്ഥാന സർക്കാർ കൈമാറി

ഓഖി ദുരന്തത്തിൽ മരിച്ച മത്സ്യ തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായമായ 20 ലക്ഷം രൂപ വീതം മരണപ്പെട്ട ഓരോരുത്തരുടെയും ആശ്രിതർക്ക് അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടുള്ള രേഖകൾ മുഖ്യമന്ത്രി വിതരണം ചെയ്തു. കാണാതായ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാര തുക നിലവിലുള്ള നടപടി ക്രമങ്ങൾ ആകെ ലഘൂകരിച്ച് 3 മാസത്തിനുള്ളിൽ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇതിനു പുറമെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയുടെ ചെക്കും കൈമാറി. മരിച്ച 25 തൊഴിലാളികളുടെ 102 ആശ്രിതർക്കാണ് സഹായം നൽകിയത്. ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകിയ ഫിഷറീസ് മന്ത്രി ജെ മെഴ്സിക്കുട്ടയമ്മയും സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രനും ചടങ്ങിൽ പങ്കെടുത്തു.

അടിയന്തിര സഹായം എത്തിക്കുന്നതിന് സർക്കാർ നിർദേശം മാനിച്ച് മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് 121 പേർക്ക് 5000 രൂപ വീതം അപകട ധന സഹായം നേരത്തെ എത്തിച്ചു. ഇതിനു പുറമെ 14 പേർക്ക് 10,000 രൂപ നിരക്കിൽ മരണാനന്തര ചെലവുകൾക്കുള്ള ധനസഹായവും ഡിസംബർ ആദ്യവാരം വിതരണം ചെയ്തു. മരിച്ച മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങളിൽ ഒരാൾക്ക് സർക്കാർ സർവീസിൽ ജോലി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ധാരണയായി. ദുരന്തം മൂലം മാനസികാഘാതം നേരിട്ട കുട്ടികൾക്ക് കൗൺസിലിംഗ് നൽകാൻ തീരുമാനിച്ചു. അതുപോലെ തീരദേശ പോലീസിലേക്ക് നിയമനം നൽകുമ്പോൾ മരിച്ചവരുടെ ആശ്രിതർക്ക് മുൻഗണന നൽകും. വാസയോഗ്യമായ വീടില്ലാത്ത എല്ലാവർക്കും വീടു നൽകുകയും തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമെയാണ് കേരളത്തിലെ മുഴുവൻ മത്സ്യ തൊഴിലാളികൾക്കും 2000 രൂപ വീതം അവരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുകയും ഒരു മാസത്തെ സൗജന്യ റേഷൻ നൽകുകയും ചെയ്തത്.

# പൊതുമേഖല സ്വകാര്യവൽക്കരിക്കാൻ അവകാശമില്ല

കേന്ദ്ര സർക്കാരിന് പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ യാതൊരു അവകാശവുമില്ലെന്ന് ഐഎൻടിയുസിയുടെ ദേശീയ പ്രസിഡന്റ് ജി സഞ്ജീവറെഡ്ഡി അഭിപ്രായപ്പെട്ടു. സർക്കാരിന് അവർ പൊതുമേഖലയിൽ നടത്തിയ നിക്ഷേപത്തിന്റെ മൂന്നിരട്ടിയിലധികം ഇതിനകം തിരികെ കിട്ടിക്കഴിഞ്ഞു. ഇന്ന് ഈ സ്ഥാപനങ്ങളെല്ലാം തൊഴിലാളികളുടെയും ജനങ്ങളുടെയും നിക്ഷേപമാണ്. പൊതുമേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം അനുവദിക്കുന്ന പ്രശ്നമില്ല.

എല്ലാത്തരം കോൺട്രാക്ട് നിയമനങ്ങളും അവസാനിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർധിപ്പിക്കണം. എല്ലാ തൊഴിലാളികൾക്കും പെൻഷൻ ഉറപ്പാക്കണം. തൊഴിൽ നിയമങ്ങളാകെ മാറ്റിമറിച്ച് തൊഴിൽ നയം തന്നെ പൊളിച്ചെഴുതാൻ കേന്ദ്ര സർക്കാർ വ്യഗ്രതപ്പെടുകയാണ്. ഇവിടെ ആദ്യം ചെയ്യേണ്ടത് എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ലഭിക്കുമെന്നുറപ്പാക്കുകയാണ്. റെയിൽവെയിൽ 3 ലക്ഷം ഒഴിവുകളാണ് നികത്തപ്പെടാതെയുള്ളത്. അതിൽ ഒന്നര ലക്ഷത്തോളം ഒഴിവുകൾ സുരക്ഷാ വിഭാഗത്തിലാണ്. അവ നികത്തി യാത്രക്കാരുടെ സുരക്ഷയും റെയിൽവെയുടെ കാര്യക്ഷമതയും ശക്തമാക്കുന്നതിനു പകരം മോഡി സർക്കാരിന്റെ ഇപ്പോഴത്തെ മുന്തിയ പരിഗണന ബുള്ളറ്റ് ട്രെയിൻ ഓടിക്കാനാണ്.



കൊച്ചിയിൽ ജനുവരി 6, 7 തീയതികളിൽ നടന്ന ഐഎൻടിയുസിയുടെ ദേശീയ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ ബിജെപി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ സംയുക്ത പ്രക്ഷോഭം ശക്തമാക്കാൻ ആഹ്വാനം ചെയ്തു. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ അനിശ്ചിതകാല പണിമുടക്കാണ് ഉദ്ദേശിക്കുന്നത്. അതിനു മുന്നോടിയായി ഒഴാഴ്ച നീളുന്ന പ്രചരണ പരിപാടി ദേശീയ തലത്തിൽ സംഘടിപ്പിക്കും.

ബജറ്റ് അവതരിപ്പിക്കുന്ന ദിവസം പ്രതിഷേധ പ്രകടനങ്ങൾ നടത്തും. ഭാവി പരിപാടികൾ തീരുമാനിക്കാനായി ബജറ്റ് പ്രഖ്യാപനങ്ങൾക്കു തൊട്ടുപിറകെ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ യോഗം ചേരുമെന്നും ശ്രീ റെഡ്ഡി പറഞ്ഞു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ശ്രീ ആർ ചന്ദ്രശേഖരനടക്കം പ്രമുഖ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

## വൈദ്യുതിനിയമം 2003

# പ്രതിലോമകരമായ നിയമഭേദഗതി നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിൻവാങ്ങണം

(തിരുവനന്തപുരത്ത് ബി.റ്റി.ആർ മെമ്മോറിയലിൽ വച്ച് നടന്ന വൈദ്യുതി ജീവനക്കാരുടെ ദേശീയ ഫെഡറേഷനുകളും സംസ്ഥാന യൂണിയനുകളും ഉൾപ്പെടുന്ന നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എൻജിനീയേഴ്സ് (എൻ.സി.സി.ഒ.ഇ.ഇ.ഇ) യുടെ ദക്ഷിണ മേഖലാ കൺവെൻഷൻ പാസാക്കിയ പ്രമേയം.)

വൈദ്യുതി മേഖലയിൽ ഇപ്പോൾ നടപ്പാക്കുന്ന എല്ലാ നയനടപടികളും കച്ചവടതാത്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി മാത്രമുള്ളതാണ്. നിർദ്ദിഷ്ട ഭേദഗതി ബില്ലിനെ രാജ്യത്തിലെ ഇരുപതിലധികം സംസ്ഥാനസർക്കാരുകളും എതിർത്തതാണ്. കേന്ദ്ര സർക്കാർ പല കാര്യങ്ങളിലും മാതൃകയാക്കി എടുത്ത് കാട്ടുന്ന ഗുജറാത്ത് പോലും ഈ നിയമഭേദഗതി സാധാരണക്കാരുടെ അവകാശങ്ങളെ ഹനിക്കുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിലവിൽ രാജ്യത്തിന്റെ വൈദ്യുതി ഉത്പാദന ശേഷിയുടെ പകുതിയിലധികം ഉപയോഗരഹിതമായി കിടക്കുന്നതിൽ കൺവെൻഷൻ ആശങ്കപ്രകടിപ്പിച്ചു. അഞ്ച് കോടിയിലധികം കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമ

**നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശം പാർലമെന്റിൽ അവതരിപ്പിക്കുന്ന ദിവസം വൈദ്യുതി ജീവനക്കാരും എൻജിനീയർമാരും രാജ്യവ്യാപകമായി നടത്തുന്ന പണിമുടക്ക് വിജയിപ്പിക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു.**

ല്ലാതിരിക്കുമ്പോഴാണ് ഇത്രയധികം സ്ഥാപിത ശേഷി ഉപയോഗരഹിതമായി കിടക്കുന്നത്. ലൈസൻസില്ലാതെ ഉത്പാദന നിലയങ്ങൾ സ്ഥാപിക്കാൻ അനുമതി നൽകിയത് സ്വകാര്യ കോർപ്പറേറ്റുകൾ സാമ്പത്തിക തിരിമറികൾക്കുള്ള അവസരമായി കാണുകയാണ് ഉണ്ടായത്. കണക്കുകളിൽ കൃത്രിമം കാട്ടി ബാങ്കുകളുടേയും സർക്കാർ ഏജൻസികളുടേയും സമ്പത്ത് വഴി തിരിച്ച് സ്വന്തമാക്കാനുള്ള ഉപാധിയായി ഈ മേഖലയെ മാറ്റിയെടുക്കാൻ കോർപ്പറേറ്റുകൾ ഈ അവസരം വിനിയോഗിച്ചു. സി.എ.ജി യുടെ ഓഡിറ്റിന് സ്വകാര്യമേഖല വിധേയമല്ലാത്തിനാൽ നികുതി പണം എളുപ്പത്തിൽ വഴിതിരിച്ചുവിടാൻ അവർക്കായി. ഇത്തരം ഉത്പാദന നിലയങ്ങൾക്കുവേണ്ടി ഉണ്ടാക്കിയ വൈദ്യുതി വാങ്ങൽ കരാറുകൾ ഈ മേഖലയ്ക്ക് വലിയ ബാധ്യതയായി തീർന്നിരിക്കുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിപോലും ഉപയോഗിക്കാതെ ആയിരക്കണക്കിന് കോടി രൂപ ഫിക്സഡ് ചാർജ്ജ് ഇനത്തിൽ നൽകേണ്ട സ്ഥിതിയാണ് വിതരണ മേഖലയിലെ യൂട്ടിലിറ്റികൾ ഇപ്പോൾ നേരിടുന്നത്. ഈ അവസരത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം കൂടുതൽ കോർപ്പറേറ്റ് അനുകൂല നടപടികൾ ഉന്നം വയ്ക്കുകയും വൈദ്യുതി വിതരണ മേഖലയെ കറന്റും കമ്പിയും ആയി വിഭജിച്ചുകൊണ്ട് കറന്റ് കച്ചവടം സ്വകാര്യ കമ്പനികൾക്ക് മാത്രം വിട്ടുകൊടുക്കുന്ന വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയാണ് കേന്ദ്ര സർക്കാർ. ഈ നീക്കം വൈദ്യുതി ജീവനക്കാർക്കും രാജ്യത്തെ സാധാരണ ജനങ്ങൾക്കും എതിരായിട്ടുള്ളതാണന്നും കൺവൻഷൻ ചൂണ്ടിക്കാട്ടി.

നിർദ്ദിഷ്ട ഭേദഗതി ബിൽ സംബന്ധിച്ച് പരിശോധനയ്ക്ക് നിയോഗിച്ച ഉന്നതതല കമ്മിറ്റിയിൽ കോർപ്പറേറ്റ് പ്രതിനിധികൾ മാത്രമാണ് ഉൾപ്പെട്ടത്. ഇവർ ഈ മേഖലയിലെ ഗുണഭോക്താക്കളായി കണ്ടത് ഫിക്കി, അസോച്ചാം തുടങ്ങിയ കോർപ്പറേറ്റ് സംഘടനകളെയാണ്. ചെറുകിട വ്യവസായികളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും ഉപഭോക്താക്കളെ കണക്കിലെടുക്കാതെയും അവർ നൽകിയ റിപ്പോർട്ട് നീതി ആയോഗ് വേദവാക്യമായി പരിഗണിക്കുന്നുവെന്നും കൺവൻഷൻ അഭിപ്രായപ്പെട്ടു.

നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശം പാർലമെന്റിൽ അവതരിപ്പിക്കുന്ന ദിവസം വൈദ്യുതി ജീവനക്കാരും എൻജിനീയർമാരും രാജ്യവ്യാപകമായി നടത്തുന്ന പണിമുടക്ക് വിജയിപ്പിക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു. രാജ്യത്തെ സാധാരണക്കാരായ ജനങ്ങൾക്ക് വൈദ്യുതിക്കുള്ള അവകാശം നിഷേധിക്കുന്ന നീക്കത്തിനെതിരെ വൈദ്യുതി മേഖലയിലെ ജീവനക്കാരും എൻജിനീയർമാരും നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് എല്ലാ ജനവിഭാഗങ്ങളുടേയും പിന്തുണയും കൺവെൻഷൻ അഭ്യർത്ഥിച്ചു.

# നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എൻജിനീയേഴ്സിന്റെ ദക്ഷിണ മേഖലാ കൺവെൻഷൻ

വൈദ്യുതി ജീവനക്കാരുടെ ദേശീയ ഫെഡറേഷനുകളും സംസ്ഥാന യൂണിയനുകളും ഉൾപ്പെടുന്ന എൻസിസിഇഇഇയുടെ ദക്ഷിണ മേഖലാ കൺവെ ൻഷൻ തിരുവനന്തപുരത്ത് ബിടിആർ മെമ്മോറിയലിൽ വച്ച് നടന്നു. വൈദ്യുതി നിയമം 2003 ന്റെ പ്രതിലോമകരമായ ഭേദഗതി നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടായിരുന്നു കൺവെൻഷൻ. ഇലക്ട്രി സിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് കെ.ഒ. ഹബീബ് അധ്യക്ഷത വഹിച്ച കൺവെൻഷനിൽ EEFI ട്രഷറർ സുബ്രമണ്യം പ്രമേയം അവതരിപ്പിച്ചു. KSEBWA (CITU) സംസ്ഥാന പ്രസിഡന്റ് എളമരം കരിം, ആൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എ.എൻ. രാജൻ, AIPEF ചെയർമാൻ ശൈലന്ദ്ര ദുബൈ, AIPF ജനറൽ സെക്രട്ടറി സമർ സിൻഹ, LPF ജനറൽ സെക്രട്ടറി രത്തിന സഭാപതി, AIFOPDE ജനറൽ സെക്രട്ടറി ആന്റണി പദ്‌രാജ് സൂരി ബാബു, KSEBOA ജനറൽ സെക്രട്ടറി പി.വി. ലതീഷ്, KEEC (INTUC) ട്രഷറർ വി. ഗോപകുമാർ, KEOF പ്രസിഡന്റ് എം.ജി. അനന്തകൃഷ്ണൻ, KSEBEO പ്രസിഡന്റ് അബ്ബാസ്, KPBOF ജനറൽ സെക്രട്ടറി സി.എം. സുനിൽ, KSEBEA പ്രസിഡന്റ് മുഹമ്മദ് ഷെരീഫ്. എന്നിവർ പ്രസംഗിച്ചു. KSEBWA(CITU) ജനറൽ സെക്രട്ടറി കെ. ജയപ്രകാശ് സ്വാഗതവും KEWF (AITUC) ജനറൽ സെക്രട്ടറി എം.പി. ഗോപകുമാർ കൃതഞ്ജതയും രേഖപ്പെടുത്തി.

# എഫ്സിഐ എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം




എഫ്സിഐ എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം എറണാകുളത്ത് സിഒ പൗലോസ് മാസ്റ്റർ നഗറിൽ (പപ്പൻചേട്ടൻ സ്മാരക ഹാൾ) ചേർന്നു. സിഐടിയു അഖിലേന്ത്യാ സെക്രട്ടറി സഖാവ് കെ ചന്ദ്രൻപിള്ള സമ്മേളനം ഉത്ഘാടനം ചെയ്തു. തൊഴിലാളികളുടെ പ്രശ്നങ്ങളോട് കേന്ദ്ര സർക്കാർ മുഖം തിരിക്കുകയാണെന്നും എഫ്സിഐ യെ അതിവേഗം സ്വകാര്യവൽക്കരിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നതെന്നും സ: ചന്ദ്രൻപിള്ള ഉത്ഘാടന പ്രസംഗത്തിൽ പറഞ്ഞു. സർക്കാർ നയങ്ങളുമായി മുഖാമുഖം ഏറ്റുമുട്ടുന്ന ട്രേഡ് യൂണിയൻ ഐക്യം എഫ്സിഐയിൽ ഉയർന്നു വരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അസോസിയേഷൻ പ്രസിഡന്റ് സ: എ സമ്പത്ത് അധ്യക്ഷനായ സമ്മേളനത്തിൽ സ: സാമുവൽ ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറി സ: കെ എൻ ഗോപിനാഥ് ആശംസാ പ്രസംഗം നടത്തി. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ സ്വകാര്യവൽക്കരിക്കണമെന്ന് നിർദേശിക്കുന്ന ശാന്തകുമാർ കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. കേരളത്തിന് വെട്ടിക്കുറച്ച റേഷൻ വിഹിതം പുനസ്ഥാപിക്കുക, ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കുക ആശ്രിത നിയമനം നടത്തുക തുടങ്ങിയ ആവശ്യങ്ങളും സമ്മേളനം മുന്നോട്ടു വച്ചു. **ഭാരവാഹികൾ:** എ സമ്പത്ത് എം.പി (പ്രസിഡന്റ്), ജിബിൻ വർഗീസ് (ജനറൽ സെക്രട്ടറി), പി സുരേഷ് കുമാർ, ഹജ്റ അബ്ബാസ് (സെക്രട്ടറിമാർ), എം വിനോദ്, കെ പി ചിത്ര (വൈസ് പ്രസിഡന്റുമാർ, സാമുവൽ ജോസഫ് (ഓർഗനൈസിംഗ് സെക്രട്ടറി) എന്നിവരെയും 15 അംഗ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.

# ഹിന്ദുസ്ഥാൻ ലാറ്റെക്സ് സ്വകാര്യവൽക്കരണത്തിനെതിരെ തൊഴിലാളികൾ സമരത്തിൽ

മിനിരത്ന കമ്പനികളുടെ ശ്രേണിയിൽ ഉൾപ്പെടുന്ന പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ എല്ലാ വിഭാഗം തൊഴിലാളികളുടെ പിന്തുണയോടെ സമരം ശക്തിപ്പെട്ടുവരികയാണ്. കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നീക്കത്തിനെതിരായി സംയുക്ത ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ: എളമരം കരീം, സംസ്ഥാന ട്രഷറർ സ: പി നന്ദകുമാർ, സംസ്ഥാന സെക്രട്ടറി സ: വി ശിവൻകുട്ടി, ഐഎൻടിയുസി നേതാവ് കൊടിക്കുന്നിൽ സുരേഷ് എംപി എന്നിവർ പങ്കെടുത്ത് അഭിവാദ്യം ചെയ്തു. നീതി ആയോഗ് കുത്തകകളുടെ പ്രതിനിധിയായി പ്രവർത്തിക്കുകയാണെന്ന് മിനിരത്ന കമ്പനികളുടെ ശ്രേണിയിൽപെടുന്ന ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ചെറുക്കാൻ




എല്ലാ വിഭാഗം തൊഴിലാളികളും ഒന്നിക്കണമെന്നും എളമരം കരീം ആവശ്യപ്പെട്ടു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ കുത്തക മുതലാളിമാർക്ക് തീറെഴുതാനുള്ള നീക്കത്തിന്റെ ഭാഗമാണിതെന്നും അദ്ദേഹം പറഞ്ഞു. സി ജയൻബാബു, പട്ടം വാമദേവൻ, കെ എസ് സുനിൽകുമാർ എന്നിവരും യോഗത്തെ അഭിവാദ്യം ചെയ്തു.

---



സിഐടിയു തൃശ്ശൂർ ജില്ലാ കമ്മിറ്റി ജില്ലയിലെ തൊഴിലാളികളിൽ നിന്ന് സർക്കാരിന്റെ ഓഖി ദുരിതാശ്വാസ ഫണ്ടിലേക്ക് സ്വരൂപിച്ച നാല് ലക്ഷത്തി നാലായിരത്തി മുന്നൂറ്റി ഇരുപത്തിരണ്ട് രൂപയുടെ ചെക്ക് ജനുവരി 6 ന് തൃശ്ശൂർ അഴിക്കോടൻ സ്മാരകമന്ദിരത്തിൽ വെച്ച് വ്യവസായ വകുപ്പ് മന്ത്രി ശ്രീ.എ.സി.മൊയ്തീന് സി.ഐ.ടി.യു ജില്ലാ സെക്രട്ടറി സ:യു.പി. ജോസഫ് കൈമാറി. സി.ഐ.ടി.യുവിന്റെ ജില്ലയിലെ പ്രമുഖ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

---




സ്കീം വർക്കേഴ്സിന്റെ സംയുക്ത ദേശീയ പണിമുടക്കിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന ധർണ സിഐടിയു സംസ്ഥാന സെക്രട്ടറി വി ശിവൻകുട്ടി ഉത്ഘാടനം ചെയ്യുന്നു.